# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

6 **അല്ലാഹുവിന്റെ അസ്തിത്വം**
ഹദ്റത്ത് അഹ്മദ് (അ)

**ഖുത്ബ**

7 **പെരുന്നാളാഘോഷിക്കാനുള്ള അർഹത**
ഖലീഫത്തുൽ മസീഹ് - II

**ലേഖനം**

9 **'ജിന്ന്' എന്താണ്?**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

11 **ദിവ്യവെളിപാടുകൾ വഴി ജ്ഞാനപ്രകാശം**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

14 **ഭാഷയും ആശയവിനിമയവും**
എ.എം. മുഹമ്മദ് സലിം

18 **ഒരു സൂര്യോദയം കാത്തിരിക്കുന്ന പശ്ചിമചക്രവാളം**
മുഹമ്മദു ഉമർ എച്ച്.എ.

21 **ഇസ്‌ലാമിക പർദ്ദ**
ആരിഫ് മുഹമ്മദ് ബി.എം.

23 **'ബറാഹീനെ അഹ്മദിയ്യ' - ഒരു ദിവ്യഗ്രന്ഥം**
എ.ക്യു. മഹ്ദി

25 **കമ്മീഷൻ - വിവരങ്ങൾ ശേഖരിച്ച ഉറവിടങ്ങൾ**
ഡോ. ജോനതൻ എൻസർ, യു.കെ.

28 **മുഹമ്മദ് നബി(സ)യെ നിരാകരിച്ച് ഖുർആനെ സ്വീകരിക്കാമോ?**
കെ. അബ്ദുൽ ഹക്കീം, കസുവ

31 **ജ്ഞാനാമൃതത്തിന് മുന്നിൽ കൈക്കുമ്പിളുമായി**
പ്രൊഫ. ബി. മഹ്മൂദ് അഹ്മദ്

34 **സ്റ്റോക്ക് മാർക്കറ്റും ബിസിനസ്സ് കോർപറേഷനുകളും**
ഹാഷിം അഹ്മദ്

**കവിത**

33 **മൈത്രി**
എസ്.വി. സൈനുദ്ദീൻ

**പുസ്തകപരിചയം**

37 **ഖാദിയാൻ: ഹൃദയചുംബനം ഏറ്റുവാങ്ങുന്ന പുണ്യദേശം**
എ.എം.

**കുറിപ്പുകൾ**

38 **ശാസ്ത്രവും ഇതിഹാസവും ഏറ്റുമുട്ടുമ്പോൾ**
**വാർത്തകൾ, അനുസ്മരണം**



പുസ്തകം 79
ലക്കം 10
ഒക്ടോബർ 2007
ഇഖാഅ് 1386
റംസാൻ - ശവ്വാൽ 1428



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 120 ക.
ഒറ്റപ്രതി - 12 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

ഇതിന് മുമ്പായി എന്തെങ്കിലും ശിക്ഷ കൊണ്ടു നാം അവരെ നശിപ്പിച്ചിരുന്നുവെങ്കിൽ അവർ പറയുമായിരുന്നു, ഞങ്ങളുടെ നാഥാ! നീ എന്തുകൊണ്ട് ഞങ്ങളിലേക്ക് ഒരു ദൂതനെ അയച്ചുതന്നില്ല? എങ്കിൽ ഞങ്ങൾ നിന്ദ്യരും അപമാനിതരും ആകുന്നതിനു മുമ്പായി ഞങ്ങൾ നിന്റെ ദൃഷ്ടാന്തങ്ങൾ പിന്തുടരുമായിരുന്നുവല്ലോ.

**(20: 136)**

## നബിവചനം

ഞാൻ ആദ്യത്തിലും മസീഹ് ബ്നു മറിയം അവസാനത്തിലും ഉള്ള ഒരു സമുദായം നശിക്കാവുന്നതെങ്ങനെ?

**(ഇബ്നു മാജ)**

**യുഗശബ്ദം**

# നാശത്തിനുമുമ്പ് രക്ഷകൻ



**വാഗ്ദത്ത മസീഹ് (അ)**

ഇസ്‌ലാമിന്റെ ആഭ്യന്തര സ്ഥിതിയെ സംബന്ധിച്ച് യാതൊരാൾക്കും തൃപ്തനാകാൻ സാധ്യമല്ല. ഇസ്‌ലാമിന്നുനേരെയുള്ള പുറമേനിന്നുമുള്ള ആക്രമണം അതീവഗുരുതരമാണ്. ഇസ്‌ലാമിനെ വേരോടെ പിഴുതെറിയുന്നത് പോലെയുള്ളതാണത്. ദൈവം ഇസ്‌ലാമിനെ പിന്തുണയ്ക്കാൻ വേണ്ടി ഒരാളെ അയക്കേണ്ട സന്ദർഭമിതല്ലേ? ഇസ്‌ലാം എന്ന നൗകയുടെ നിയന്ത്രണമേറ്റെടുക്കാൻ ഒരു പരിഷ്കർത്താവിനെ ദൈവം അയക്കാതിരിക്കുമോ? (പതിനാലാം) നൂറ്റാണ്ട് തുടക്കം കുറിച്ചു കഴിഞ്ഞു. പക്ഷേ, എല്ലാ വാഗ്ദാനങ്ങളും സാക്ഷാത്കരിക്കപ്പെടാതെ ഇരിക്കുകയും ചെയ്യുന്നു. അത് കാരണം ഈ കാലത്ത് പോലും ദൈവം ഇസ്‌ലാമിന്റെ സംരക്ഷണമേറ്റെടുക്കുന്നില്ലേ എന്ന് നിങ്ങൾ ചോദിക്കും. ഇതിനേക്കാൾ ഭയാനകവും കലാപകലുഷിതവുമായ ഒരു കാലഘട്ടം ഇസ്‌ലാമിന് വരാനുണ്ടോ? ഇസ്‌ലാം ജീവന്റെ ഒരംശം പോലും അവശേഷിക്കാത്തവിധം പൂർണമായും നശിച്ചതിന്ശേഷം പുനരുജ്ജീവനത്തിനായി ഒരാൾ വരുമെന്നാണോ നിങ്ങൾ കരുതുന്നത്? അങ്ങനെ ഒരാൾ വന്നത് കൊണ്ട് എന്താണ് പ്രയോജനം? അതിന്റെ ഉദ്ദേശവുമെന്താണ്?

ഓർക്കുക, ഞാൻ ഒരു വ്യാജവാദിയാണെങ്കിൽ ഇസ്‌ലാംമതവും വ്യാജമാണ്. മറ്റുള്ള മതങ്ങളെപ്പോലെ ഇസ്‌ലാമും ഒരു മരിച്ച മതമാണെങ്കിൽ ഇസ്‌ലാമിന്റെ മഹത്വം പിന്നെയെന്താണ്? അതിന്റെ വ്യതിരിക്തത പിന്നെയെന്താണ്? ***(മൽഫൂസാത്ത് വോ. 10 പേ. 304)***

മുഖക്കുറിപ്പ്

# ഈദുൽഫിത്വ്ർ കാരുണ്യത്തിന്റെ സുദിനം

വാനപ്പരപ്പിൽ ചന്ദ്രക്കലയുടെ അടയാളവുമായി ഈദുൽ ഫിത്വ്ർ സമാഗതമാവുകയാണ്. ഒരു മാസത്തെ വ്രതശുദ്ധി വിശ്വാസികളുടെ ആത്മാവിലും ശരീരത്തിലും സൃഷ്ടിച്ച ആത്മീയ തേജസ്സിന്റെ ആഘോഷമാണ് ഈദുൽ ഫിത്വ്ർ.

സ്രഷ്ടാവായ ദൈവത്തിന്റെ ഏകത്വവും ഔന്നത്യവും ആവർത്തിച്ചാവർത്തിച്ച് വാഴ്ത്തിക്കൊണ്ട് തക്ബീർ ധ്വനികളോടെ ആരംഭിക്കുന്ന ഈദു സുദിനം മതപരമായ ആഘോഷങ്ങളുടെ ഉത്തമമാതൃകയാണ്. സന്തോഷത്തിന്റേയും ആഹ്ലാദത്തിന്റേയും ആ ദിനത്തിൽ ഒരു മനുഷ്യനും പട്ടിണിക്കാരനോ ദാരിദ്ര്യത്താൽ ദുഃഖിതനോ ആയിരിക്കാൻ പാടുള്ളതല്ല. അതിന്നാണ് റമദാനിൽ വിശപ്പിന്റെ വേദനയും പാരവശ്യവും അനുഭവിച്ചറിഞ്ഞ വിശ്വാസികളോട് പാവങ്ങൾക്ക് വേണ്ടി ഫിത്വ്ർ സക്കാത്ത് എന്ന നിർബന്ധ ദാനം നൽകാൻ ഇസ്‌ലാം നിഷ്കർഷിച്ചത്. ഇസ്‌ലാമിലെ നിർബന്ധ ദാനമായ സക്കാത്ത് വിതരണത്തിന് പരിശുദ്ധ റമദാനെയാണ് വിശ്വാസികൾ തിരഞ്ഞെടുക്കുന്നത്. കൂടാതെ നോമ്പെടുക്കാൻ കഴിയാത്തവർ പ്രായശ്ചിത്തമായി 'ഫിദിയ' നൽകാനും മറ്റു ദാനധർമ്മങ്ങൾ നിർവ്വഹിക്കാനും ഇസ്‌ലാം ആഹ്വാനം ചെയ്യുന്നു. റമദാന്റെ അവസാനനാളുകളിൽ പ്രചണ്ഡമാരുതനെപ്പോലെ കാരുണ്യവാന്മാരിൽ കാരുണ്യവാനായ റസൂൽ തിരുമേനി (സ) ഉദാരനാവുമായിരുന്നു. പരിശുദ്ധ ഇസ്‌ലാമിന്റെ സഹജമായ മനുഷ്യസ്നേഹത്തിന്റെ സന്ദേശം ഈദുൽഫിത്വ്റിനെ കാരുണ്യത്തിന്റെ ഒരു മഹാസുദിനമാക്കി മാറ്റുന്നു.

ആഘോഷവേളകളിൽ മതിമറന്നുല്ലസിക്കുക എന്നത് മനുഷ്യന്റെ ദൗർബല്യമാണ്. വിവേചനബോധത്തോടെയുള്ള വിനോദപ്രദമായ ആസ്വാദനങ്ങളേയും സന്തോഷങ്ങളേയും ഇസ്‌ലാം അംഗീകരിക്കുന്നു. പക്ഷേ, നന്മയും സൽപ്രവൃത്തികളും ചെയ്യുമ്പോൾ മനുഷ്യാത്മാവ് അനുഭവിക്കുന്ന സന്തോഷവും സംതൃപ്തിയുമാണ് ഇസ്‌ലാം ആത്മാർത്ഥമായും കാംക്ഷിക്കുന്നത്. റസൂൽ തിരുമേനി(സ) മദീനയിൽ ചെന്നപ്പോൾ വിനോദത്തിനും ഉല്ലാസത്തിനും വർഷത്തിൽ രണ്ടു ദിവസം നീക്കിവെച്ച് മദീനാവാസികൾ ഉത്സവമായി ആഘോഷിച്ചിരുന്നു. അവിടുന്ന് അവരോട് അരുളി: ***"നിങ്ങളുടെ ഈ രണ്ട് ദിവസത്തിനു പകരം അല്ലാഹു നിങ്ങൾക്ക് മറ്റു രണ്ട് ദിവസം നിശ്ചയിച്ചുതന്നിരിക്കുന്നു. ഈദുൽ ഫിത്വ്ർ ദിനവും ഈദുൽ അദ്ഹാ ദിനവും (അബൂദാവൂദ്).***

മനുഷ്യന്റെ ആഘോഷങ്ങൾക്ക് ആത്മീയ ചൈതന്യം പകർന്ന് കൊണ്ട് വീണ്ടും വീണ്ടും വന്നെത്തുന്ന ഈദുൽ ഫിത്വ്റിന് സ്വാഗതം.

***എല്ലാ വായനക്കാർക്കും സത്യദൂതന്റെ ഈദുൽഫിത്വ്ർ ആശംസകൾ.*** ●

# അല്ലാഹുവിന്റെ അസ്തിത്വം

## ഹദ്റത്ത് അഹ്മദ് (അ)

വിശുദ്ധ ഖുർആന്റെ പാഠമനുസരിച്ച് അല്ലാഹു ആകാശത്തിലുള്ളതുപോലെ ഭൂമിയിലും ഉണ്ടെന്നുള്ളത് നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. ഖുർആൻ പറയുന്നു: ***"ഭൂമിയിലുള്ള അതേ ദൈവം തന്നെയാണ് ആകാശത്തുള്ളതും." (43:85)*** വീണ്ടും പറയുന്നു: ***'മൂന്ന് പേരടങ്ങുന്ന ഏതെങ്കിലും ഒരു രഹസ്യ കൂടിയാലോചനയിൽ നാലാമനായി അല്ലാഹുവും അവരോടൊപ്പമുണ്ട്. (58:8)*** അല്ലാഹു മറ്റൊരിടത്ത് പറയുന്നു: ***"ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല. എന്നാൽ അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു." (6:104)"*** ഇതനുസരിച്ച് അവൻ അപരിമിതനാകുന്നു. അതുപോലെ ഖുർആൻ പറയുന്നു. ***"നാം ജീവനാഡിയേക്കാൾ അവനുമായി അടുത്താണ്." (50:17)*** വേറൊരിടത്ത് ഖുർആൻ പറയുന്നു: ***''അല്ലാഹു സർവ്വ വസ്തുക്കളുടെ മേലും വലയം ചെയ്തിരിക്കുന്നവനാകുന്നു: തീർച്ചയായും മനഷ്യനും അവന്റെ ഹൃദയത്തിനുമിടയിൽ അല്ലാഹു മറയായി നിൽ ക്കുന്നു (8:25).*** വീണ്ടും പറയുന്നു: "അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാണ് " (24:36) വീണ്ടും ഖുർആൻ പറയുന്നു: ***''ആകാശഭൂമികളുടെ പ്രകാശം അവന്റെ മുഖത്തിന്റെ തിളക്കമാണ്. ഇതൊഴികെ ബാക്കിയെല്ലാം അന്ധകാരമാകുന്നു."*** വീണ്ടും പറയുന്നു. ***"എല്ലാ വസ്തുക്കളും നശ്വരവും, പരിവർത്തനവിധേയവുമാണ്. ശാശ്വതമായി നിലനിൽക്കുന്നവൻ ദൈവം മാത്രമാണ്" (55:27)*** അതായത് എല്ലാ വസ്തുക്കളും മരണത്തേയും മാറ്റത്തേയും സ്വീകരിക്കുന്നു. എന്നാൽ സർവ്വവസ്തുക്കളിലും നാശവും പരിവർത്തനവും സംജാതമാകുമ്പോൾ ഈ ആകാശഭൂമിയിൽ യാതൊരുവിധ നാശത്തിനും പരിവർത്തനത്തിനും വിധേയമാകാതെ അതേ അവസ്ഥയിൽ തന്നെ നിലനില്ക്കുന്ന ഒരു സത്തയുണ്ടെന്ന് അംഗീകരിക്കാൻ മനുഷ്യപ്രകൃതം നിർബന്ധിതമായിത്തീരുന്നു. അവനാണ് ദൈവം. എന്നാൽ പാപങ്ങളും അശുദ്ധമായ കർമ്മങ്ങളും ഈ ഭൂമിയിൽ പ്രകടമാകുന്നു. അല്ലാഹുവിനെ ഭൂമിയിൽ മാത്രമായി പരിമിതപ്പെടുത്തുന്നവർ അവസാനം ഹിന്ദുക്കളെപ്പോലെ സൃഷ്ടിപൂജകരും, വിഗ്രഹാരാധകരും ആയി തീരുന്നു. ആയതിനാൽ ഖുർആൻ ഒരു ഭാഗത്ത് ദൈവത്തിന് തന്റെ സൃഷ്ടികളുമായി ശക്തമായ ബന്ധം ഉണ്ടെന്നും അവൻ ജീവനുള്ള സകല വസ്തുക്കളുടേയും ജീവനാണെന്നും ഓരോ വസ്തുവും അവന്റെ ആശ്രയത്തിലാണെന്നും വിശദീകരിച്ചിരിക്കുന്നു. മറുഭാഗത്ത് മനുഷ്യരുമായുള്ള അവന്റെ ബന്ധത്തിൽ നിന്ന്, മനുഷ്യൻ സ്വയം ദൈവമാണെന്ന് വേദാന്തികൾ മനസ്സിലാക്കിയതുപോലെ ഒരാളും മനസ്സിലാക്കാതിരിക്കാനും, ഇത്തരം തെറ്റിൽ നിന്നും സംരക്ഷിച്ചു നിർത്തുന്നതിനും വേണ്ടി, അവൻ എല്ലാത്തിനേക്കാൾ ഉപരിയും, സർവ്വ സൃഷ്ടികളിൽ നിന്നും അതിവിദൂരമായ സ്ഥാനത്ത് നിലകൊള്ളുന്നവനാണെന്നും പറഞ്ഞിരിക്കുന്നു. ശരീഅത്തിന്റെ സാങ്കേതികഭാഷയിൽ ഈ സ്ഥാനത്തെയാണ് അർശ് എന്നു പറയുന്നത്. അർശ് സൃഷ്ടിക്കപ്പെട്ട ഒരു വസ്തുവല്ല. മറിച്ച് അതിവിദൂരതയിലുള്ള അതീന്ദ്രിമായ ഒരു സ്ഥാനത്തിന്റെ പേരാണത്. മനുഷ്യൻ ഇരിക്കുന്നതുപോലെ അതിൽമേൽ ദൈവം ഇരിക്കുന്നുവെന്ന് സങ്കൽപിക്കാവുന്ന ഒരു സിംഹാസനമല്ല അത്. മറിച്ച് പരമപരിശുദ്ധവും, പവിത്രവും, സൃഷ്ടികളിൽ നിന്ന് അതിവിദൂരതയിലുള്ളതുമായ സ്ഥാനത്തെയാണ് അർശ് എന്നു പറയുന്നത്. വിശുദ്ധ ഖുർആൻ പറയുന്നതുപോലെ, അല്ലാഹു എല്ലാവരുമായിട്ട് സ്രഷ്ടാവും, സൃഷ്ടികളും എന്ന നിലയിലുള്ള ബന്ധത്തെ നിലനിർത്തിയതിനുശേഷം അവൻ അർശിൽ നിലയുറപ്പിച്ചു. അതായത് സൃഷ്ടികളുമായിട്ട് ഇടകലരാതെ സർവ്വബന്ധങ്ങൾക്ക് ശേഷവും അവൻ വേറിട്ട് തന്നെയിരിക്കുന്നു.

**ചെശ്മെ മഅ്രിഫത്ത് പേജ് - 89, 90**
**വിവ: എം.എൻ. ഖാൻ, വാഴക്കാല**

ഖുത്ബ

# പെരുന്നാളാഘോഷിക്കാനുള്ള അർഹത


## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

ഖലീഫത്തുൽ മസീഹ് II


ഈദ് അഥവാ പെരുന്നാൾ പാഠങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് ഇതിന് മുമ്പേയും പല അവസരങ്ങളിലും നിങ്ങളോട് ഞാൻ പറഞ്ഞിട്ടുള്ളതാണ്. ഉപദേശങ്ങളുടെ മുകളിലൂടെ നടക്കുകയും എന്നാൽ അതിൽ നിന്ന് ഉപദേശം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഒന്നിനും കൊള്ളാത്തവനാണ്. സന്തോഷകരമായ കാര്യങ്ങളിൽ നിന്ന് ഉപദേശം സ്വീകരിക്കാത്തവനെ അല്ലാഹു സന്താപം കൊണ്ട് പാഠം പഠിപ്പിക്കുന്നു. സത്യവിശ്വാസി ഏറ്റവും ഉന്നതമായ കാര്യങ്ങളിൽ നിന്ന് ഗുണപാഠം സ്വീകരിക്കുന്നു. അവയിൽ ചിലത് നിങ്ങളോട് പറയാൻ ഞാനാഗ്രഹിക്കുകയാണ്. നിങ്ങൾ അതിൽ നിന്ന് ഫലമെടുക്കുകയാണെങ്കിൽ നിങ്ങളിൽ മഹത്തായ മാറ്റമുണ്ടാകുന്നതാണ്. എത്രത്തോളമെന്നാൽ, യഥാർത്ഥമായ പെരുന്നാൾ കൊണ്ടാടുംവിധമുള്ള വമ്പിച്ച പരിവർത്തനം പ്രകടമാകുന്നതാണ്.

മനസ്സിന് സന്തോഷമില്ലെങ്കിൽ പെരുന്നാൾ ഉണ്ടാകുകയില്ല. മരണവീട്ടിൽ പെരുന്നാൾ ആഘോഷിക്കാൻ കഴിയുമോ? മയ്യിത്ത് കിടക്കുന്ന വീട്ടിൽ പെരുന്നാളില്ല. ലോകരുടെ സന്തോഷം അവർക്ക് സന്തോഷം നല്കുകയില്ല. തന്റെ ഭർത്താവിന്റെ ചേതനയറ്റ ശരീരം കണ്ടുകൊണ്ടിരിക്കുന്ന സ്ത്രീയുടെ മുമ്പിൽ, ലോകത്തുള്ള എല്ലാ രാജാക്കന്മാരും സംഘടിച്ച് സന്തോഷം കൊണ്ടാടിയാലും തങ്ങളുടെ ആനന്ദാരവങ്ങൾ കൊണ്ട് ആകാശത്തേക്ക് ഉയർത്തിയാലും അവളുടെ വിലാപശബ്ദത്തെ അടക്കിനിറുത്താൻ കഴിയില്ല. കാരണം അവൾക്ക് ദുഃഖമാണ്. ഇപ്രകാരം തന്നെ പിതാവിന്റെ മൃതശരീരത്തിന്നരികിൽ ഇരിക്കുന്ന കുട്ടിയ്ക്ക് ഭൗതികമായ ഒരു സന്തോഷവും തോന്നുകയില്ല. മനസ്സ് മുറിവുകൊണ്ട് പിടയ്ക്കുന്നവന് ഒരു സന്തോഷവും അനുഭവപ്പെടുകയില്ല. ആയിരക്കണക്കിനാളുകൾ സദാ ചുറ്റും കൂടുകയും ജീവിതത്തിന് എല്ലാവിധ സൗകര്യങ്ങളും ലഭിക്കുകയും ചെയ്തിട്ടുള്ള സിംഹാസനാരൂഢനായ ഒരാളുടെ മേൽ ഭയാനകമായ ആക്രമണം വരികയാണെങ്കിൽ, ഈ വരാൻ പോകുന്ന നാശം പേടിപ്പെടുത്തുന്ന രൂപത്തിൽ അയാളുടെ സമാധാനം കെടുത്തുന്നതാണ്. ആ അപകടം ആസന്നമായി നിലനില്ക്കുമ്പോൾ ഒന്നും അയാളെ സന്തോഷിപ്പിക്കുകയില്ല.

ഈദ് മനഃസന്തോഷത്തിന്റെ പേരാണ്. മനസ്സിന് സന്തോഷമില്ലാത്തവന് പെരുന്നാളില്ല. ഇനി ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കുകയാണ്. നിങ്ങൾ ഇന്ന് സന്തോഷവാന്മാരാണ്. നിങ്ങളിൽ ഓരോരുത്തരും ഇന്ന് പെരുന്നാളാണെന്ന് പറയും. ഇന്നത്തേയും ഇന്നലെത്തേയും ദിനങ്ങൾ തമ്മിൽ നിങ്ങൾക്ക് വല്ല വ്യത്യാസവുമുണ്ടോ? ഇന്നലത്തേതുപോലെ തന്നെയാണ് ഇന്നും; ഇന്നലത്തെ അതേ അവസ്ഥ. പുതിയ വസ്ത്രങ്ങൾ അണിഞ്ഞതുകൊണ്ടും നല്ല ഭക്ഷണം ഉണ്ടാക്കിയതുകൊണ്ടുമാണോ സന്തോഷിക്കുന്നത്. ഇതുകൊണ്ടാണ് സന്തോഷിക്കുന്നതെങ്കിൽ ഇന്നലെ പുതിയ വസ്ത്രം അണിയാനും നല്ല ഭക്ഷണം ഉണ്ടാക്കാനും കഴിയുമായിരുന്നില്ലേ? പിന്നെന്തിന് നിങ്ങൾ ഇന്ന് സന്തോഷവാന്മാരായത്? ആളുകളെല്ലാം ഒത്തുചേർന്നതുകൊണ്ടാണോ? ഇന്നലെയും ഒത്തുചേരാമായിരുന്നല്ലേ? ഇനി നിങ്ങൾ സന്തോഷിക്കാനുള്ള കാരണമെന്താണെന്ന് നിങ്ങൾക്കറിയുമോ? അല്ലാഹു നിങ്ങളിൽ ഒരു കാര്യം നിർബന്ധമാക്കിയിരുന്നു, അത് നിങ്ങൾ പൂർത്തിയാക്കിയ കാരണത്താലാണ് നിങ്ങൾ ഇന്ന് സന്തോഷിക്കുന്നത്. ഇത് നിങ്ങൾ എത്രത്തോളം ആഘോഷിക്കുകയാണെങ്കിലും അത് അനുവദനീയമാണ്. അല്ലാഹുവിന്റെ കല്പനയെ നിറവേറ്റിയവനേ ഈദ് സന്തോഷം പകരുകയുള്ളൂ. റമസാനിൽ നോമ്പു പിടിക്കാൻ കല്പിച്ചിരുന്നു. ഒരു പ്രത്യേക സമയം തൊട്ടു പ്രത്യേക സമയം വരെ ഭക്ഷണം കഴിക്കരുതെന്ന് വിലക്കിയിരുന്നു. അനുവദിച്ച സമയത്തല്ലാതെ ഭാര്യയുടെ അടുത്ത് പോകരുതെന്നും കല്പിച്ചിരുന്നു. നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്നും അവനെ കൂടുതൽ കൂടുതൽ ആരാധിക്കണമെന്നും നിർബന്ധസാഹചര്യം ഉണ്ടായാലൊഴികെ നോമ്പ് ഒഴിവാക്കരുതന്നും അവൻ ആഗ്രഹിച്ചിരുന്നു. ഈ കല്പന നിറവേറ്റാതിരിക്കുകയും

അന്നപാനീയങ്ങൾ ഒരു പ്രത്യേക സമയത്തേക്ക് ഉപേക്ഷിക്കാതിരിക്കുകയും അല്ലാഹുവിനോട് പ്രാർത്ഥിക്കാതിരിക്കുകയും ആരാധനാകർമ്മങ്ങളിൽ സമയം ചെലവഴിക്കാതിരിക്കുകയും ചെയ്തവർ എങ്ങനെ സന്തോഷിക്കാനാണ്. എന്തുകാരണത്താലാണ് അവൻ സന്തോഷിക്കുന്നത്. അനവസരത്തിൽ അനാവശ്യമായി സന്തോഷിക്കുന്നവൻ ഭ്രാന്തനാണ്. ഖാദിയാൻ കർഷകരിൽപെട്ട ഒരു സ്ത്രീ ഉണ്ടായിരുന്നു. ഖലീഫത്തുൽ മസീഹ് ഒന്നാമന്റെയടുക്കൽ ഞാൻ പഠിക്കാൻ പോയിരുന്ന കാലം. ആ സ്ത്രീ അവിടെ വന്നു. അപ്പോൾ ഞാൻ നിനക്ക് ഒരു കാര്യം പറഞ്ഞുതരാമെന്ന് അവിടന്ന് എന്നോട് പറഞ്ഞു. എന്നിട്ട് ആ സ്ത്രീയോട് നിന്റെ സഹോദരന്റെ വിശേഷമെന്താണെന്ന് അവിടന്ന് ചോദിച്ചു. അവർ ചിരിക്കാൻ തുടങ്ങി. ചിരിച്ച് ചിരിച്ച് കണ്ണീർ പൊഴിക്കാൻ തുടങ്ങി. എന്നിട്ട് അവൻ മരിച്ചുപോയെന്ന് ചിരിച്ചുകൊണ്ടുതന്നെ പറഞ്ഞു. ഇതിൽ ചിരിക്കാനെന്തിരിക്കുന്നുവെന്നോർത്ത് ഞാൻ ആശ്ചര്യപ്പെട്ടു. പിന്നീട് ഖലീഫത്തുൽ അവ്വൽ (റ) അവരുടെ മറ്റൊരു ബന്ധുവിനെക്കുറിച്ച് ചോദിച്ചു. അപ്പോഴും ആദ്യത്തെപ്പോലെ മരിച്ചുപോയെന്ന് ചിരിച്ചുകൊണ്ട് പറഞ്ഞു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) എന്നോടു പറഞ്ഞു: അവർക്ക് രോഗമുണ്ട്. ചിരിയുടെ ഭ്രാന്താണ് അവരുടെ രോഗം. അനവസരത്തിലുള്ള സന്തോഷം ഭ്രാന്തിന്റെ ലക്ഷണമാണ്. തന്റെ പാഠം ഹൃദിസ്ഥമാക്കിയിട്ടില്ലാത്ത വിദ്യാർത്ഥി പരീക്ഷ തലയ്ക്കു മീതെ വരുമ്പോൾ സന്തോഷിക്കുകയില്ല. പാഠം ഹൃദിസ്ഥമാക്കിയിട്ടുള്ള വിദ്യാർത്ഥിയാണ് സ്കൂളിൽ പോകുന്നതിലും പരീക്ഷ എഴുതുന്നതിലും സന്തോഷിക്കുന്നത്. ഞാൻ പാഠം കേൾപ്പിക്കുമ്പോൾ അദ്ധ്യാപകൻ സന്തോഷിക്കുമെന്നും തന്നെ പുകഴ്ത്തുമെന്നും അവനറിയാം. എന്നാൽ പാഠം ഹൃദിസ്ഥമാക്കാത്തവൻ സന്തോഷിക്കുകയാണെങ്കിൽ ഭ്രാന്തനായിരിക്കും.

അല്ലാഹുവിന്റെ കല്പനകളെ നിറവേറ്റിയവന് ഇന്ന് സന്തോഷത്തിന്റെ ദിനമാണ്. എന്നാൽ, കല്പനകളെ പാലിക്കാത്തവന് ദുഃഖത്തിന്റെ ദിനമാണ്. എന്തുകൊണ്ടെന്നാൽ, ഇത് വിചാരണയുടെ ദിനമാണ്. ജനങ്ങളെല്ലാവരും ഒത്തുകൂടിയിരിക്കുന്നു. അവർ കണക്ക് ബോധിപ്പിക്കാൻ വന്നതാണെന്ന് ഓരോരുത്തരുടെയും വസ്ത്രവും അവസ്ഥയും വിളിച്ചോതിക്കൊണ്ടിരിക്കുന്നു. ഇന്ന് കണക്കെടുപ്പ് നാളാണ്. ഈ അവസ്ഥ പുനരുത്ഥാനനാളിന്റെ ദൃശ്യം സൃഷ്ടിച്ചിരിക്കുകയാണ്. കർമ്മങ്ങൾ ഒന്നും ചെയ്യാതിരിക്കുകയും കല്പനകൾ പാലിക്കാതിരിക്കുകയും ചെയ്തവന് കരച്ചിലിന്റെ ദിവസമാണിന്ന്. അവന് ഇന്ന് സന്തോഷത്തിന്റെ ദിനമല്ല. ആരാണോ ഈ കല്പനകൾ പാലിച്ചത് അവനു തന്നെയാണ് യഥാർത്ഥ പെരുന്നാളെന്നും അവന്റെ സന്തോഷമാണ് യഥാർത്ഥ സന്തോഷമെന്നും ഞാൻ നിങ്ങളോട് പറയുന്നു.

പെരുന്നാളിൽ ആത്മീയമായ അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങളുണ്ടെന്ന കാര്യം ഓർക്കുക. അതിൽ ആത്മീയാഭിവൃദ്ധിക്കു വേണ്ടുന്ന പരിശീലനം ചെയ്യിക്കുന്നു. വർഷം മുഴുവൻ തഹജ്ജുദ് നിസ്കരിക്കാൻ സാധിക്കാത്തവർ കുറഞ്ഞപക്ഷം റമസാനിൽ നിർബന്ധമായും തഹജ്ജുദ് നിസ്കരിക്കുന്നു. അവരുടെ ഒരു മാസത്തെ തഹജ്ജുദ് നിസ്കാരം, തഹജ്ജുദ് നിസ്കാരം പ്രയാസമുള്ള കാര്യമല്ലെന്നതിന് അവർക്കെതിരിൽ സാക്ഷിയായിത്തീരുന്നു. രാത്രി എഴുന്നേല്ക്കാൻ സാധിക്കാത്തതുകൊണ്ട് തഹജ്ജുദ് നിസ്കരിക്കാത്തവരും, തണുപ്പുകാലത്ത് 14 മണിക്കൂർ ദൈർഘ്യമുള്ള രാത്രികളിൽ കിടക്കയിൽ കഴിച്ചുകൂട്ടുന്നവരും, എഴുന്നേറ്റ് തഹജ്ജുദ് നിസ്കരിക്കാത്തവരും അല്ലാഹുവിന്റെ പക്കൽ കുറ്റവാളിയാണ്. ഉഷ്ണകാലത്തെ 8 മണിക്കൂറുള്ള രാത്രികളിൽ മാസങ്ങളോളം എഴുന്നേറ്റുകൊണ്ടിരുന്ന ആൾക്ക് എന്തുകൊണ്ട് 14 മണിക്കൂർ ദൈർഘ്യമുള്ള രാത്രിയിൽ എഴുന്നേല്ക്കാൻ കഴിയുന്നില്ല. 8 മണിക്കൂർ ദൈർഘ്യമുള്ള രാത്രിയിൽ ഇടയത്താഴത്തിന് ഉണരുകയും തഹജ്ജുദ് നിസ്കരിക്കുകയും ചെയ്ത ഒരാൾക്ക്, 15 മണിക്കൂർ ദൈർഘ്യമുള്ള രാത്രിയിൽ എഴുന്നേല്ക്കാൻ സാധിക്കുകയില്ലെന്ന് പറയാൻ കഴിയുമോ? നിങ്ങൾക്ക് ഉണരാൻ സാധിക്കുന്നില്ലെങ്കിൽ എട്ടു മണിക്കൂറുള്ള രാത്രിയിൽ നിങ്ങളെങ്ങനെ ഉണർന്നു. ഇപ്രകാരം നിങ്ങൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുറ്റം സമ്മതിക്കുന്നവരായിത്തീരുന്നു.

അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, റമസാനിൽ നിന്നും പെരുന്നാളിൽ നിന്നും പാഠം പഠിക്കുക എന്ന്. ആദ്യത്തെപോലെ ഇന്ന് രാത്രിയിലും എഴുന്നേല്ക്കാനും തഹജ്ജുദ് നിസ്കരിക്കാനും ദുആ ചെയ്യാനും ഞാനിന്നലെ (നിങ്ങളോട്) നിർദ്ദേശിച്ചിരുന്നു. ഏതെങ്കിലും പുണ്യകർമ്മം ചെയ്തു കഴിഞ്ഞാൽ വീണ്ടും അതാവർത്തിക്കുക എന്നത് നമ്മുടെ മഹാത്മാക്കളുടെ സമ്പ്രദായമായിരുന്നു. അതിന്റെ ശൃംഖല പൊട്ടിപ്പോകുമായിരുന്നില്ല. പൊതുവെ ജനങ്ങൾ പെരുന്നാളിന്റെ രാത്രി കൂടുതൽ ഉറങ്ങുന്നു. വാസ്തവത്തിൽ ആ രാത്രിയിൽ കൂടുതൽ ഉണർന്നിരിക്കേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വിശുദ്ധ ഖുർആൻ ഓതി പൂർത്തിയായിക്കഴിഞ്ഞാൽ കണ്ണി അറ്റുപോകാതിരിക്കാൻ ഉടനെ സൂറഃ ഫാത്തിഹാ ഓതുമായിരുന്നു. ഇപ്രകാരം രണ്ടാമത്തെ കണക്ക് ആരംഭിക്കുന്നതിനായി, റമസാൻ കഴിഞ്ഞ് ശവ്വാൽ തുടങ്ങിയാൽ റമസാനു ശേഷം ശവ്വാലിന്റെ ആദ്യദിവസം ജനങ്ങളെ എഴുന്നേല്പിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. നന്മയുടെ കണ്ണിമുറിയാൽ പാടില്ല. റമസാനിന്റെ മുപ്പത് ദിവസത്തിനു പുറമെ ശവ്വാലിന്റെ ഒരു ദിവസവും നിങ്ങൾ ഉണർന്നല്ലോ. അങ്ങനെ 31 ദിവസമായി ഇനി ബാക്കിയുള്ള പതിനൊന്ന് മാസം രോഗമുണ്ടായാലൊഴികെ രാത്രിയിൽ എഴുന്നേല്ക്കാൻ നിങ്ങൾക്കെന്ത് പ്രയാസമാണുള്ളത്. രോഗാവസ്ഥയിൽ നിസ്കാരത്തിന്റെ ഫർസുകളും ജം ആക്കാൻ അനുവാദമുണ്ട്. ●

**വിവ: മുഹമ്മദ് ഇസ്മായീൽ എച്ച്.എ.**

ലേഖനം

Revelation, Rationality, Knowledge & Truth

# 'ജിന്ന്' എന്താണ്?

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**'ജിന്ന്' എന്ന പദം പല അർത്ഥങ്ങളിലും ഖുർആനിൽ പ്രയോഗിച്ചിട്ടുണ്ട്. ഇവിടെ ഭൂമിയിലെ ജീവന്റെ ആദിരൂപമായിട്ടാണ് ജിന്ന് വിവരിക്കപ്പെട്ടിരിക്കുന്നത്. 'ആർക്കായീ ബാക്ടീരിയ' എന്ന ഈ ആദ്യ ജൈവരൂപം മാതൃകോശങ്ങളില്ലാത്തതും മിന്നലിൽ നിന്നും കോസ്മിക്രശ്മികളിൽ നിന്നും നേരിട്ട് ഊർജ്ജം സ്വീകരിച്ചിരുന്നവയുമായിരുന്നു.**

ജിന്നിന്റെ പ്രകൃതിയും പ്രത്യേകതയും മനസ്സിലാക്കാൻ വേണ്ടി ശാസ്ത്രീയ വീക്ഷണത്തിന്റെ ചിറകുകളിലേറി അതിപുരാതന കാലഘട്ടത്തിലേക്ക് ഒരു യാത്രക്ക് ഇപ്പോൾ തയ്യാറാവുക. അറബിഭാഷയിൽ 'ജിന്ന്' എന്ന പദത്തിന് താഴെ കാണുന്ന ശബ്ദാർത്ഥങ്ങളാണുള്ളത്. മറഞ്ഞിരിക്കൽ, അദൃശ്യത, അകന്നിരിക്കൽ ഒറ്റതിരിഞ്ഞിരിക്കൽ എന്നിവയാണ്. ജിന്ന് എന്ന പദത്തിന് ഈ ലക്ഷ്യാർത്ഥങ്ങൾ. കൂടാതെ കനത്ത നിഴൽ, കടുത്ത ഛായ എന്നീ അർത്ഥങ്ങളുമുണ്ട്. അതുകൊണ്ടാണ് ഖുർആനിൽ സ്വർഗ്ഗത്തെ സൂചിപ്പിക്കാൻ 'ജന്നത്ത്' ('ജിന്ന്' എന്ന മൂലപദത്തിൽ നിന്നുതന്നെ നിഷ്പന്നമായത്) എന്ന പദം ഉപയോഗിച്ചത്. അതായത് സ്വർഗ്ഗം, നിറയെ ഇടതൂർന്ന വൃക്ഷഛായകളുള്ള ആരാമമാണ്. 'ജിന്ന്' എന്ന പദം പാമ്പിനും പറയാറുണ്ട്. അത് സ്വാഭാവികമായും പൊതുദൃഷ്ടിയിൽ നിന്നും മറഞ്ഞിരിക്കുന്നത് കൊണ്ടും മറ്റു മൃഗങ്ങളിൽ നിന്നും അകന്നുമാറി പാറയുടെ പൊത്തിനകത്തോ മണ്ണിലെ മാളത്തിനകത്തോ കഴിയുന്നത് കൊണ്ടുമാണ് അങ്ങനെ വിളിക്കുന്നത്. സ്ത്രീകൾ പൊതുവെ വിട്ടു നിൽക്കുന്നവരായത് കൊണ്ട് അവർക്കും, ജനമദ്ധ്യത്തിൽ നിന്നും അകന്നു മാറിക്കഴിയുന്നത് കൊണ്ട് ജനനേതാക്കന്മാർക്കും 'ജിന്ന്' എന്ന പദം ഉപയോഗിക്കുന്നു. അപ്രകാരം അപ്രാപ്യമായ വിദൂരദിക്കുകളിലുള്ള മലപ്രദേശങ്ങളിൽ കഴിയുന്ന ആളുകൾക്കും 'ജിന്ന്' എന്ന പദം ഉപയോഗിക്കാറുണ്ട്. സാധാരണ ദൃഷ്ടിക്ക് അപ്പുറത്തുള്ളതും നഗ്നദൃഷ്ടിക്ക് കാണാൻ കഴിയാത്തതുമായ എല്ലാറ്റിനേയും ഈ വാക്കുകൊണ്ട് വിശേഷിപ്പിക്കാവുന്നതാണ്.

'ജിന്ന്' എന്ന പദത്തിന് ഈ യൊരു അർത്ഥകല്പന റസൂൽ തിരുമേനി(സ)യുടെ വചനങ്ങളിലും പൂർണ്ണമായും അംഗീകരിക്കപ്പെട്ടതാണ്. ചാണകത്തിന്റെ കട്ട കൊണ്ടോ, ചത്ത മൃഗങ്ങളുടെ എല്ലുകൊണ്ടോ മലമൂത്രവിസർജനത്തിന് ശേഷം ശൗച്യം ചെയ്യരുത് എന്ന് റസൂൽ തിരുമേനി(സ) ജനങ്ങളെ ശക്തമായി വിലക്കുകയുണ്ടായി. കാരണം അവയെല്ലാം ജിന്നിന്റെ ഭക്ഷണമാണെന്നും റസൂൽ തിരുമേനി (സ) അരുളി. നാം ഇക്കാലത്ത് ടോയ്ലറ്റ് പേപ്പർ ഉപയോഗിക്കുന്നത് പോലെ പണ്ട് കാലത്ത് മൺകട്ട, കല്ല്, കൈയിൽ കിട്ടുന്ന മറ്റു ഉണങ്ങിയ ഏതെങ്കിലും പദാർത്ഥങ്ങൾ എന്നിവയായിരുന്നു ശൗച്യം ചെയ്യാൻ ആളുകൾ ഉപയോഗിച്ചിരുന്നത്. ഇവിടെ റസൂൽ തിരുമേനി(സ) പറഞ്ഞ 'ജിന്ന്' എന്നത് കൊണ്ട് അർത്ഥമാക്കിയത് എല്ലിലും കാഷ്ടത്തിലുമുണ്ടാകുന്ന അദൃശ്യമായ സൂക്ഷ്മരോഗാണുക്കളല്ലാതെ മറ്റൊന്നുമായിരുന്നില്ല എന്ന കാര്യം വളരെ വ്യക്തമാണ്. ഓർക്കുക ബാക്ടീരിയായുടേയും വൈറസിന്റേയും സങ്കല്പം അക്കാലത്ത് ആവിർഭവിച്ചിരുന്നില്ല. അക്കാലത്ത് ആർക്കും തന്നെ അത്തരത്തിലുള്ള സൂക്ഷ്മവും അദൃശ്യവുമായ ജീവികളെക്കുറിച്ച് നേരിയ ആശയം പോലും ഉണ്ടായിരുന്നില്ല. റസൂൽ തിരുമേനി(സ) ഇക്കാര്യം പരാമർശിച്ചിരുന്നു എന്നത് അത്ഭുതകരമാണ്. ഇതിനെ വിശേഷിപ്പിക്കാൻ അറബിഭാഷയിൽ 'ജിന്ന്' എന്ന പദത്തെക്കാൾ ഉചിതമായ മറ്റൊരു പദമില്ല.

ജിന്നിന്റെ സൃഷ്ടിപ്പിനെ സംബന്ധിച്ചുള്ള ഖുർആന്റെ മറ്റൊരു നിരീക്ഷണം ഇങ്ങിനെയാണ്.

***ഇതിന് മുമ്പ് (മനുഷ്യസൃഷ്ടിപ്പിനു മുമ്പ്) ചൂടുകാറ്റിന്റെ അഗ്നി***

***(നാരി സമൂം)യിൽ നിന്നും നാം ജിന്നിനെ സൃഷ്ടിച്ചു (15:28)***

ഇവിടെ ജിന്ന് സൃഷ്ടിക്കപ്പെട്ട അഗ്നിയെ കുറിച്ച് വിവരിക്കാൻ 'സമൂം' എന്ന ഒരു പ്രത്യേക വിശേഷണ പദമാണ് ഉപയോഗിച്ചിട്ടുള്ളത്. അതിനർത്ഥം പുകയില്ലാത്ത ജ്വലിക്കുന്ന അഗ്നി, പുകയില്ലാത്ത ചുടുകാറ്റ് എന്നൊക്കെയാണ്.(1) ഇത്തരത്തിലുള്ള മറ്റൊരു ഖുർആൻ വചനവും കാണാം.

***ജിന്നുകളെ അഗ്നിയുടെ ജ്വാലയിൽ നിന്നും അവൻ സൃഷ്ടിച്ചു (55:16)***

ജിന്ന് എന്ന പദം ചില സൂക്ഷ്മജീവികളായ ബാക്ടീരിയകളെപറ്റിയാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത് എന്ന് സ്ഥാപിച്ചതിന് ശേഷം നമുക്ക് വീണ്ടും ഈ വചനത്തിലേക്ക് ശ്രദ്ധ തിരിക്കാം. ഈ വചനങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന വരിലെ പ്രഥമ സ്ഥാനാർത്ഥി മിന്നലിന്റെ ചൂടിൽ നിന്നും കോസ്മിക് രശ്മികളിൽ നിന്നും നേരിട്ട് സൃഷ്ടിക്കപ്പെട്ട അതിസൂക്ഷ്മങ്ങളായ ജൈവരൂപമാണെന്ന് കാണാം.

ഡിക്കേഴ്സൺ (Dickerson) ഏറ്റവും പ്രാക്തനമായ ജീവരൂപത്തെപറ്റി അശ്രദ്ധമായിട്ടാണെങ്കിലും പ്രതിപാദിക്കുമ്പോൾ ഖുർആനിക വചനങ്ങളുമായി അത് ഒത്തുപോവുന്നത് കാണുക.

***.......മിന്നലിന്റേയും അൾട്രാവയലറ്റ് റേഡിയേഷന്റേയും ഊർജ്ജത്തിലായിരുന്നിരിക്കാം അവ ജീവിച്ചത്....(2)***

ജൈവപൂർവ്വ ബാക്ടീരിയകളെ (Pre biotic Bacteria) സംബന്ധിച്ചുള്ള ഗവേഷണങ്ങളെപറ്റി പ്രതിപാദിക്കുമ്പോൾ മറ്റു ശാസ്ത്രജ്ഞന്മാരാരും കോ സ്മിക് റേഡിയേഷനെക്കുറിച്ച് പ്രത്യേകമായി പരാമർശിക്കുന്നില്ല. പക്ഷേ ജൈവ പരിണാമത്തിന് (Biotic evolution) മുമ്പ് നിലനിന്നിരുന്ന ഏതൊരു ജൈവരൂപവും ചൂടിൽ നിന്നും നേരിട്ടായിരുന്നു അവക്ക് വേണ്ട ഊർജം ആഗിരണം ചെയ്തത് എന്ന ആശയത്തെ മറ്റു ശാസ്ത്രജ്ഞന്മാരും അംഗീകരിക്കുന്നുണ്ട്. ബാക്ടീരിയായിൽ വെച്ച് ഏറ്റവും പുരാതനമായ ബാക്ടീരിയകളെ പ്രൊകാരിയോട്ട് (Prokaryote) എന്നും യൂകാരിയോട്ട് (Eukaryote) എന്നും രണ്ടായി മുൻതലമുറയിലെ ശാസ്ത്രജ്ഞന്മാർ തരംതിരിച്ചിട്ടുണ്ട്. എന്തായിരുന്നാലും ശരി കാൾ ആർ. വോയീസിന്റെയും (Karl R. Woese) അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടേയും അഭിപ്രായത്തെ അടിസ്ഥാനമാക്കി വേഗത്തിൽ നമുക്കൊരു നിഗമനത്തിലെത്താം. അവരുടെ നിരീക്ഷണം ഇപ്രകാരമാണ്.

***"ലളിതമായ കാരണമിതാണ്. സൂക്ഷ്മമായതലത്തിൽ (Microscopic level) അവ (ബാക്ടീരയയുടെ ആദിരൂപങ്ങൾ) രണ്ട് തരത്തിലുള്ള കോശങ്ങളാണ്. പക്ഷേ ജീവാണുതലത്തിൽ (Molecular level) അവ രണ്ട് തരം മാത്രമേയുള്ളൂവെന്ന രീതി ശരിയായിക്കൊള്ളണമെന്നില്ല." (3)***

സാധാരണ വായനക്കാർക്ക് വേണ്ടി പ്രൊകാരിയോട്ട്, യൂകാരിയോട്ട് എന്നീ രണ്ടു ബാക്ടീരിയകളുടെ വ്യത്യാസങ്ങൾ ലളിതമായ രീതിയിൽ ഇവിടെ പ്രതിപാദിക്കാം. ആ ബാക്ടീരിയകൾക്കകത്തുള്ള ന്യൂക്ലിയസ്സിന്റെ സാന്നിദ്ധ്യത്തേയും ന്യൂക്ലിയസ്സിന്റെ അസാന്നിദ്ധ്യത്തേയും അടിസ്ഥാനപ്പെടുത്തിയാണ് ഈ വിഭജനം. പ്രൊകാരിയോട്ട് ടൈപ്പ് ബാക്ടീരയക്ക് വളരെ വ്യക്തമായ കോശഭിത്തി ഉണ്ടെങ്കിലും അവക്കകത്ത് ന്യൂക്ലിയസ് ഇല്ല. എന്നാൽ യൂകാരിയോട്ട് ബാക്ടീരിയക്ക് വളരെ ലളിതമായ കോശഭിത്തിയും ഓരോ കോശത്തിനകത്തും നന്നായി വികസിതമായ ഒരു ന്യൂക്ലിയസ്സുമുണ്ട്.

മറ്റുള്ള ജീവരൂപങ്ങൾക്ക് ജന്മം കൊടുത്തത് ഈ രണ്ട് അതിപുരാതന ബാക്ടീരിയകളാണെന്ന് കണക്കാക്കപ്പെടുന്നു. ജീവന്റെ പൂർവ്വഗാമികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇവയാണ് പിന്നീട് മറ്റു ജീവരൂപങ്ങളായി പരിണമിച്ചത്. 1981 ജൂണിലാണ് വോയിസീ തന്റെ ഗവേഷണഫലങ്ങൾ Scientific America എന്ന ജേർണലിൽ പ്രസിദ്ധീകരിച്ചത്. അതിൽ ആർക്കായീ ബാക്ടീരിയ (Archaebacteria) ആണ് യഥാർത്ഥത്തിൽ ജീവന്റെ ആദിരൂപം എന്ന് അവകാശപ്പെടാവുന്നതാണെന്ന് വാദിച്ചിരുന്നു. ആദി ബാക്ടീരിയയുടെ കാര്യത്തിൽ അദ്ദേഹവും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും കൂടി തങ്ങൾക്ക് മറ്റെല്ലാറ്റിനേയും അതിർവർത്തിക്കുന്ന വ്യത്യസ്തമായ ഒരു മൂന്നാമത്തെ രീതി മുന്നോട്ട് വെക്കാനുണ്ടെന്ന് ശാസ്ത്ര സമൂഹത്തെ അറിയിക്കുകയുണ്ടായി. ആയതിനാൽ അതിനെ ജീവന്റെ ഏറ്റവും പൂർവ്വഗാമികൾ എന്ന സ്ഥാനം അവർ നൽകി. വോയീസിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും ഈ കണ്ടുപിടുത്തത്തിലേക്ക് നിരവധി തെളിവുകൾ നൽകിയിട്ടുണ്ട്. അങ്ങനെ ഹിമാനിയുടെ മുകൾപരപ്പിലെ മഞ്ഞുരുകാൻ തുടങ്ങി. വോയീസി എഴുതുന്നു.

*'ആർക്കായി ബാക്ടീരിയ ഉന്നതർകിടയിലുള്ള ഒരു പ്രത്യേക ഗണത്തെ പ്രതിനിധീകരിക്കുന്നു എന്ന ഞങ്ങളുടെ ആശയം പൊതുവേ സ്വീകരിക്കപ്പെട്ടിരിക്കുകയാണ്. അതേ സമയം ഏതാനും ചില ജീവശാസ്ത്രജ്ഞന്മാർ ഞങ്ങളുടെ വ്യാഖ്യാനങ്ങളുമായി തർക്കിക്കുകയാണ്. (4)*

വീണ്ടും അദ്ദേഹം എഴുതുന്നു:

*മെതനോജെൻ (Methanogens) എന്നത് ഏറ്റവും പഴക്കമുള്ളതോ അല്ലെങ്കിൽ ഏതെങ്കിലും ബാക്ടീരിയ ഗ്രൂപ്പിനേക്കാളും പുരാതനമോ ആണ് എന്ന വസ്തുത കൂടി ഇതിൽ അടങ്ങിയിരിക്കുന്നു. (4)*

Hutchinson Dictionary of Scienceൽ പറയുന്നത്.

*ആർക്കായീ ബാക്ടീരിയ ജീവന്റെ ഏറ്റവും പ്രാക്തന രൂപങ്ങളുമായി ബന്ധപ്പെട്ടതാണ്. 4 ലക്ഷം കോടി വർഷങ്ങൾക്ക് മുമ്പ് ഭൂമിയുടെ അന്തരീക്ഷത്തിൽ അല്പം മാത്രം ഓക്സിജൻ ഉണ്ടായിരുന്ന കാലത്താണ് ആർക്കായി ബാക്ടീരിയ പ്രത്യക്ഷപ്പെട്ടത് .(5)*

*(ശേഷം 17- ൽ)*

ലേഖനം

# ദിവ്യവെളിപാടുകൾ വഴി ജ്ഞാനപ്രകാശം


**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

**(വാഗ്ദത്ത മഹ്ദീ മസീഹ്)**


**ദിവ്യവെളിപാടുകളാണ് ദൈവവുമായുള്ള മനുഷ്യന്റെ ബന്ധത്തെ സജീവമാക്കിത്തീർക്കുന്നത്. വെളിപാടുകളില്ലെങ്കിൽ മതം കെട്ടുകഥകളും മിഥ്യാവിശ്വാസങ്ങളുമായിത്തീരും**

അധിക തത്ത്വജ്ഞാനികളും പ്രകൃതിവാദികളും ബ്രഹ്മസമാജികളും ഇൽഹാമിനെ അഥവാ, ദൈവിക വെളിപാടുകളെ നിഷേധിക്കുന്നുവരായി ത്തീർന്നിട്ടുള്ള വിനാശകരമായ ഒരു കാലഘട്ടമാണിത്. ഇതേ നിഷേധത്തിൽ തന്നെ ഒട്ടേറെ പേർ ഈ ലോകത്ത് നിന്ന് തിരോധാനം ചെയ്കയും ചെയ്തു. യാഥാർത്ഥ്യം എന്തെന്നാൽ, ലോകം മുഴുവനും നിഷേധിച്ചു എന്നു വന്നാലും സത്യം സത്യമായിത്തന്നെയിരിക്കും എന്നുള്ളതാകുന്നു. ലോകം മുഴുവനും സത്യപ്പെടുത്തിയാലും കളവ് കളവ് തന്നെയാണ്. ദൈവത്തിൽ വിശ്വസിക്കുകയും അവനെ പ്രപഞ്ചത്തിന്റെ ആസൂത്രകൻ ആയി വിചാരിക്കുകയും അവനെ കാണുന്നവനും കേൾക്കുന്നവനും അറിയുന്നവനുമായി മനസ്സിലാക്കുകയും ചെയ്യുന്നവൻ ഇതൊക്കെയും ഏറ്റുപറയുന്നുണ്ടായിട്ടും ദൈവത്തിന്റെ സംസാരത്തെ നിഷേധിക്കുന്നത് അവരുടെ തികഞ്ഞ വിഡ്ഢിത്തമാണെന്നേ പറയാനാവൂ. കാണുകയും അറിയുകയും ചെയ്യുന്നവന്, ആരുടെ ജ്ഞാനം ശാരീരികോപാധികൾ ഒന്നും കൂടാതെ ഓരോ അണുക്കളെയും വലയം ചെയ്തിരിക്കുന്നുവോ അവന് സംസാരിക്കാൻ കഴിയുകയില്ലെന്നോ, അവന് സംസാരശേഷി പണ്ടുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അത് നിലച്ചുപോയിരിക്കുന്നു എന്നോ പറയുന്നത് തെറ്റാണ്. അവന്റെ സംസാരഗുണം ഭാവിയിലുണ്ടാകയില്ല അത് ഭൂതകാലത്തേക്ക് മാത്രമുള്ളതായിരുന്നു എന്ന് പറയുന്നതുപോലെയാണിത്. എന്നാൽ ഇത് വലിയ ഇച്ഛാഭംഗമാണുണ്ടാക്കുന്നത്. ദൈവത്തിന്റെ ചില ഗുണങ്ങൾ കുറച്ചുകാലം വരെ നിലനിന്നശേഷം പിന്നീടത് നഷ്ടപ്പെട്ടുപോകുകയും അതിന്റെ അടയാളം പോലും ബാക്കിയാകാതെ വരുന്നതുമാണെങ്കിൽ പിന്നെ അവനിൽ അവശേഷിക്കുന്ന ഗുണങ്ങളും സംശയഗ്രസ്തങ്ങളായി തീരുന്നതാണ്. ഇത്തരം ചിന്തകളെയും വിശ്വാസങ്ങളെയും കുറിച്ച് പരിതപിക്കുകയല്ലാതെ എന്തുപറയാൻ? ദൈവത്തിന്റെ എല്ലാ ഗുണങ്ങളിലും വിശ്വസിക്കവെ ഒരു കത്തിയും കയ്യിലേന്തി അവയിൽ പ്രധാനപ്പെട്ട ഒരംശം മുറിച്ചുനീക്കുകയാണിവർ ചെയ്യുന്നത്. കഷ്ടം! ആര്യാക്കൾ വേദങ്ങളുടെ അവതാരത്തോടുകൂടി ദൈവത്തിന്റെ ഭാഷണത്തിന് മുദ്രവച്ചിരിക്കുകയാണ്. ക്രിസ്ത്യാനികളും ദൈവിക വെളിപാടുകൾക്ക് സീലടിക്കാതിരുന്നില്ല. മസീഹ് വരെയും മനുഷ്യർക്ക് ആത്മീയമായ ഉൾക്കാഴ്ചയും ദിവ്യജ്ഞാനങ്ങളും ആർജിക്കുന്നതിന് ദൃശ്യാനുഭവപരമായ വെളിപാടുകളുടെ ആവശ്യമുണ്ടായിരുന്നുവെങ്കിലും ഭാവിസന്താനങ്ങൾ അവ നഷ്ടപ്പെട്ട നിലയിൽ നിർഭാഗ്യവാന്മാരായിപ്പോയിരിക്കുന്നു എന്നാണവരുടെ കാഴ്ചപ്പാട്. വാസ്തവമെന്തെന്നാൽ, മനുഷ്യൻ എക്കാലവും വെളിപാടുകളും ആത്മീയമായ ഉൾക്കാഴ്ചയും ആവശ്യമായിട്ടുള്ളവനാകുന്നു. ദൈവത്തിന്റെ ഗുണങ്ങൾ എപ്പോഴും പുതിയ പുതിയ മിന്നലാട്ടങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നേടത്തോളം മാത്രമേ മതം ജ്ഞാനരൂപത്തിൽ നിലനിൽക്കുകയുള്ളു. അല്ലാത്തപക്ഷം വെറും കെട്ടുകഥകളായി മാറി വളരെവേഗം അവ നശിച്ചുപോകുന്നതാണ്. ദൈവഭാഷണങ്ങളും വലിയ വലിയ അടയാളങ്ങളും കൂടാതെ ഒരു പ്രകാരത്തിലും പൂർത്തീകരിക്കാനാവാത്ത നിലയിൽ പൂർണമായ ദൈവജ്ഞാനത്തിന്റെ ആവശ്യം നമുക്കുണ്ടെന്ന് ഉള്ളിൽ തട്ടിയ അനുഭവങ്ങൾ വഴി അറിയുമാറാകുമ്പോൾ ദൈവത്തിന്റെ കാരുണ്യം നമ്മുടെ മുമ്പിൽ ആ വെളിപാടുകളുടെ വാതിൽ കൊട്ടിയടക്കുന്നതെങ്ങനെ? ഈ കാലഘട്ടത്തിൽ നമ്മുടെ മനസ്സ് മറ്റൊന്നായി മാറിപ്പോയോ? അതോ ദൈവം തന്നെ മറ്റൊന്നായിത്തീർന്നുവോ? ഒരു കാലഘട്ടത്തിൽ ഒരാൾക്ക് ഉണ്ടാകുന്ന ഇൽഹാം ലക്ഷക്കണക്കായ ആളുകളിൽ ദൈവികജ്ഞാനത്തെ ഉത്തേജിപ്പിക്കാൻ പര്യാപ്തമാണെന്നും ആ ഓരോ വ്യക്തിയിലും അത് വെളിപ്പെ

ടേണ്ട ആവശ്യമില്ലെന്നും നാം അംഗീകരിക്കുന്നു. എന്നാൽ, ഇൽഹാം തന്നെ അടിയിളക്കപ്പെടുകയെന്നതും നാം നേരിട്ട് കണ്ടറിഞ്ഞിട്ടില്ലാത്ത വെറും കഥകളാണ് നമ്മുടെ പക്കലുള്ളതെന്നും പറയുന്നത് നമുക്ക് സ്വീകരിക്കാനാവില്ല. ഒരു കാര്യം നൂറുകണക്കായ കൊല്ലങ്ങളായി കഥകളുടെ രൂപത്തിൽ മാത്രം തുടർന്നുവന്നിരിക്കയും അതിന്റെ സത്യവൽക്കരണത്തിനായി പുതുതായുള്ള മാതൃകകൾ സൃഷ്ടിക്കപ്പെടാതിരിക്കയും ആണെങ്കിൽ ദാർശനിക വീക്ഷണമുള്ള അധികമാളുകളും ബലവത്തായ മറ്റു തെളിവുകൾ ഇല്ലാത്തപക്ഷം ഈ കഥകൾ വിശ്വസിക്കാൻ കൂട്ടാക്കുകയില്ല. നമ്മുടെ കാലഘട്ടത്തിൽ അത് യുക്തിവിരുദ്ധമായ കാര്യമായി ആരോപിക്കപ്പെട്ടപ്പോൾ പ്രത്യേകിച്ചും. ഇതുകൊണ്ടുതന്നെയാണ് കുറേക്കാലം കഴിഞ്ഞ് ദാർശനികബുദ്ധികൾ അത്തരം അത്ഭുത ദൃഷ്ടാന്തങ്ങളെ കളിയാക്കിപ്പോന്നിട്ടുള്ളത്. അവർ അതിനെ സംശയിക്കത്തക്കതായിട്ടുപോലും കരുതുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം അങ്ങനെ കരുതാൻ ന്യായമുണ്ട്താനും. എന്തുകൊണ്ടെന്നാൽ ഒരേ ദൈവമായിരിക്കെ, ഒരേ 'സിഫ'ത്തുകൾ തന്നെയായിരിക്കെ നമ്മുടെ ആവശ്യങ്ങളും ഒരേ തരത്തിലുള്ളതായിരിക്കെ വെളിപാടുകളുടെ പരമ്പര എന്തുകൊണ്ട് നിലച്ചുപോയി എന്നിങ്ങനെ അവരുടെ മനസ്സിൽ ചോദ്യമുയരുന്നു. തങ്ങൾക്കും പുതിയ പുതിയ ദൈവികജ്ഞാനങ്ങൾ ലഭിക്കേണ്ടതാവശ്യമാണെന്ന് ആത്മാക്കൾ വിലപിച്ചു പറയുന്നു. ഇക്കാരണത്താൽ തന്നെയാണ് ഹിന്ദുക്കളിൽ ലക്ഷക്കണക്കിനാളുകൾ നാസ്തികരായി ചമഞ്ഞത്. കോടിക്കണക്കായ കൊല്ലങ്ങളായി ദിവ്യവെളിപാടുകളും ദൈവഭാഷണങ്ങളും നിലച്ചുപോയിരിക്കുന്നു എന്നാണ് ഹിന്ദുപണ്ഡിതന്മാർ അടിക്കടി അവരെ പഠിപ്പിച്ചുപോന്നിട്ടുള്ളത്. വൈദികകാലത്തെ അപേക്ഷിച്ച് നമ്മുടെ കാലഘട്ടമാണ് പരമേശ്വരന്റെ പുതിയ വെളിപാടുകൾ ആവശ്യപ്പെടുന്നതെന്ന സംശയം അവരുടെ ഹൃദയങ്ങളിൽ അങ്കുരിച്ചുകൊണ്ടിരുന്നു. ദിവ്യവെളിപാടുകൾ ഒരു സത്യമായ യാഥാർത്ഥ്യം തന്നെയെങ്കിൽ, വേദത്തിനുശേഷം ആ പരമ്പര എന്തുകൊണ്ട് നിലനിന്നില്ല? ഇതേ കാരണത്താൽ തന്നെയാണ് ആര്യാവർത്തത്തിൽ നാസ്തികവാദം പരക്കുമാറായത്. വേദങ്ങളെ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവരും വേദങ്ങളെ സ്വീകരിക്കാത്തവരും നൂറുകണക്കിൽ കക്ഷികൾ ഹിന്ദുക്കളിൽ ഉടലെടുത്തിട്ടുള്ളതും ഇതേ കാരണത്താൽ തന്നെയാണ്. അതുപ്രകാരമുള്ള ഒരു കക്ഷിയാണ് ജൈനമതക്കാർ. യഥാർത്ഥത്തിൽ സിക്കുകാരുടെ കക്ഷിയും ഇതേ ചിന്തകൾ കൊണ്ടുതന്നെയാണ് ഹിന്ദുക്കളിൽ നിന്ന് വേറിട്ടുപോയത്. ഹിന്ദുമതത്തിൽ, ഈ ലോകത്തിലെ നൂറുകണക്കിൽ വസ്തുക്കൾ ദൈവത്തോട് കൂട്ടിച്ചേർക്കപ്പെട്ടിരിക്കയാൽ പരമേശ്വരനെക്കുറിച്ച് ഒന്നും അറിയാൻ കഴിയാത്ത നിലയിലാണുള്ളത്. പിന്നെ വേദം ഇൽഹാമി ആണെന്ന വാദത്തെ സംബന്ധിച്ചാണെങ്കിൽ അത് യാതൊരടിസ്ഥാനവുമില്ലാത്ത ഒരു കഥ മാത്രമാണ്. ലക്ഷക്കണക്കായ കൊല്ലം മുമ്പ് അവതരിച്ചതാണെന്നു പറയുന്നു. പുതുതായുള്ള തെളിവൊന്നുമില്ലതാനും. ഇക്കാരണത്താൽ തന്നെയാണ് പൂർണ സിക്കുകാരായിട്ടുള്ളവർ വേദങ്ങളിൽ വിശ്വസിക്കാതിരുക്കുന്നത്.

1898 സെപ്തംബർ 26ാം ന് ലാഹോറിലെ 'അഖ്ബാറെ ആം' എന്ന പത്രത്തിൽ ഇതേ വിഷയകമായി ഒരു ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഖാൽസ വിഭാഗം വേദങ്ങളിൽ വിശ്വസിക്കുന്നില്ലെന്നും വേദങ്ങളിൽ ഒരിക്കലും വിശ്വസിക്കരുതെന്ന് ഗുരുക്കന്മാരുടെ മാർഗനിർദ്ദേശമുണ്ടെന്നും ഉള്ള കാര്യത്തിൽ ഗ്രന്ഥ്സാഹിബിലെ ശബ്ദം അതായത് ഗീതം തന്നെയും എഴുതിച്ചേർത്തിരിക്കുന്നു. വേദങ്ങളിൽ തീരെ വിശ്വസിക്കരുതെന്ന് തന്നെയാണ് അതിൽ നിന്ന് സിദ്ധിക്കുന്നത്. തങ്ങൾ വേദങ്ങളെ പിന്തുടരുന്നവരല്ലെന്നും അതിനെ സ്വീകരിക്കുന്നില്ലെന്നും പ്രഖ്യാപിച്ചിരിക്കയുമാണ്. തങ്ങൾ ഖുർആനെ പിന്തുടരുന്നുവെന്ന് അവർ പ്രഖ്യാപിച്ചിട്ടില്ലെന്നതും നേരു തന്നെ. സിക്കുകാർക്ക് ഇസ്ലാമിനെക്കുറിച്ച് ഒന്നും അറിഞ്ഞുകൂടെന്നതാണ് ഇതിന് കാരണം. സർവ്വശക്തനും (ഖാദിർ) ജീവിച്ചിരിക്കുന്നവനും (ഖയ്യൂം) ആയ ദൈവം ഇസ്ലാമിൽ വച്ചിട്ടുള്ള പ്രകാശത്തെക്കുറിച്ചവർക്ക് വിവരമില്ല. വിശുദ്ധ ഖുർആനിൽ നിറഞ്ഞുനിൽക്കുന്ന പ്രകാശത്തെക്കുറിച്ചുള്ള അജ്ഞതയും ശത്രുതയും നിമിത്തം അവർക്ക് അതറിയാൻ കഴിഞ്ഞില്ല. എന്നുമാത്രമല്ല, സാമുദായികമായി ഹിന്ദുക്കളോട് പുലർത്തുന്ന ബന്ധം അവർ മുസ്ലിംകളുമായി പുലർത്തുന്നുമില്ല. ചോലാ സാഹിബിൽ ബാബാനാനക്ക് എഴുതിവച്ചിട്ടുള്ളതെന്തോ ആ ഒസ്യത്ത് പ്രകാരം അവർ പ്രവർത്തിച്ചാൽ മതിയായിരുന്നു. ഇസ്ലാം അല്ലാതെ മറ്റൊരു മതവും ശരിയോ സത്യമോ അല്ലെന്നാണ് ചോലാസാഹിബിൽ രേഖപ്പെടുത്തിട്ടുള്ളത്. ഇപ്രകാരമുള്ള നാനക് ഗുരുവിന്റെ ഇത്രയും പ്രധാനപ്പെട്ട ശാസനത്തെ തള്ളിക്കളയുന്നത് അത്യന്തം ഖേദകരമായ കാര്യമത്രെ. ബാബാനാനാക്കിന്റെ കയ്യെഴുത്ത് സ്മാരകമായി ഖാൽസാ സാഹിബുമാരുടെ പക്കൽ ഈ ഒരൊറ്റ ചോലാ സാഹിബ് മാത്രമെ ഉള്ളുതാനും. ഗ്രന്ഥ സാഹിബിലെ ശബ്ദങ്ങൾ (ഗീതങ്ങൾ) വളരെ പിന്നീട് ക്രോഡീകരിച്ചിട്ടുള്ളതത്രെ. അതിൽ ഗവേഷകർക്ക് വളരെയേറെ അഭിപ്രായവ്യത്യാസങ്ങളുണ്ട് താനും. അതിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായതെന്നും ആരുടെയൊക്കെ വാക്കുകളുടെ ശേഖരമാണതെന്നും ദൈവത്തിനുമാത്രമെ അറിയൂ. ഏതായാലും ഈ കഥ ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല.

മനുഷ്യവർഗത്തിന്റെ വിശ്വാസത്തെ പുതുക്കിയുറപ്പിക്കുന്നതിനായി പുതുതായുള്ള വെളിപാടുകളുടെ ആവശ്യം എന്നും നിലനിൽക്കുന്നുണ്ടെന്നതാണ് നമ്മുടെ അസൽ വിഷയം. ഈ വെളിപാടുകൾ പ്രഭാവ

ശക്തി മുഖേന തിരിച്ചറിയപ്പെടുന്നതാണ്. എന്തുകൊണ്ടെന്നാൽ ദൈവത്തിന്നല്ലാതെ ശൈത്താന്നോ ജിന്നിനോ ഭൂതത്തിനോ ഈ പ്രഭാവശക്തി സ്വായത്തമല്ല തന്നെ. ഇമാമുസ്സമാന്റെ വെളിപാടുകൾ മുഖേനയാണ് മറ്റു വെളിപാടുകളുടെ സത്യാസത്യങ്ങൾ നിർണയിക്കപ്പെടുക.

'ഇമാമുസ്സമാൻ' ആയിട്ടുള്ള ആളുടെ പ്രകൃതിയിൽതന്നെ നേതൃശക്തി അടങ്ങിയിരിക്കുമെന്ന് ഞാൻ വിവരിച്ചുവല്ലോ. കൂടാതെ, ദൈവികശക്തി അദ്ദേഹത്തിൽ ഏത് കാര്യത്തിനും മുൻകൈ എടുക്കാനുള്ള പ്രത്യേക ഗുണം നിക്ഷേപിച്ചിരിക്കുന്നു. ദൈവം മനുഷ്യരെ ഭിന്നിച്ച നിലയിൽ വിട്ടുകളയാൻ ഇഷ്ടപ്പെടുന്നില്ലെന്നത് അവന്റെ സുന്നത്താകുന്നു. സൗരയൂഥത്തിൽ അനേകം നക്ഷത്രങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. സൂര്യന് ഈ വ്യവസ്ഥയുടെ രാജത്വം നൽകി അനുഗ്രഹിച്ചതുപോലെ സത്യവിശ്വാസികളെയെല്ലാം നക്ഷത്രങ്ങളെയെന്നപോലെ അതാതിന്റെ സ്ഥാനക്രമമനുസരിച്ച് നിർത്തിയിട്ട് അവയ്ക്ക് പ്രകാശത്തെ പ്രദാനം ചെയ്തുകൊണ്ട് 'ഇമാമുസ്സമാനെ' അവരുടെ സൂര്യനാക്കിയിരിക്കുന്നു. തേനീച്ചകളിലും അവയുടെ പ്രകൃതിയിൽ ഈ ദൈവിക വ്യവസ്ഥ കാണാവുന്നതാണ്. അവക്കിടയിലും രാജാവ് എന്നറിയപ്പെടുന്ന ഒരു ഇമാം ഉണ്ട്. ഭൗതികഭരണത്തിലും ദൈവം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് ഒരു ജനതയിൽ ഒരു അമീറോ രാജാവോ ഉണ്ടായിരിക്കണമെന്നാണ്. ഭിന്നിപ്പുണ്ടാക്കാൻ ആഗ്രഹിക്കുന്നവരിലും അമീറിന്റെ കല്പനക്ക് വഴിപ്പെടാത്തവരിലും ദൈവത്തിന്റെ ശാപമുണ്ടാകുന്നു. സർവ്വശക്തനായ അല്ലാഹു പറയുന്നത്.

"അല്ലാഹുവിനെയും അവന്റെ റസൂലിനെയും നിങ്ങളിൽ നിന്നുള്ള നിങ്ങളുടെ ഉലുൽഅംറിനെയും അനുസരിക്കുവിൻ' എന്നാണ്. ഉലുൽഅംറ് എന്നതിന്റെ അർത്ഥം ഭൗതികനിലയിൽ രാജാവ് അഥവാ ഭരണകർത്താവ് എന്നും ആത്മീയനിലയിൽ 'ഇമാമുസ്സമാൻ' എന്നും ആകുന്നു. ഭൗതികനിലയിൽ നമ്മുടെ ലക്ഷ്യങ്ങളെ എതിർക്കാത്തവരും മതപരമായി നമുക്ക് പ്രയോജനം ഉള്ളവും നമ്മിൽപെട്ടവരാകുന്നു. ഇതുകൊണ്ട് തന്നെയാണ് ഇംഗ്ലീഷ് ഭരണാധികാരികളെ നിങ്ങളുടെ ഉലൂൽഅംറിൽ ഉൾപ്പെടുത്തണമെന്നും ഹൃദയപൂർവ്വം അവരെ അനുസരിക്കണമെന്നും ഞാൻ എന്റെ ജമാഅത്തിനെ ഉപദേശിച്ചുപോന്നിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ അവർ നമ്മുടെ മതത്തിന്റെ ലക്ഷ്യങ്ങളെ തടയുന്നവരല്ല. മറിച്ച്, അവരുടെ സാന്നിദ്ധ്യം മുഖേന നമുക്ക് ആശ്വാസം ലഭിച്ചിരിക്കുന്നു. ഇംഗ്ലീഷ് ഭരണാധികാരികൾ നമ്മുടെ ദീനിനെ സഹായിച്ചിട്ടുണ്ട് എന്നും ഇന്ത്യയിലെ മുസ്‌ലിം രാജാക്കന്മാർക്കു പോലും സാധ്യമായിട്ടില്ലാത്ത തരത്തിലുള്ള സഹായങ്ങളാണ് അവയെന്നും നാം സമ്മതിച്ചു പറയുവാനൊരുങ്ങുന്നില്ലെങ്കിൽ നാം വഞ്ചന പ്രവർത്തിക്കുകയാവും. ഇന്ത്യയിലെ ചില മുസ്‌ലിം രാജാക്കന്മാർ അവരുടെ ഭീരുത്വം കൊണ്ടുതന്നെ പഞ്ചാബ് സംസ്ഥാനത്തെ കയ്യൊഴിച്ചു കളഞ്ഞിരുന്നു. അവരുടെ അലംഭാവം കാരണം സിക്കുകാരായ വിവിധ ഭരണകർത്താക്കളുടെ കാലത്ത് നമുക്കും നമ്മുടെ ദീനിനും അനേകം കഷ്ടനഷ്ടങ്ങൾ അവരിൽ നിന്നും നേരിടേണ്ടി വന്നു. പള്ളികളിൽ വെച്ച് സംഘനമസ്കാരം അനുഷ്ഠിക്കുവാനോ ഉച്ചത്തിൽ ബാങ്ക് മുഴക്കുവാനോ അനുവദിച്ചിരുന്നില്ല. പഞ്ചാബിൽ ദീനുൽ ഇസ്‌ലാം മരിച്ചപോലെ ആയിത്തീർന്നിരുന്നു. പിന്നീട് ഇംഗ്ലീഷുകാർ അധികാരത്തിൽ വന്നപ്പോൾ നമ്മുടെ സൗഭാഗ്യം തിരിച്ചുകിട്ടി. അവർ ഇസ്‌ലാം ദീനിനെ പിന്തുണച്ചു. മതധർമ്മങ്ങൾ അനുഷ്ഠിക്കുന്ന കാര്യത്തിൽ അവർ നമുക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം നൽകി. അതോടെ നമ്മുടെ പള്ളികൾ പ്രവർ ത്തനക്ഷമങ്ങളായി. ഏറെക്കാലത്തിനുശേഷം പഞ്ചാബിൽ ഇസ്‌ലാമിന്റെ അടയാളങ്ങൾ ദൃശ്യങ്ങളായിത്തുടങ്ങി. ഈ അനുഗ്രഹങ്ങൾ ഓർമ്മിക്കപ്പെടേണ്ടവയല്ലേ? സത്യമിതാണ്. ഭീരുക്കളായ മുസ്‌ലിം രാജാക്കന്മാർ തങ്ങളുടെ ഉദാസീനത കാരണം നമ്മെ കുഫ്റ് സ്ഥാനിലേക്ക് തള്ളിക്കളഞ്ഞിരുന്നു. ഇംഗ്ലീഷുകാരാണ് നമ്മെ കൈപിടിച്ച് അതിൽ നിന്ന് പുറത്തുകൊണ്ടുവന്നത്. അതുകൊണ്ട് ഇംഗ്ലീഷുകാർക്കെതിരെ രാജ്യദ്രോഹത്തിന്റെ കറിവെക്കുന്നത് ദൈവത്തിന്റെ അനുഗ്രഹങ്ങളെ വിസ്മരിക്കുന്നതിന് തുല്യമായിരിക്കും.

ഞാൻ മൂലവിഷയത്തിലേക്ക് തന്നെ തിരിയട്ടെ. ഭൗതികപരിഷ്കരണത്തിന് ഒരു ഭരണകർത്താവിന്റെ കൽപനയ്ക്ക് വിധേയരായി ജീവിക്കാൻ വിശുദ്ധ ഖുർആൻ ഊന്നിപ്പറഞ്ഞിരിക്കുന്നതിൻപ്രകാരം തന്നെ. ആത്മീയ പരിഷ്കരണത്തിന്നായും ഇതുതന്നെ കൽപിച്ചിരിക്കുന്നു. അല്ലാഹു

ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം

സിറാത്തല്ലദീന അൻ അംത അലൈഹിം

എന്ന പ്രാർത്ഥന പഠിപ്പിച്ചിരിക്കുന്നത് ഇതിലേക്കുള്ള സൂചന നൽകുന്നു. ഇപ്രകാരം യാതൊരു സത്യവിശ്വാസിയും എന്നല്ല, യാതൊരു ജീവജന്തുവും തന്നെ അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് ഒഴിഞ്ഞിട്ടില്ലെങ്കിൽ അവയെയെല്ലാം പിന്തുടരുന്നതിന് വേണ്ടിയാണ് അല്ലാഹു ഈ കൽപന നൽകിയതെന്ന് പറയാൻ സാധ്യമല്ല. പൂർണവും സാമാപ്തികവുമായ നിലയിൽ ആത്മീയമായ അനുഗ്രഹങ്ങളുടെ പെരുമഴ ആരിൽ കോരിച്ചൊരിഞ്ഞുവോ അവരുടെ മാർഗത്തിൽ ചരിക്കുമാറാകാനുള്ള ഭാഗ്യം തന്നരുളേണമേ എന്നാണ് ഈ ആയത്തിന്റെ അർത്ഥം. നിങ്ങൾ 'ഇമാമുസ്സമാ'ന്റെ ഒപ്പമായിരിക്കണമെന്നതിലേക്കാണ് ഈ ആയത്ത് സൂചന നൽകുന്നത്. ദൈവത്തിന്റെ സൃഷ്ടികളുടെ മാർഗദർശനത്തിനും ശിക്ഷണത്തിനുമായി നിയുക്തരായിട്ടില്ലാത്തവർ, ആ പൂർണതകൾ ആർക്ക് നൽകപ്പെട്ടിട്ടില്ലയോ അവർ, 'വലി' ആയാലും 'അബ്ദാൽ' ആയാലും ഇമാമുസ്സമാൻ എന്നു പറയപ്പെടാവതല്ല. ●

**(സൂറത്തുൽ ഇമാം)**

**വിവ: എൻ. അബ്ദുറഹീം**

# ഭാഷയും ആശയവിനിമയവും

ഏ.എം. മുഹമ്മദ് സലിം

## മനുഷ്യൻ സംസാരിക്കുമ്പോൾ ആശയവിനിമയം എങ്ങനെ സംഭവിക്കുന്നു എന്നതിനെക്കുറിച്ചുള്ള വിശദീകരണം

മനുഷ്യ ഭാഷയിലൂടെയുള്ള ആശയവിനിമയം എന്നാൽ മനുഷ്യന്റെ ഉച്ചാരണാവയവങ്ങളുപയോഗിച്ച് ഉച്ചരിക്കപ്പെടുകയും അത് ശ്രോതാവ് കേട്ട് ഗ്രഹിക്കുകയും ചെയ്യുന്ന പ്രക്രിയയാണ്.

മനുഷ്യൻ ഭാഷണത്തിലേർപ്പെടു മ്പോൾ - അംഗവിക്ഷേപം, മുഖഭാവം, ശാരീരികാവസ്ഥ അഥവാ ശരീരഭാഷ എന്നിവയെല്ലാം ഭാഷാ വിനിമയത്തിൽ സ്വാധീനം ചെലുത്തുന്നു. അതുപോലെ കരച്ചിലും ചിരിയും മൗനവും ചില ആശയങ്ങൾ വിനിമയം ചെയ്യാറുണ്ട്. അംഗവിക്ഷേപങ്ങൾ കൊണ്ട് (Sign language) മാത്രമായും മനുഷ്യന് ആശയവിനിമയം നടത്താൻ സാധിക്കും. മൂകരും ബധിരരും ഈ വിധമാണല്ലോ ആശയവിനിമയം ചെയ്യുന്നത്. അതുപോലെ ചില സൂചനകളും പ്രതീകങ്ങളുമുപയോഗിച്ചും മനുഷ്യന് ആശയവിനിമയം നടത്താനാവും. ദൂരെ നിന്നും പുക കണ്ടാൽ അവിടെ തീയുണ്ടെന്നും - റെയിൽവേ സ്റ്റേഷനിൽ പച്ച വിളക്ക് കണ്ടാൽ വണ്ടി പുറപ്പെടാൻ സമയമായി എന്നുമുള്ള ആശയം വിനിമയം ചെയ്യപ്പെടുന്നു. പക്ഷേ ഇതൊന്നും തന്നെ ഭാഷാശബ്ദങ്ങൾ (സ്വനം) ഉപയോഗിച്ചുകൊണ്ടുള്ള പൂർണമായ ആശയവിനിമയങ്ങളോട് കിടനിൽക്കുന്നില്ല. മനുഷ്യന്റെ ബോധമണ്ഡലത്തിലുദിക്കുന്ന എല്ലാ ആശയങ്ങൾക്കും കൃത്യവും അർത്ഥവത്തുമായ സ്വനവിന്യാസത്തിലൂടെ ഭാഷാവിഷ്കാരം നൽകേണ്ടതുണ്ട്. മനുഷ്യനിൽ അവന്റെ, സൃഷ്ടിയിൽ തന്നെ ജനിതകപരമായി ഭാഷണസിദ്ധി സന്നിവേശിപ്പിച്ചിട്ടുണ്ട് എന്ന് ആധുനിക ഭാഷാശാസ്ത്രം വ്യക്തമാക്കുന്നു.

'***അവൻ മനുഷ്യനെ സൃഷ്ടി ച്ചു അവനെ ഭാഷണസിദ്ധിയോടുകൂടിയ ആശയപ്രകടനരീതി പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു. (5: 3,4).*** എന്ന ഖുർആനിക വചനത്തിലും ഭാഷാസിദ്ധി മനുഷ്യസൃഷ്ടിപ്പിൽ തന്നെ ഉൾചേർത്ത ഒരു ജന്മജാത വരദാനമാണെന്ന് വ്യക്തമാക്കുന്നു.

### നോം ചോംസ്കി

അമേരിക്കയിലെ വിശ്വപ്രശസ്ത ഭാഷാപണ്ഡിതനും വന്ദ്യവയോധികനുമായ നോം ചോസ്കിയുടെ അഭിപ്രായപ്രകാരം ഭാഷാസിദ്ധി മനുഷ്യനിൽ അമൂർത്തവും ജൈവികവുമായി ഉൾചേർന്ന ഒരു അവയവംപോലെയാണെന്നാണ്. ചോംസ്കിയുടെ രംഗപ്രവേശം ഭാഷാശാസ്ത്രരംഗത്ത് സമൂലമായ ഒരു വിപ്ലവമാണ് സൃഷ്ടിച്ചിട്ടുള്ളത്. ലോകത്തിൽ മനുഷ്യൻ സംസാരിക്കുന്ന എല്ലാ ഭാഷകൾക്കും ബാധകമായ ചോംസ്കിയുടെ സാർവ്വലൗകിക ഭാഷാവ്യാകരണം ശ്രദ്ധേയമാണ്. മനുഷ്യമസ്തിഷ്കത്തിൽ തന്നെ ലീനമായി കിടക്കുന്ന ഭാഷയുടെ സാർവ്വത്രികമായ ഘടകത്തെയാണ് അദ്ദേഹം ഭാഷയുടെ വ്യാകരണം എന്ന് വിളിക്കുന്നത്. ഭാഷയിലുണ്ടാകുന്ന വ്യാകരണസാധുതയുള്ള എണ്ണമറ്റ വാക്യങ്ങൾ എങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്നു എന്ന നിയമം കൂടി വിശദീകരിക്കാൻ വ്യാകരണത്തിന് കഴിയണം. നാം സംസാരിക്കുന്ന വ്യവഹാരഭാഷയിലെ ബാഹ്യഘടകങ്ങളെ വിവരിക്കുന്നതും നാം സാധാരണ ഉപയോഗിക്കുന്നതുമായ വിവരണാത്മക വ്യാകരണ (Descriptive grammar) ത്തിന് മൗലികമായ ഈ ഭാഷാപ്രശ്നം വിശദീകരിക്കാൻ പര്യാപ്തമല്ല. ഇങ്ങനെ വ്യാകരണ സാധുതയുള്ള ഭാഷാപദങ്ങളെ വ്യുൽപാദിപ്പിക്കാൻ സാധിക്കുന്ന ഒരു ഫോർമുല നോംചോംസ്കി കണ്ടെത്തി. അതാണ് അദ്ദേഹത്തിന്റെ പ്രശസ്തമായ പ്രജനനാത്മക വ്യാകരണം (Generative grammar). ചോംസ്കി നടത്തിയ ഗഹനവും സങ്കീർണ്ണവുമായ പഠനങ്ങൾ മനുഷ്യഭാഷയെക്കുറിച്ച് അഗാധമായ ഉൾക്കാഴ്ചയാണ് നൽകുന്നത്. അറബിഭാഷയെ

ആധാരമാക്കിയുള്ള ഹദ്റത്ത് അഹ്മദി (അ)ന്റെ സാർവ്വ ലൗകികഭാഷാവാദ സങ്കല്പത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് ചോംസ്കിയുടെ ചില ഭാഷാശാസ്ത്രസങ്കല്പങ്ങൾ.

ചോംസ്കിയുടെ രംഗപ്രവേശനത്തിന് മുമ്പ് ഭാഷാശാസ്ത്രം ബിഹേവിയറിസ്റ്റുകൾ എന്നറിയപ്പെടുന്ന വസ്തുനിഷ്ഠാവാദികളായ ഭാഷാപണ്ഡിതന്മാരുടെ ആധിപത്യത്തിനു കീഴിലായിരുന്നു. ഭാഷാശാസ്ത്രത്തിലെ ഭൗതികവാദികളാണ് ബിഹേവിയറിസ്റ്റുകൾ. മറ്റു ജീവികൾ ബാഹ്യപ്രേരണകളോടു നടത്തുന്ന പ്രതികരണങ്ങൾ പോലെ മനുഷ്യന്റെ ഭാഷ കേവലം ബാഹ്യമായ ഒരു പ്രവർത്തനമാണെന്നായിരുന്നു ബിഹേവിയറിസ്റ്റുകളുടെ സമീപനം. മനുഷ്യൻ എങ്ങനെ ചിന്തിക്കുന്നു എന്ന അമൂർത്തവും അതീന്ദ്രിയവുമായ തലത്തിലേക്ക് നോക്കുന്നതിന് പകരം എങ്ങിനെ പെരുമാറുന്നുവെന്ന മൂർത്തവും വസ്തുനിഷ്ഠവുമായ തലത്തിലേക്കാണ് ഭാഷാഗവേഷണം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് എന്നായിരുന്നു ബിഹേവിയറിസ്റ്റുകളുടെ നിലപാട്. നേരിട്ട് നിരീക്ഷണത്തിന് വിധേയമല്ലാത്ത ഒന്നും ബിഹേവിയറിസം ശാസ്ത്രീയമായ പഠനത്തിലുൾപ്പെടുത്തുകയില്ല. ഭാഷാശാസ്ത്രത്തെ സംബന്ധിച്ച ബിഹേവിയറിസ്റ്റുകളുടെ ശുഷ്ക്കമായ ഈ നിലപാടിനെ തകർത്തുകൊണ്ടാണ് നോം ചോംസ്കി കടന്നുവന്നത്.

ഭാഷണ സിദ്ധി ഒരു അവയവം പോലെ – മനുഷ്യസൃഷ്ടിപ്പിൽ ജനിതകപരമായി സന്നിവേശിപ്പിച്ചിട്ടുള്ളതും മസ്തിഷ്കത്തിൽ അത് മുദ്രണം ചെയ്തിട്ടുള്ളതുമാണെന്നും ചോംസ്കി പറയുന്നു:

*'മനുഷ്യ മസ്തിഷ്ക്കത്തിലെ ഒരു പ്രത്യേക ഘടകം (അതിനെ ഭാഷാസിദ്ധി - Language faculty – എന്ന് വിളിക്കാം) ഭാഷക്ക് വേണ്ടി സമർപ്പിക്കപ്പെട്ടിരിക്കുകയാണെന്ന് ഇപ്പോൾ യുക്തിപരമായി സ്ഥാപിക്കപ്പെട്ടിരിക്കുകയാണ്..... കിഡ്നി, രക്തചംക്രമണ വ്യവസ്ഥ എന്നീ മനുഷ്യശരീരത്തിലെ അവയവങ്ങളുടെ പ്രവർത്തനത്തിന് വേണ്ടിയുള്ള മസ്തിഷ്ക്കത്തിലെ പ്രാഥമിക കേന്ദ്രങ്ങൾ പോലെ മനുഷ്യമസ്തിഷ്കത്തിൽ ഒരു ഉപവ്യവസ്ഥയായി (Sub system) ഭാഷാസിദ്ധി (മറ്റൊരർത്ഥത്തിൽ 'മനസ്സ്') ജനിതകപരമായി രേഖപ്പെട്ടുകിടക്കുന്നു. മസ്തിഷ്ക്കത്തിൽ രേഖപ്പെട്ടുകിടക്കുന്ന ഭാഷക്ക് വേണ്ടിയുള്ള ഈ പ്രാഥമിക വ്യവസ്ഥയെ സംബന്ധിച്ച പഠനം, പാരമ്പര്യ സാർവ്വലൗകിക വ്യാകരണത്തിന്റെ സമകാലീന രൂപമാണ്.*

*മറ്റു അവയവ വ്യവസ്ഥകളുടേത് പോലെ ഭാഷാസിദ്ധിക്കുള്ള കഴിവുകളും (Language faculty) ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ നിന്നും ശൈശവത്തിലൂടെ കടന്നുവരുന്നു. താരതമ്യേന പ്രായപൂർത്തിയെത്തുമ്പോൾ ഒരു പക്വനില (Steady state) കൈവരിക്കുന്നു. ഇതാണ് ഭാഷാർജനത്തിന്റെ പ്രക്രിയയുടെ ഘട്ടം. ചിലപ്പോൾ ഇതിനെ ഭാഷാപഠന (Language learning) ഘട്ടം എന്ന് തെറ്റിദ്ധരിക്കാറുണ്ട്. ഈ പ്രക്രിയക്ക് 'പഠിക്കുക' എന്ന വൃത്തിയുമായി വളരെ നേരിയ സാമ്യത മാത്രമേയുള്ളൂ. മനുഷ്യനിൽ പ്രായപൂർത്തി എത്തുന്നതിന് മുമ്പേ ഈ വളർച്ച സ്ഥിരത കൈവരിക്കുന്നു. ഒരുപക്ഷേ 6 മുതൽ 8 വയസ്സിന്നുള്ളിൽ ഈ സ്ഥിരത കൈവരിക്കുമെന്ന് ചില ഗവേഷകർ വിശ്വസിക്കുന്നു. ഈ അവയവ വ്യവസ്ഥകളെല്ലാം സ്ഥിരത കൈവരിച്ചതിന് ശേഷവും മാറ്റങ്ങൾ ഉണ്ടാവുന്നതാണ്. പക്ഷേ അത് പുതിയ വാക്കുകളുടെ ആർജനം, സാമൂഹിക നടപ്പിനനുസരിച്ച ഭാഷാപ്രയോഗങ്ങൾ മുതലായ ചെറിയ മാറ്റങ്ങളിൽ മാത്രം പരിമിതമാണ്. ഇത്പോലെ തന്നെയാണ് മനുഷ്യന്റെ മറ്റ് അവയവങ്ങളുടെ വികസനവും." (Power and prospects - language and thought - Noam Chomsky - P. 13)*

## ആശയവിനിമയം നടക്കുന്നതെങ്ങനെ

ഇനി ഭാഷ സംസാരിക്കുമ്പോൾ ശ്രോതാവ് അത് എങ്ങനെയാണ് കേട്ടു മനസ്സിലാക്കുന്നത് എന്നതിനെ പറ്റി ചിന്തിക്കാം. ഭാഷകന്റെ അഥവാ വാക്താവിന്റെയും ശ്രോതാവിന്റെയും സ്ഥാനത്ത് രണ്ടു പേർ പരസ്പരം മാറി മാറി നടത്തുന്ന ഭാഷാപ്രക്രിയയാണ് ആശയവിനിമയം – എങ്ങനെയാണ് അവ സംഭവിക്കുന്നതെന്ന് നോക്കാം. രണ്ടാളുകൾ തമ്മിൽ ഭാഷണത്തിലൂടെ ആശയവിനിമയം നടക്കുമ്പോൾ സംസാരിക്കുന്നയാൾ ചിന്താമണ്ഡലത്തിൽ വെച്ച് ആശയരൂപീകരണം നടത്തുന്നു. (Ideation) ഈ മണ്ഡലം അമൂർത്തവും അതീന്ദ്രിയവുമാണെന്ന് പറയാം. ചിന്താരൂപീകരണത്തിനാധാരമായി ശരീരത്തിൽ പ്രത്യേക കോശമോ കലകളോ അവയവമോ ഇല്ല. നമ്മുടെ ചിന്തകൾക്ക് ഭൗതികമായി ശരീരത്തിൽ മൂർത്തമായൊരു അധിഷ്ഠാനം കണ്ടെത്താൻ ശാസ്ത്രലോകത്തിന് സാധിച്ചിട്ടില്ല. ചിന്താമണ്ഡലം ഇപ്പോഴും ശാസ്ത്രത്തിനജ്ഞാതമായ ഒരു നിഗൂഢ മേഖലയാണ്. പക്ഷേ സ്ഥൂലമായ മസ്തിഷ്ക്കവും ചിന്ത യുമായുള്ള പരസ്പര ബന്ധം അഭേദ്യവും അനിഷേധ്യവുമാണ്.

ചിന്താമണ്ഡലത്തിൽ നിന്നും അഥവാ മനസ്സിൽ നിന്നും രൂപംകൊള്ളുന്ന ചിന്താ പ്രക്രിയ, മസ്തിഷ്ക്കത്തിൽ പ്രവർത്തനമാരംഭിക്കുന്നു. സംഭാഷണ സന്ദർഭത്തിനനുസരിച്ച് ഭാഷണത്തിന്റെ ലഘു മാത്രകൾ ഉചിതമായി അടുക്കിവെച്ച് പദങ്ങളും പദസംഹിതകളും കൂട്ടിചേർത്ത് വാക്യങ്ങളാക്കി ഞൊടിയിടക്കുള്ളിൽ മനുഷ്യൻ പ്രയോഗിക്കുന്നു. മസ്തിഷ്ക്കത്തിലുള്ള ചിന്തകൾ അതേപടി വാക്താവിന് ശ്രോതാവിലേക്ക് വിനിമയം ചെയ്യാൻ സാധ്യമല്ല. അതിനെ ഭാഷയിലേക്ക് സങ്കേതനം (Encode) ചെയ്യണം. അങ്ങനെ സങ്കേതനം ചെയ്തു കഴിഞ്ഞ ഭാഷാശബ്ദങ്ങൾ (Speech sound) പിന്നീട് ഉച്ചാരണാവയവങ്ങളിലൂടെ ഉച്ചരിക്കപ്പെടുന്നു. ഇവിടം മുതലാണ് ഭാഷ ഒരു മൂർത്തരൂപം പ്രാപിക്കുന്നത്. വായും മൂക്കും തൊണ്ടയും ശ്വാസകോശങ്ങളുമാണ് ഭാഷണത്തിന് പ്രകടമായും പങ്കെടുക്കുന്ന ശാരീരികാവയവങ്ങൾ.

ഇങ്ങനെ വായിലൂടെ ഉച്ചരിക്കപ്പെടുന്ന ഭാഷണശബ്ദ

ങ്ങൾ ശബ്ദതരംഗങ്ങളായി അന്തരീക്ഷവായുവിലേക്ക് പ്രേഷണം ചെയ്യപ്പെടുന്നു. അന്തരീക്ഷവായുവിലൂടെ സഞ്ചരിക്കുന്ന ഈ ശബ്ദതരംഗങ്ങൾ ഉത്ഭവസ്ഥാനത്ത് നിന്നും പ്രാപ്യസ്ഥാനമായ ശ്രോതാവിന്റെ ചെവിയിൽ എത്തിചേരുന്നു.

## ചെവിയുടെ അത്ഭുതങ്ങൾ

നമ്മുടെ തലക്ക് ഇരുവശങ്ങളിലുമായി എഴുന്നുനില്ക്കുന്ന ചെവി എന്ന അവയവത്തിന്റെ അത്ഭുതങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണ്. കർണാവയവത്തിന്റെ വിസ്മയങ്ങൾ പഠിച്ചറിഞ്ഞ് അല്ലാഹുവിന് കൃതജ്ഞത രേഖപ്പെടുത്തണമെന്ന് ഖുർആൻ ആഹ്വാനം ചെയ്യുന്നു.

***'നിങ്ങൾ ഒന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ നിങ്ങളുടെ മാതാപിതാക്കളുടെ ഉദരങ്ങളിൽ നിന്നും പുറത്തുകൊണ്ടുവന്നു. അവൻ നിങ്ങൾക്ക് ചെവികളും കണ്ണുകളും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു. നിങ്ങൾ കൃതജ്ഞത കാണിക്കാൻ വേണ്ടി (16:79)***

ഖുർആൻ ഇവിടെ ചെവിയേയും കണ്ണിനേയും മസ്തിഷ്ക്കവുമായല്ല ബന്ധിപ്പിച്ചിട്ടുള്ളത്. 'മനസ്സ്' എന്ന ലക്ഷ്യാർത്ഥമുള്ള ഹൃദയവുമായാണ് ബന്ധിപ്പിച്ചിരിക്കുന്നത്. മനസ്സ് എന്ന പ്രതിഭാസത്തിന്റെ പ്രഭാവത്തിന് ഈ അവയവങ്ങളും നേരിട്ടു വിധേയമാണെന്നതിലേക്ക് ഇത് സൂചന നൽകുന്നില്ലേ?

മനുഷ്യന്റെ ചെവി ഭാഷണശബ്ദങ്ങൾ തിരിച്ചറിയുക എന്ന ധർമ്മത്തിനു പുറമെ മനുഷ്യശരീരത്തിന്റെ ബാലൻസ് നിലനിർത്തുന്നതിലും ഒരു സുപ്രധാന പങ്കു വഹിക്കുന്നു. നമ്മുടെ വായ ഭക്ഷണം കഴിക്കുന്നതിനും അതുപോലെ സംസാരിക്കുന്നിനും ഉപയോഗിക്കുന്നത് പോലെ ചെവിയുടെ ഈ ബഹുമുഖ പ്രവർത്തനം അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തെ വിളിച്ചോതുന്നു. നിവർന്നു നടക്കുന്ന നമ്മുടെ ശരീരചലനങ്ങൾ മുന്നോട്ടും പിറകോട്ടും വശങ്ങളിലേക്കും ചാഞ്ഞും ചരിഞ്ഞും പോവുമ്പോൾ നമ്മെ നിലംപതിക്കാതെ നിലനിർത്തുന്നത്. ഉൾചെവിയിലെ ബാലൻസിങ്ങ് മെക്കാനിസമാണ്. അതായത് ശരീരം ചലിക്കുമ്പോൾ ഉൾചെവിയിലെ സാന്ദ്രദ്രാവകത്തിനോടു ബന്ധപ്പെട്ട നാഡികൾ മസ്തിഷ്ക്കത്തെ സിഗ്നലുകൾ നൽകി അറിയിക്കുന്നു. അങ്ങനെ മസ്തിഷ്ക്കം ശരീരചലനങ്ങളെ പുനർക്രമീകരിച്ച് ബാലൻസ് നിലനിർത്തി നേരെ നിർത്തുന്നു. ചെവിയുടെ ബാലൻസിങ്ങ് പ്രവർത്തനത്തിന്റെ വിശദാംശങ്ങളിലേക്ക് പോവുന്നില്ല. ചെവി എങ്ങനെ നമ്മുടെ ഭാഷണശബ്ദങ്ങളെ തിരിച്ചറിയുന്നു എന്നതാണ് നമ്മുടെ വിഷയം.

ചെവിക്ക് പ്രധാനമായും മൂന്ന് അവയവങ്ങളുണ്ട്. പുറം ചെവി (Outer ear), ഇടംചെവി (Middle ear), ഉൾചെവി (Inner ear) ഉൾചെവിയിലേക്ക് നയിക്കുന്ന കുമ്പിൾ പോലെയുള്ള കുഴലും കർണ്ണപാളിയും ചേർന്നതാണ് പുറം ചെവി. ഭാഷകന്റെ ശബ്ദതരംഗങ്ങൾ ശ്രോതാവിന്റെ ചെവിയിലെ കർണ്ണപാളിയെ (Ear drum) പ്രകമ്പിതമാക്കുന്നു. കർണപാളിയോട് ചേർന്ന് ശരീരത്തിലെ ഏറ്റവും ലോലമായ ഒരു അസ്ഥിശൃംഖലയുണ്ട്. അതിനോട് ചേർന്ന് അണ്ഡാകൃതിയിലുള്ള ഒരു ജാലകം (Oval window) വഴി ശബ്ദതരംഗങ്ങൾ ഉൾചെവിയിലെ കോക്ലിയയിലുള്ള സാന്ദ്രദ്രാവകത്തിലേക്ക് കടക്കുന്നു. ചുരുളാകൃതിയിലുള്ള ഈ അവയവമാണ് കേൾവിയുടെ പ്രധാന ധർമ്മം നിർവ്വഹിക്കുന്നത്. ശബ്ദതരംഗങ്ങളുടെ ഈ സഞ്ചാരത്തിനിടയിൽ ചലനങ്ങളുടെ അളവ് കുറഞ്ഞ് വരികയും തീവ്രത ഏറിവരികയും ചെയ്യുന്നു. ആ വിധത്തിലാണ് ലോലമായ ഈ അവയവങ്ങളുടെ ഘടന. കൂടാതെ അവിചാരിതമായുണ്ടാകുന്ന കഠിനശബ്ദങ്ങളിൽ നിന്നും ചെവിയെ രക്ഷിക്കാനുള്ള സംവിധാനവും ഇതിലടങ്ങിയിരിക്കുന്നു.

സാന്ദ്രദ്രാവകം നിറക്കപ്പെട്ട കോക്ളിയക്ക് നടുവിൽ ഒരു വിഭാജകഭിത്തി (Diaphram) യുണ്ട്. പല തരത്തിലുള്ള ഭാഷാശബ്ദതരംഗങ്ങൾ കടന്നുവരുന്നതിനനുസരിച്ച് ഈ വിഭാജകഭിത്തി പലവിധത്തിൽ സ്പന്ദിക്കുന്നു. പ്രധാനപ്പെട്ട കാര്യം, ഭാഷണശബ്ദങ്ങളുടെ പ്രാഥമികാപഗ്രഥനവും തിരിച്ചറിയലും ഈ അവയവത്തിൽ വെച്ചുതന്നെ നടക്കുന്നു എന്നതാണ്. അത് പിന്നീട് ശ്രവണനാഡികൾ (Auditory nerve) വഴി നാഡീയ ചോദനങ്ങളായി (Neural impulse) മസ്തിഷ്ക്കത്തിലെത്തുന്നു. ചെവികൾ പ്രോസസ് ചെയ്ത നാഡീയ ചോദനകളെ മസ്തിഷ്ക്കം ഭാഷകൾക്കായുള്ള വിവിധ ഘടകങ്ങളുമായി ബന്ധപ്പെടുത്തുന്നു. ഇതാണ് ശ്രോതാവിന്റെ ഭാഷാഗ്രഹണത്തിൽ ഏകദേശം സംഭവിക്കുന്നത്. അതായത് ഒരാൾ സംസാരിക്കുമ്പോൾ അയാളുടെ ചിന്തകളെ അഥവാ ആശയങ്ങളെ ഭാഷാശബ്ദങ്ങളായി സങ്കേതനം (Encode) ചെയ്യപ്പെടുകയാണല്ലോ ചെയ്യുന്നത്. ഈ ഭാഷാശബ്ദങ്ങൾ വായുവിലൂടെ സഞ്ചരിച്ച് ശ്രോതാവിൽ തലതിരിച്ച് പ്രവർത്തിക്കുന്നു. അതായത് ഭാഷാശബ്ദങ്ങളെ വിസങ്കേതനം (Decode) ചെയ്ത് ആശയങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് ചെവിയും മസ്തിഷ്ക്കവും കൂടി നിർവ്വഹിക്കുന്നത്.

ശബ്ദങ്ങൾ തിരിച്ചറിയുക എന്നത് ചെവിയുടെ അത്ഭുതകരമായ മറ്റൊരു പ്രവൃത്തിയാണ്. നമുക്ക് പരിചിതരായ ആളുകളുടെ ശബ്ദങ്ങൾ അയാൾ നമ്മുടെ കൺവെട്ടത്തിലില്ലെങ്കിലും വർഷങ്ങൾ കഴിഞ്ഞാലും നാം തിരിച്ചറിയുന്നു. ഒരു വ്യക്തിയുടെ ശബ്ദം മറ്റൊരാളിന്റെ ശബ്ദത്തിൽ നിന്നും ഏതെല്ലാം ഘടകങ്ങളിലാണ് വ്യത്യസ്തമായിരിക്കുന്നതെന്നും അതെങ്ങനെ ചെവി തിരിച്ചറിയുന്നുവെന്നും ഇത് വരെ ശാസ്ത്രം പൂർണ്ണമായും മനസ്സിലാക്കിയിട്ടില്ല.

നിരവധി ശബ്ദങ്ങൾ നമ്മുടെ ചെവിയിൽ വന്നലക്കുമ്പോൾ ഒരു ശബ്ദത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാനും അത് ഗ്രഹിക്കാനും നമുക്ക് സാധിക്കുന്നു. ചിലപ്പോൾ നാം ഒരാളുമായി സംഭാഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ മറ്റൊരാളുടെ ഭാഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പിടിച്ചെ

ടുക്കാനുള്ള വിരുത് പ്രകടിപ്പിക്കാറുണ്ടല്ലോ.

മറ്റൊരു പ്രത്യേകത നാം ഒരാളുമായി സംഭാഷണം നടത്തുമ്പോൾ ഇടവിട്ടിടവിട്ട് ഭാഷകനും ശ്രോതാ വുമായി ത്തീരുന്നു. എന്നാൽ സൂക്ഷ്മമായി ചിന്തിച്ചാൽ നാം ഭാഷകനാവുന്ന അവസരത്തിൽ തന്നെ നമ്മുടെ സ്വന്തം ഭാഷണത്തിന്റെ ശ്രോതാവ് കൂടിയായിത്തീരുന്നു. അപ്രകാരം മറ്റൊരാളുടെ ഭാഷണത്തിന്റെ ശ്രോതാവാകുന്ന അവസരത്തിൽ തന്നെ നാം കേൾക്കുന്ന ഭാഷണത്തിന്റെ ഭാഷകനുമായി മാറുന്നു. സുപരിചിതമായ ഭാഷ കേൾക്കുമ്പോൾ ഭാഷകന്റെ വക്തൃചലനങ്ങൾ ഏറെക്കുറേ അബോധാത്മകമായി ശ്രോതാവ് തന്നിൽ തന്മയീഭവിപ്പിക്കുകയാണ് ചെയ്യുന്നത്. ഏതാണ്ടൊരു പരകായ പ്രവേശം പോലെയാണ് ഭാഷക - ശ്രോതാക്കളുടെ ബന്ധം എന്ന് ശാസ്ത്രം തിരിച്ചറിഞ്ഞിട്ടുണ്ട്.

സംഭാഷണം പുരോഗമിക്കുമ്പോൾ അത് ശരിയായ രീതിയിലാണോ നടക്കുന്നത് എന്ന് നാം അബോധാത്മക മായി പരിശോധിച്ചുകൊണ്ടിരിക്കുന്നു. സ്വന്തം ഉച്ചാരണാവയവങ്ങളിൽ നിന്നും പുറപ്പെടുന്ന സ്വനങ്ങൾ അവനവൻ തന്നെ കേൾക്കുന്നത് മുഖേനയാണ് ഈ പരിശോധന നടക്കുന്നതും നമുക്ക് നിർവിഘ്നം സംസാരിക്കാൻ സാധിക്കുന്നതും. ഈ പ്രതിഭാസത്തിന് ചെവിയുടെ ശ്രവണപുനർനിവേശം (Auditory feed back) എന്നാണ് പറയുക. ശബ്ദം കേൾക്കാൻ കഴിയാത്തവിധം നമ്മുടെ ചെവി ഭദ്രമായി അടച്ചുപിടിച്ചാൽ ഏറെനേരം സ്വാഭാവികമായി രീതിയിൽ സംസാരിക്കാൻ നമുക്ക് സാധ്യമല്ല. കുറച്ചൊക്കെ സംസാരിക്കാൻ സാധിക്കുന്നത് തന്നെ അകത്തെ കമ്പനങ്ങളിലൂടെ നാം സംസാരിക്കുന്നത് അറിയുന്നത് കൊണ്ടാണ്. നാം പറയുന്ന കാര്യം അല്പം വൈകിച്ച് കേൾപ്പിച്ചാലോ അല്ലെങ്കിൽ നാം പറയുമ്പോൾ അത് കേൾക്കാതിരിക്കത്തക്കവണ്ണം ഇയർഫോൺ മുഖേന മറ്റൊരു ശബ്ദം നമ്മുടെ ചെവിക്കുള്ളിൽ കേൾപ്പിച്ചാലോ നമുക്ക് സംസാരിക്കാൻ സാധ്യമല്ലാതെ വരും. അതുകൊണ്ടാണ് കേൾക്കാൻ കഴിവില്ലാത്ത ബധിരന്മാർക്ക് ആരോഗ്യകരമായ ഉച്ചാരണാവയവങ്ങളുണ്ടായിട്ടും സംസാരിക്കാൻ കഴിയാതെ മൂകന്മാരായി പോവുന്നത്. പിൽകാലത്ത് ബാധിര്യം ബാധിച്ചവർക്കും പിന്നീട് ഭാഷണവൈകല്യങ്ങൾ അനുഭവപ്പെടുന്നതും ചെവിയുടെ 'ശ്രവണ പുനർനിവേശന' പ്രതിഭാസം നടക്കാത്തത് മൂലമാണ് ●

(തുടരും)

*(10-ൽ നിന്ന് തുടർച്ച)*

എന്നാൽ Genitics a Molecular Approach എന്ന കൃതിയുടെ കർത്താവ് പറയുന്നു.

*1977ന് ശേഷം ആർക്കായി ബാക്ടീരിയായും മറ്റു പ്രോകാരിയോട്ട് ബാക്ടീരിയായും തമ്മിൽ കൂടുതൽ കൂടുതൽ വ്യത്യാസങ്ങൾ കണ്ടു തുടങ്ങി. ആർക്കായി എന്ന പദം മൈക്രോബയോളജിസ്റ്റുകൾക്ക് കൂടുതൽ കൂടുതൽ സുപരിചിതമായി. മറ്റു ബാക്ടീരിയകളിൽ നിന്നും ആർക്കായീ ബാക്ടീരിയയുടെ വ്യത്യസ്തതക്ക് കൂടുതൽ ഊന്നൽ നൽകപ്പെട്ടു. (6)*

ഖുർആനിക വചനങ്ങളിൽ പ്രതിപാദിച്ച 'ജിന്ന്' എന്ന പദം മേൽവിവരണത്തിന് അനുയോജ്യമാണെന്ന് കാണാം. എന്നാൽ ഈ ബാക്ടീരിയ താപത്തിൽ നിന്ന് നേരിട്ട് ഊർജ്ജം സ്വീകരിക്കാൻ കഴിവുള്ളവയാണെന്നാണ് ശാസ്ത്രജ്ഞന്മാർ ഏകകണ്ഠ്യേന വിവരിക്കുന്നത്. ഡിക്കേഴ്സൺ ഒഴികെയുള്ള ശാസ്ത്രജ്ഞന്മാരാരും തന്നെ ഈ ബാക്ടീരിയ യഥാർത്ഥത്തിൽ കോസ്മിക് രശ്മിയിൽ നിന്നും മിന്നലിന്റെ താപത്തിൽ നിന്നുമാണ് സൃഷ്ടിക്കപ്പെട്ടതെന്ന് പറഞ്ഞിട്ടില്ല. മറ്റുള്ളവർ ഇതിന്റെ നിഗൂഢരഹസ്യങ്ങളറിയാൻ കൂടുതൽ ഗവേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്.

*കടൽ തറയിലെ അഗാധഗർത്തങ്ങളിലുള്ള ചൂടുള്ള നീരൊഴുക്കുകളിൽ, ചാവുകടലിൽ, ഉപ്പുപാളികളിൽ നിലനില്ക്കാൻ കഴിയാത്ത ഉപരിതലങ്ങളിൽ പോലും (ശാസ്ത്രജ്ഞന്മാർ അന്വേഷണം തുടരുകയാണ്) (7)*

പൗരാണികതയുടെ കാര്യത്തിൽ ആർക്കായീ ബാക്ടീരിയ ഏറ്റവും പ്രാഥമിക ജൈവരൂപമാണെന്ന് വോയീസിക്കും സഹപ്രവർത്തകർക്കും യാതൊരു സംശയവുമില്ല. അതേസമയം അറിയപ്പെടാത്ത ഏതോ പിതൃത്വത്തിൽ നിന്നുമാണ് അവ രൂപം കൊണ്ടതെന്നും ചില ശാസ്ത്രജ്ഞന്മാർ കരുതുന്നു.

ഇത്തരം വിഷയങ്ങൾ ഈ ചർച്ചയുടെ പരിധിക്ക് പുറത്താണ് മറ്റു ബാക്ടീരിയകൾ അതിന്റെ പൂർവ്വഗാമികളിൽ നിന്നും രൂപം കൊണ്ടതോ അല്ലയോ എന്നത് ഈ ചർച്ചയെ സംബന്ധിച്ചേടത്തോളം അപ്രസക്തമാണ്. പ്രസക്തമായ കാര്യം **ഏറ്റവും പുരാതനമായ ബാക്ടീരിയ അതിന്റെ ഊർജ്ജം ആഗിരണം ചെയ്തത് താപത്തിൽ നിന്നും നേരിട്ടായിരുന്നു എന്നതാണ്.** പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രഖ്യാപിക്കപ്പെട്ട ഖുർആനിക വചനങ്ങൾക്ക് ഇത് അളവറ്റ രീതിയിൽ പ്രാബല്യം നൽകുന്നു.

***ഇതിന് മുമ്പ് (മനുഷ്യസൃഷ്ടിപ്പിന് മുമ്പ്) ചൂടുകാറ്റിന്റെ അഗ്നിയിൽ (നാരിസമൂം) നിന്നും നാം ജിന്നിനെ സൃഷ്ടിച്ചു. (15:28)***

അഗ്നിയിൽ നിന്നും നേരിട്ടുള്ള താപം ജൈവപൂർവ്വ ജീവിരൂപങ്ങളുടെ (Pre Biotic Organism) സൃഷ്ടിപ്പിൽ ശക്തമായ ഒരു പങ്ക് നിർവ്വഹിച്ചിട്ടുണ്ട് എന്നാണ്. അംഗീകൃത ശാസ്ത്രീയ പഠനങ്ങൾ പറയുന്നത്. വാസ്തവത്തിൽ ഈ കാലഘട്ടത്തിൽ ഊർജ്ജത്തിന്റെ രൂപാന്തരണത്തിനുള്ള ഏക സംഘടിത രൂപം ഇതൊന്നുമാത്രമായിരുന്നു. വ്യഖ്യാനിക്കാൻ പറ്റാത്ത ഏതോ കാരണത്താൽ കോടാനുകോടി വർഷങ്ങൾ കൊണ്ട് അവ പെരുകി. അവയുടെ കൂട്ടമരണം സമു

*(ശേഷം 22 - ൽ)*

ലേഖനം

# ഒരു സൂര്യോദയം കാത്തിരിക്കുന്ന പശ്ചിമചക്രവാളം


**മുഹമ്മദു ഉമർ എച്ച്.എ.**

**നാസിർ ഇസ്‌ലാഹൊ ഇർശാദു ഖാദിയാൻ**


**ഇംഗ്ലണ്ടിലും ജർമ്മനിയിലും വെച്ച് നടന്ന രണ്ട് അഹ്മദിയ്യാ അന്തർദേശീയ സമ്മേളനങ്ങളിൽ പ്രഭാഷകനായി സംബന്ധിച്ച ലേഖകന്റെ അനുഭവക്കുറിപ്പ്**


അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലാഹുത്തആലയുടെ നിർദ്ദേശമനുസരിച്ച് ഈ വിനീതന്ന് ബ്രിട്ടനിലും ജർമ്മനിയിലും നടന്ന വാർഷിക സമ്മേളനങ്ങളിൽ പങ്കെടുക്കുവാനും പ്രഭാഷണം നടത്തുവാനും ഉള്ള സൗഭാഗ്യം ലഭിച്ചു. ഈ പര്യടനത്തിൽ ഭാര്യയും കൂടെയുണ്ടായിരുന്നു. ഈ പര്യടനത്തിൽ യൂറോപ്പിലെ ചില മിഷ്യൻ കേന്ദ്രങ്ങൾ സന്ദർശിക്കുവാനുള്ള ഭാഗ്യവും ലഭിച്ചു. യു.കെ. സമ്മേളനത്തിൽ പങ്കെടുക്കുവാൻ ഞങ്ങളോടൊപ്പം 20 പേരോളമുണ്ടായിരുന്നു. കൂടാതെ 70ൽപരം സഹോദരിസഹോദരന്മാർ ഖാദിയാനിൽ നിന്നു വിവിധ തിയ്യതികളിലായി ലണ്ടനിലേക്ക് പുറപ്പെട്ടിരുന്നു. കേരളത്തിൽ നിന്നും ജനാബ് അഹ്മദു കബീർ സാഹിബ് (എറണാകുളം) ജലീൽ അഹ്മദു സാഹിബ് (കരുനാഗപ്പള്ളി) എസ്. മുഹമ്മദ് സലീം സാഹിബ് (കോഴിക്കോട്) എന്നിവരും ദുബൈയിൽ നിന്നും ചില മലയാളി സുഹൃത്തുക്കളും പങ്കെടുത്തിരുന്നു.

ഖാദിയാനിൽ നിന്നും ഞങ്ങളുടെ യാത്ര 21-7-07ന് ഡൽഹി മാർഗ്ഗം ആരംഭിച്ചു.

### ഡൽഹിമിഷ്യൻ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഡൽഹിയിൽ ജമാഅത്തിന്ന് വളരെ മനോഹരവും പ്രൗഢഗംഭീരവുമായ മസ്ജിദും അതോടനുബന്ധിച്ച് എല്ലാ സൗകര്യങ്ങളുമുള്ള ഗസ്റ്റുഹൗസും ഉണ്ട്. 2000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ സ്ഥലം 1984ൽ ജമാഅത്ത് വാങ്ങുകയും 1988ൽ ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് മസ്ജിദിനുള്ള ശിലാസ്ഥാപനം ചെയ്യുകയും 1991ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഉൽഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. മനോഹരമായ മിനാരവും മിഷ്യൻ ഹൗസും സ്ത്രീകൾക്കായുള്ള ഗാലറിയും ലൈബ്രറിയും എക്സിബിഷൻ ഹാളും അതിഥിമന്ദിരവും അടങ്ങിയ ഈ കെട്ടിടസമുച്ചയം ഇന്ത്യയുടെ തലസ്ഥാനനഗരിയിൽ അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന്നു നൽകിയ ഒരു വരപ്രസാദമാകുന്നു. അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചേടത്തോളം ഒരഭിമാന സ്തംഭമാണീ മസ്ജിദ്!

ഇരുപത് അംഗങ്ങളടങ്ങിയ ഞങ്ങളുടെ സംഘം ജൂലായി 23-ാം തിയതി രാവിലെ ഏഴര മണിക്ക് ജോർഡാൻ എയർലൈനിന്റെ വിമാനത്തിൽ പുറപ്പെട്ടു. പന്ത്രണ്ടര മണിക്കു അമ്മാനിലെത്തി. രണ്ടര മണിക്കൂർ താമസത്തിന്നുശേഷം മൂന്നു മണിക്കു പുറപ്പെട്ടു. ഇന്ത്യൻ സമയം രാത്രി എട്ടര മണിക്കു ലണ്ടനിലെ ഹീത്രോ എയർപോർട്ടിലെത്തി. അപ്പോൾ യു.



**ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹ് മോസ്ക്കിനുമുമ്പിൽ ലേഖകൻ**

കെ. സമയം വൈകുന്നേരം 4 മണിയായിരുന്നു. വിമാനത്താവളത്തിൽ ഞങ്ങളെ സ്വീകരിക്കുവാൻ യു.കെ. ജമാഅത്തിൽ നിന്നും പ്രതിനിധികൾ എത്തിച്ചേർന്നിരുന്നു.

യു.കെ. സമ്മേളനം ജൂലായ് 27, 28, 29 തിയ്യതികളിലാണ് നടത്തിയിരുന്നത്. അതിനിടയിൽ ജമാഅത്തിന്റെ പല പ്രമുഖ വ്യക്തികളുമായി ബന്ധപ്പെടാനും പല ഓഫീസുകാര്യങ്ങൾ നിർവഹിക്കുവാനും ഉള്ള സന്ദർഭം ലഭിച്ചു.

തദവസരത്തിൽ ജാമിയ്യാ അഹ്മദിയ്യയുടെ പ്രൊഫസറും പലസ്തീൻ കാരനും എന്റെ ആത്മസുഹൃത്തുമായ പ്രൊഫസർ സലാഹുദ്ദീൻ സാഹിബുമായി സൗഹൃദം പുതുക്കുവാൻ സാധിച്ചു.


## കാനഡാമിഷൻ

കനഡയിൽ ചില വർഷങ്ങൾക്കുമുമ്പ് ടൊറണ്ടോ എന്ന സ്ഥലത്ത് പ്രൗഢഗംഭീരവും മനോഹരവും ആയ മസ്ജിദും മിഷ്യൻ ഹൗസും നിർമ്മിച്ചിരുന്നു. അതോടനുബന്ധിച്ച് നൂറുകണക്കിൽ വീടുകളടങ്ങിയ പീസ് ടൗൺ എന്ന പേരിൽ വിശാലമായ കോളനിയും നിർമ്മിക്കപ്പെട്ടിരുന്നു. അതിന്നുശേഷം കാൽഗരി എന്ന സ്ഥലത്ത് മറ്റൊരു മഹത്തായ മസ്ജിദു നിർമ്മാണം പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലാണുള്ളത്. രണ്ടേമുക്കാൽ ഏക്കർ സ്ഥലത്ത് 48,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മിക്കപ്പെട്ട ഈ കെട്ടിടസമുച്ചയത്തിൽ 7400 ചതുരശ്ര അടിയിൽ നിർമ്മിക്കപ്പെട്ട മസ്ജിദിൽ 97 അടി ഉയരത്തിലുള്ള മിനാരം മനോഹരമായ ദൃശ്യം തന്നെയാണ്.

7400 ചതുരശ്ര അടിയിൽ രണ്ടുവിശാലമായ ഹാളുകൾ, 500 പേർക്കിരുന്നു ഭക്ഷണം കഴിക്കുവാനുള്ള ഡൈനിംഗ് ഹാൾ, 9 ഓഫീസു മുറികൾ, 5 ക്ലാസ്സു റൂമുകൾ, മിഷ്യനറി ക്വാർട്ടേർസ്, ലൈബ്രറി, ബുക്ക് സ്റ്റോർസ്, എം.ടി.എ. സ്റ്റുഡിയോ എന്നിവ ഈ കെട്ടിടത്തിലുണ്ട്. 300 കാറുകൾക്കു പാർക്കിംഗിന്നുള്ള സൗകര്യവും ഉണ്ട്. ബൈത്തുന്നൂർ എന്നു നാമകരണം ചെയ്യപ്പെട്ട ഈ മസ്ജിദിന്റെ ശിലാസ്ഥാപനം 2005 ജൂൺ 18ാം തിയ്യതി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നിർവ്വഹിച്ചു. 2007 ഒക്ടോബറിൽ ഹുസൂർ തിരുമനസ്സു തന്നെ ഉൽഘാടനം ചെയ്യുന്നതാണ്. ഇൻശാ അല്ലാഹ്. ഈ കെട്ടിടം പൂർത്തിയായാൽ ഇത് വടക്കെ അമേരിക്കയിലെ ഏറ്റവും വലിയ മസ്ജിദായിരിക്കും.

## മസ്ജിദു ഫസൽ, ലണ്ടൻ

ലണ്ടനിലെ സൗത്ത് ഫീൽഡിൽ നിർമ്മിക്കപ്പെട്ട ഈ മസ്ജിദ് ലണ്ടനിലെ ഒന്നാമത്തെ മസ്ജിദാണ്. 1920 ആഗസ്ത് മാസത്തിൽ ജമാഅത്ത് ഒരേക്കൽ നിലം വിലക്കു വാങ്ങി. 1924 ഒക്ടോബറിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സ്നാനി(റ) ശിലാസ്ഥാപനം ചെയ്തു. 1925 സപ്തംബറിൽ പള്ളി നിർമ്മാണമാരംഭിക്കുകയും പത്തു മാസം കൊണ്ടു പൂർത്തിയാവുകയും ചെയ്തു. ഈ മസ്ജിദു നിലകൊള്ളുന്ന സ്ഥലത്തിന്നടുത്തുതന്നെയാണ് എല്ലാ ഓഫീസുകളും നിലകൊള്ളുന്ന്. സൗത്ത് ഫീൽഡ് ഏരിയയിൽ 250ൽപരം അഹ്മദി കുടുംബങ്ങൾ വസിച്ചുവരുന്നു എന്നത് ഒരു പ്രത്യേകതയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ആസ്ഥാനവും



**ഈസ്റ്റ് വെസ്റ്റ് ലണ്ടൻ ജമാഅത്ത് നൽകിയ സ്വീകരണത്തിൽ ലേഖകൻ പ്രസംഗിക്കുന്നു**

ഖിലാഫത്തുമായി ബന്ധപ്പെട്ട ഓഫീസുകളും ഇവിടെ നിലകൊള്ളുന്നു.

## ഇസ്ലാമാബാദ്

വാർഷിക സമ്മേളനത്തിന്നായും പ്രസ്സ്, ഹോമിയോപ്പതി ഡിസ്പൻസറി, പബ്ലിക്കേഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായും ചില വർഷങ്ങൾക്കുമുമ്പ് ടിൽഫോർഡ് ഏരിയയിൽ ജമാഅത്ത് 25 ഏക്കർ നിലം വാങ്ങുകയും അതിന്നു ഇസ്ലാമാബാദു എന്നു നാമകരണം ചെയ്യുകയുണ്ടായി. അന്നുതൊട്ടു 2005 വരെ വാർഷിക സമ്മേളനം ഇവിടെ വെച്ചാണ് നടന്നിരുന്നത്. എന്നാൽ പല അസൗകര്യങ്ങളും സ്ഥലപരിമിതിയും കാരണം വാർഷിക സമ്മേളനത്തിന്നായും മറ്റു ജമാഅത്ത് പ്രവർത്തനങ്ങൾക്കായും വിശാലമായ മറ്റൊരു സ്ഥലം കണ്ടെത്തുകയും വിലക്കു വാങ്ങുകയും ചെയ്തു.

ഹദീഖത്തുൽ മഹ്ദി എന്ന് നാമകരണം ചെയ്യപ്പെട്ട 208 ഏക്കർ വിശാലമായ ഈ സ്ഥലത്താണ് 2006ലും 2007ലും വാർഷികസമ്മേളനം നടന്നത്.

## വാർഷിക സമ്മേളനം

യു.കെ. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ 41-ാം വാർഷിക സമ്മേളനം 2007 ജൂലായ് 27-ാം തിയതി വൈകുന്നേരം 4.25ന് ഹുസൂർ തിരുമനസ്സ് ് അഹ്മദിയ്യാ പതാക ഉയർത്തിയതോടുകൂടി സമാരംഭിച്ചു. 1984 മുതൽ കാലത്തിന്റെ ഖലീഫമാരുടെ സാന്നിധ്യം കാരണം ലണ്ടനിൽ വെച്ചു നടക്കുന്ന വാർഷികസമ്മേളനത്തിന്ന് ഒരാഗോള രൂപം കൈവരിക്കയുണ്ടായി.

മൂന്നു ദിവസങ്ങളിലായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തിരുമനസ്സിന്റെ ഉൽഘാടന, സമാപന പ്രഭാഷണങ്ങൾക്കുപുറമെ 23-ാം തിയ്യതി അഹ്മദിയ്യാ മഹിളാ സമാജത്തിന്റെ വാർഷിക സമ്മേളനത്തിലും സുദീർഘമായ പ്രഭാഷണം നടത്തി. കൂടാതെ, കഴിഞ്ഞ ഒരു വർഷം ജമാഅത്തിന്നു ആഗോളാടിസ്ഥാനത്തിലു

## ഏഴാം ഇന്റർനാഷനൽ തബ്ലീഗ് തർബിയത്ത് സെമിനാർ

ജൂലായ് 26ാം തിയതി നടന്ന ഈ സെമിനാറിൽ അടുത്തവർഷം ഈ രംഗങ്ങളിൽ അനുവർത്തിക്കേണ്ടുന്ന നയങ്ങളേയും കാര്യക്രമങ്ങളേയും കുറിച്ചുള്ള വിശദീകരിച്ച ചർച്ചകൾ നടന്നു. 25-ാം തിയതി ഈ വിനീതനും ഭാര്യക്കും ഹുസൂർ തിരുമനസ്സുമായി മുലാഖാത്തിന്നുള്ള സൗഭാഗ്യം ലഭിച്ചു.

## ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ വിരുന്നു

26ാം തിയതി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് (അയ്യദഹു) ജൽസയിൽ പങ്കെടുത്ത ജമാഅത്തിന്റെ മേലുദ്യോഗസ്ഥന്മാർക്ക് വിഭവസമൃദ്ധമായ വിരുന്നു നൽകിയനുഗ്രഹിച്ചു. ഇതിൽ പങ്കെടുക്കാനുള്ള സൗഭാഗ്യം വിനീതന്നും ജ: ശിറാസ് അഹ്മദു സാഹിബിന്നും ലഭിച്ചു

## അഖില ലോക മിഷ്യനറി സമ്മേളനം

4-8-07ന് രാവിലെ പതിനൊന്നര മണി മുതൽ ഒന്നര മണി വരെ ഹുസൂർ തിരുമനസ്സിന്റെ സാന്നിധ്യത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തനനിരതരായ മിഷ്യനറിമാരുടെ സമ്മേളനം നടന്നു. തദവസരത്തിൽ നാസിർ ഇസ്ലാഹൊ ഇർശാദു എന്ന നിലയിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ ഈയുള്ളവന്നു സാധിച്ചു. ഇന്ത്യയിലെ തബ്ലീഗ് പ്രവർത്തനങ്ങളെക്കുറിച്ചും ജൂബിലി പ്രോഗ്രാമുകളെക്കുറിച്ചും ഉള്ള വിശദീകരണം നൽകി. ●

> **ആറു നോമ്പ്**
>
> റംസാനിൽ മുഴുവൻ ഒരാൾ നോമ്പെടുക്കുകയും ശവ്വാലിന്റെ ആദ്യത്തെ ആറുദിവസം കൂടി (പെരുന്നാളിന് ശേഷമുള്ള) നോമ്പെടുത്ത് അത് തുടരുകയും ചെയ്താൽ അയാൾ ഒരുവർഷം മുഴുവൻ നോമ്പെടുത്തത് പോലെയായി **(മുസ്ലിം)**

കൾ ജമാഅത്തിന് നിർമ്മിക്കുവാൻ സാധിച്ചു. ഈ വർഷം ഖുർആൻ മജീദ് 18 ഭാഷകളിൽ പരിഭാഷ പൂർത്തിയായി. 12 ഭാഷകളിൽ തർജ്ജമ നടന്നുവരികയാണ്. ഇതോടുകൂടി 64 ഭാഷകളിൽ തർജ്ജമ പൂർത്തിയായിരിക്കുകയാണ്.

മൂന്നാമത്തെ ദിവസം വിവിധ പ്രദേശങ്ങളിലെ മേയർമാരും ആഫ്രിക്കയിൽ നിന്നു വന്ന അഹ്മദികളും അല്ലാത്തവരുമായ വിവിധ രാജ്യങ്ങളിലെ മന്ത്രിമാരും പല നയതന്ത്രപ്രതിനിധികളും ആശംസാപ്രസംഗങ്ങൾ നടത്തുകയുണ്ടായി.

ഈ സമ്മേളത്തിൽ നടന്ന പ്രഭാഷണങ്ങൾ ഇംഗ്ലീഷു, ഫ്രഞ്ച്, ജർമ്മൻ, അറബിക്, ബോസ്നിയൻ, ഇന്റോനേഷ്യൻ, റഷ്യൻ, ബംഗളാ, ടർക്കിഷ്, സ്പാനിഷ് എന്നീ ഭാഷകളിൽ തൽസമയപരിഭാഷ കേൾപ്പിക്കുവാനുള്ള സംവിധാനമുണ്ടായിരുന്നു.

## ആഗോള ബൈഅത്ത്

ആഗോളാടിസ്ഥാനത്തിൽ ഈ വർഷം 2,61,969 ബൈഅത്തുകൾ നടന്നു. 29-7-07ന്ന് ഒരു മണിക്കു ഏറ്റവും ഭക്തിനിർഭരവും ഈമാന്നു ശക്തിയേകുന്നുമായ ആഗോള ബൈഅത്ത് നടന്നു. ഈ ആഗോളബൈഅത്തിൽ ഇന്ത്യയെ പ്രതിനിധീകരിക്കാനുള്ള ഭാഗ്യം വിനീതന്നു ലഭിച്ചു.

## ലജ്നയുടെ വാർഷിക യോഗം

2007 ജൂലായ് 28ാം തിയതി ലജ്ന ഇമായില്ലായുടെ വാർഷിക സമ്മേളനം ഹുസൂർ തിരുമനസ്സിന്റെ പത്നി ഹദ്റത്ത് സയിദാ അമത്തുസ്സുബൂഹ് ബേഗം സാഹിബയുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസ്തുത സമ്മേളനത്തിൽ സാമൂഹ്യ പരിഷ്കരണത്തിന്നായുള്ള ഇസ്ലാമികാദ്ധ്യാപനങ്ങളും നമ്മുടെ ഉത്തരവാദിത്വങ്ങളും, സാത്വികരുമായുള്ള സഹവാസം, എന്നീ വിഷയങ്ങളെ അധികരിച്ചു പ്രഭാഷണങ്ങൾ നടന്നു. മുഖ്യപ്രഭാഷണം ഹുസൂർ തിരുമനസ്സിന്റെതായിരുന്നു.

ണ്ടായ നേട്ടങ്ങളും ദൈവികാനുഗ്രഹങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സുദീർഘമായ പ്രസംഗവും ഉണ്ടായിരുന്നു.

മൂന്നു ദിവസങ്ങളിലായി നടന്ന പൊതുയോഗങ്ങളിൽ ബംഗ്ലാദേശിൽ അഹ്മദിയ്യാ ജമാഅത്തിന്നുണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതികൾ, ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ അല്ലാഹുവുമായുള്ള സുദൃഢബന്ധം, ഇഖാമത്തുസ്സ്വലാത്ത്, അവസാനകാലത്തെക്കുറിച്ചുള്ള ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ പ്രവചനങ്ങൾ, അഹ്മദിയ്യാ ജമാഅത്തിന്നുണ്ടായിക്കൊണ്ടിരിക്കുന്ന ദൈവികസഹായങ്ങൾ, മുസ്ലിം ലോകത്തുള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്നീ വിഷയങ്ങളെക്കുറിച്ചു യഥാക്രമം മൗലാനാ അബ്ദുൽ അവ്വൽ ഖാൻ സാഹിബ്, ചീഫ് മിഷ്യനറി ബംഗ്ലാദേശ്, ജനാബ് ബിലാൽ ഏഴ്ക്കൻസൻ, മൗലാനാ അതാവുൽ മുജീബ് സാഹിബ് ഇമാം, മസ്ജിദു ഫസൽ, ലണ്ടൻ, മൗലാനാ ഇബ്രാഹിം അഹ്മദുനൂനൻ, ചീഫ് മിഷ്യനറി അയർലാന്റ്, മുഹമ്മദു ഉമർ, നാസിർ ഇസ്ലാഹൊ ഇർശാദു ഖാദിയാൻ, ജനാബ് റഫീഖ് അഹ്മദു ഹയാത്ത് സാഹിബ് അമീർ ജമാഅത്ത് യു.കെ. എന്നിവർ പ്രഭാഷണം നടത്തി.

രണ്ടാം ദിവസം ഹുസൂർ തിരുമനസ്സു ചെയ്ത പ്രഭാഷണത്തിൽ ഈ വർഷം ആഗോളാടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്നുണ്ടായ നേട്ടങ്ങളേയും ദൈവികാനുഗ്രഹങ്ങളേയും കുറിച്ചു വിശദീകരിക്കുകയുണ്ടായി. ഈ വർഷം 4 രാഷ്ട്രങ്ങളിൽ ജമാഅത്ത് സ്ഥാപിതമായതോടുകൂടി ഇതുവരെ 189 രാജ്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് വേരൂന്നുകയുണ്ടായി. 653 പുതിയ സ്ഥലങ്ങളിൽ ജമാഅത്തുകളുണ്ടായി. 239 മസ്ജിദുകൾ ജമാഅത്തിന്നു ലഭിച്ചു. ഇവയിൽ 130 മസ്ജിദുകൾ ജമാഅത്തിന്ന് സൗജന്യമായി ലഭിച്ചവയാണ്. ഈ വർഷം 186 പുതിയ മിഷ്യൻഹൗസുകൾ സ്ഥാപിതമായി. കഴിഞ്ഞവർഷങ്ങളിൽ 97 നാടുകളിലായി 1869 മിഷ്യൻ ഹൗസു

ലേഖനം

# ഇസ്‌ലാമിക പർദ്ദ

ആരിഫ് മുഹമ്മദ് ബി.എം.

## സ്ത്രീ പർദ്ദ ധരിക്കുന്നത് കൊണ്ട് അവൾക്ക് സുരക്ഷിതത്വവും കുലീനതയും പരിശുദ്ധതയും ലഭിക്കുന്നു

'ഇസ്‌ലാമിക പർദ്ദ' ഒരു ചർച്ചാവിഷയമായിക്കൊണ്ടിരിക്കുകയാണ്. മുസ്‌ലിം സ്ത്രീകൾ പർദ്ദ ധരിക്കണമെന്ന് ഖുർആനിലില്ലെന്നും സങ്കുചിത മനസ്കരായ ചില ഉലമാക്കളുടെ ദുർവ്യാഖ്യാനത്തിന്റെ അനന്തരഫലമാണ് പർദ്ദയെന്നുമാണ് മുസ്‌ലിംകളിൽ തന്നെയുള്ള ചിലരുടെ അഭിപ്രായം: വാസ്തവത്തിൽ സ്ത്രീയുടെ അന്ത സ്സും കുലീനത്വവും വർദ്ധിപ്പിക്കുന്ന ഒരു ഉത്തമ വസ്ത്രധാരണരീതിയാണ് പർദ്ദ.

ഇസ്‌ലാമിൽ, സ്ത്രീയും പുരുഷന്മാരും പരസ്പരം പാലിക്കേണ്ട നിശ്ചിത അകലത്തെയും മറവിനേയുമാണ് വാസ്തവത്തിൽ പർദ്ദ എന്നു പറയുന്നത്. പരസ്ത്രീ പുരുഷന്മാർ പരസ്പരം ഇടകലരുന്നതിനെ വിരോധിക്കുകയും ഇടപഴകേണ്ട ഘട്ടത്തിൽ ചില നിയന്ത്രണങ്ങൾ നിഷ്കർഷിക്കുകും ചെയ്യുന്ന ഇസ്‌ലാമിന് മനുഷ്യന്റെ നൈസർഗികമായ ശക്തിയേയും ദൗർബല്യത്തേയും കുറിച്ച് പൂർണ്ണബോദ്ധ്യമുണ്ട്. മനുഷ്യരിൽ പൈശാചികപ്രവണതകൾ സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ വിവേകപൂർവ്വം ഒഴിവാക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്. പാപങ്ങളുടെ സാഹചര്യങ്ങളെയും ഉത്ഭവത്തെയും തിരിച്ചറിഞ്ഞ് അതിനെ നിയന്ത്രിക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ലോകത്തിന് മുമ്പാകെ വെക്കുക വഴി ചാപല്യങ്ങളിലേക്ക് വഴിതെറ്റിപ്പോവുന്ന സാഹചര്യം ഇല്ലാതാകുന്നു. സ്ത്രീ പുരുഷന്മാരെ ഇടകലരാൻ അനുവദിക്കാത്തതുകൊണ്ട് ഇസ്‌ലാം സ്ത്രീയുടെ അവകാശങ്ങളെ അടിച്ചമർത്തുകയാണെന്ന് വരുന്നില്ല, സ്ത്രീപുരുഷന്മാർ നിർബാധം കൂടിക്കലരുന്നതിന് അനുവദിക്കാത്ത ഇസ്‌ലാം മഹിതമായൊരു ധാർമ്മിക സംസ്കാരം ഉയർത്തിപ്പിടിക്കാനാഗ്രഹിക്കുന്നു. മാംസനിബദ്ധമായ സ്ത്രൈണവതയുടെ പ്രദർശനപരത പുരുഷന്മാരിൽ ധാർമ്മിക വിരുദ്ധവും സാത്വികതക്ക് നിരക്കാത്തതുമായ ദുർവ്വിചാരങ്ങൾ സൃഷ്ടിക്കും എന്നത് ഒരു ജൈവിക യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യത്തെ അവഗണിക്കുന്നത് കാപട്യമാണ്. ഇതിന്റെ അതിപ്രസരം ഉണ്ടാക്കുന്ന കുടുംബപരവും സാമൂഹികമായ ആഘാതങ്ങൾ ഇന്ന് പാശ്ചാത്യസമൂഹങ്ങളിൽ ദൃശ്യമാണ്. സുദൃഢമായതും സുദീർഘവുമായ ദാമ്പത്യം ഇന്ന് അവിടെ മരീചികയായി മാറിക്കഴിഞ്ഞു. ശിഥിലമായ കുടുംബബന്ധങ്ങൾക്ക് നടുവിൽ വളരുന്ന കുട്ടികളുടെ സ്ഥിതി എന്തായിരിക്കും. പാശ്ചാത്യ ലോകത്തിന്റെ ദാരുണമായ കുടുംബത്തകർച്ച നമ്മുടെ മുമ്പിൽ ഒരു പാഠമായി അവശേഷിച്ചിരിക്കെ ഇസ്‌ലാം നിഷ്കർഷിക്കുന്ന ഡ്രസ്കോഡും പെരുമാറ്റച്ചട്ടങ്ങളും സമഗ്രമായ ഒരു സദാചാരജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് പർദ്ദ. സ്ത്രീകൾക്ക് മാത്രമല്ല പുരുഷന്മാർക്കും ഇസ്‌ലാം നിയന്ത്രണങ്ങൾ വെച്ചിട്ടുണ്ട്. ഖുർആൻ പറയുന്നു:

***''സത്യവിശ്വാസികളായ പുരുഷന്മാരോട് പറയുക; അവർ തങ്ങളുടെ കണ്ണുകൾ (ദൃഷ്ടികൾ) താഴ്ത്തുകയും (നിയന്ത്രിക്കുകയും) തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ. അത് അവർക്ക് ഏറ്റവും പരിശുദ്ധമായ മാർഗമാണ്. അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു. (24:3) "*** സ്ത്രീകളുടെ വസ്ത്രധാരണത്തെ സംബന്ധിച്ച് ഖുർആൻ പറയുന്നു. ***"സത്യവിശ്വാസികളോട് പറയുക. അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും അവരുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ. അവരുടെ സൗന്ദര്യം അവർ വെളിപ്പെടുത്തരുത്; അതിൽ നിന്ന് സ്വയം***

***വെളിപ്പെട്ട് പോകുന്നതല്ലാതെ, അവർ തങ്ങളുടെ ശിരോവസ്ത്രം കൊണ്ട് തങ്ങളുടെ മാറിടത്തിൻ മേൽ താഴ്ത്തിയിട്ട് മാടിപ്പുതക്കേണ്ട താണ്. (സൂറ: അന്നൂർ 31, 32).***

മേലുദ്ധരിച്ച ദൈവിക വചനങ്ങ ളിൽ നിന്ന് മൂന്നുകാര്യങ്ങളാണ് മനസ്സി ലാകുന്നത്.

(1) പര-സ്ത്രീ പുരുഷന്മാർ ദൃഷ്ടികൽ താഴ്ത്തണം.

(2) സ്ത്രീകൾ അവരുടെ സൗ ന്ദര്യം വെളിപ്പെടുത്തരുത്. അതായത് മറക്കണം, സ്വയം വെളിപ്പെട്ട് പോകു ന്നതൊഴിച്ച്.

(3) സ്ത്രീകൾ തങ്ങളുടെ ശിരോവസ്ത്രം കൊണ്ട് തങ്ങളുടെ മാറിടത്തിൻ മേൽ താഴ്ത്തിയിട്ട് മാടി പ്പുതക്കണം.

പുരുഷന്മാരോടും സ്ത്രീകളോ ടും ദൃഷ്ടികൾ താഴ്ത്തണമെന്ന് പറ ഞ്ഞിട്ടുള്ളതിൽ നിന്ന് തന്നെ വീട്ടിൽ അടച്ച് പൂട്ടിയിരിക്കുവാൻ ഇസ്ലാം നിർദ്ദേശിക്കുന്നില്ല എന്ന് വ്യക്തമാകു ന്നതാണ്. സ്ത്രീ സദാ വീട്ടിൽ തന്നെ യിരിക്കുകയാണെങ്കിൽ ഈ ഖുർആ നിക വാക്യങ്ങൾ അസ്ഥാനത്താ ണെന്നു വരും, പർദ്ദയുടെ ആവശ്യം തന്നെ അവൾക്ക് പരപുരുഷന്മാരുള്ള സ്ഥലങ്ങളിൽ സഞ്ചരിക്കുമ്പോഴുള്ള സംരക്ഷിതമായ ഒരു വസ്ത്രധാരണം എന്ന നിലയിലാണ്. തന്നെയുമല്ല റസൂൽ കരീം (സ)യുടെ കാലത്ത് സ്ത്രീകൾ യുദ്ധങ്ങളിൽ വരെ പങ്കെ ടുത്തിട്ടുണ്ടെന്നതിന് ഇസ്ലാമിക ചരി ത്രം തന്നെ സാക്ഷിയാണ്. ഹദ്റത്ത് ആയിശാ(റ) പോലും യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. കൂടാതെ യുദ്ധവേ ളയിൽ മുറിവുപറ്റിയ സഹാബാക്കളെ ശുശ്രൂഷിക്കാനായി സ്ത്രീകൾ രംഗത്ത് ഉണ്ടായിരുന്നു. ചുരുക്കത്തിൽ ആവശ്യാനുസരണം പുറത്ത് പോകു ന്നതിൽ ഇസ്ലാം സ്ത്രീകളെ തടയു ന്നില്ല എന്നതാണ് വാസ്തവം.

മേലുദ്ധരിച്ച ഖുർആനിക വചന ങ്ങളിലെ പ്രധാന ഭാഗം "അവരുടെ സൗന്ദര്യം അവർ വെളിപ്പെടുത്തരുത്. അതിൽ നിന്ന് സ്വയം വെളിപ്പെട്ട് പോവുന്നതല്ലാതെ" എന്നതാണ്. വിശുദ്ധ ഖുർആനിൽ മറ്റൊരിടത്ത് പറ യുന്നു.

***"ഓ നബീ, നിന്റെ ഭാര്യമാ രോടും പുത്രിമാരോടും സത്യവിശ്വാ സികളുടെ സ്ത്രീകളോടും (അവർ പുറത്തിറങ്ങുമ്പോൾ) അവരുടെ മേൽ വസ്ത്രങ്ങൾ തങ്ങളുടെ ശരീ രങ്ങളിൽ മേൽ മൂടിപ്പുതക്കേണ്ടതാ ണെന്നു പറയുക. അവരെ തിരിച്ച റിയുന്നതിനും അങ്ങനെ, അവരെ (ആരും) ശല്യപ്പെടുത്താതിരിക്കുന്ന തിനും ഏറ്റവും ഉപയുക്തമായ മാർഗമാണിത്. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനു മാകുന്നു. (സൂറ: അൽഅഹ്സാബ് 60).***

ഒരിടത്ത് സ്ത്രീകളോട് അവരുടെ സൗന്ദര്യം വെളിപ്പെടുത്തരുതെന്ന് പറ യുമ്പോൾ മറ്റൊരിടത്ത് അവർ ഉപയോ ഗിക്കേണ്ട വസ്ത്രത്തെക്കുറിച്ചു നിർദ്ദേ ശിക്കുന്നു. ജിൽസാബ് ധരിക്കുവാ നാണ് ഖുർആനിൽ നിർദ്ദേശിക്കുന്നത്. ജിൽസാബ് എന്നാൽ വലിയ കുപ്പായ ത്തിനാണ് പറയുക. സ്ത്രീകൾ ധരി ക്കുന്ന ബുർക്ക ഈ ആവശ്യം നിവർ ത്തിക്കുന്നു.

മുഖവും സ്ത്രീയുടെ സൗന്ദര്യ ത്തിന്റെ പ്രധാന ഭാഗമായതിനാൽ നിങ്ങൾ നിങ്ങളുടെ സൗന്ദര്യം വെളി പ്പെടുത്തരുത് എന്ന ദൈവിക കല്പ നകളിൽ മുഖം മറക്കലും ഉൾപ്പെടു ന്നതാണെന്ന കാര്യം ഓർക്കേണ്ട താണ്.

സ്ത്രീ പർദ ധരിക്കുന്നത് കൊ ണ്ട് അവൾക്ക് എന്താണ് നഷ്ടപ്പെ ടുക? യാതൊന്നും നഷ്ടപ്പെടുന്നില്ല. പകരം അവൾക്ക് മാന്യവും കുലീ നവും സുരക്ഷിതവുമായ ഒരു സ്ഥാന മാണ് ലഭിക്കുക. പർദ്ദ ഉപേക്ഷിക്കുന്ന സ്ത്രീയുടെ വസ്ത്രധാരണം എവിടെ വരെ ആകാം എന്നതിന് യാതൊരു അതിർത്തിയും നിർണ്ണയിച്ചിട്ടില്ല. പർദ്ദ ധരിക്കാതിരിക്കുക എന്നത് സഭ്യതയാ ണെങ്കിൽ അതിന് യുക്തിപരമായ യാതൊരു അതിർത്തിയും നിർണ്ണയി ക്കാൻ സാധ്യമല്ല. കാലഘട്ടത്തിന്റെ പ്രവണതകൾക്കും മനുഷ്യന്റെ മാംസ നിബദ്ധമായ ആസ്വാദനങ്ങൾക്കും വശംവദമായി അനിയന്ത്രിതമായി ആ വസ്ത്രധാരണരീതി മുന്നോട്ടുപോകു ന്നതായികാണാം. മനുഷ്യന്റെ ആത്മീ യവും സദാചാരപരവുമായ നാശത്തി ലേക്കാണ് അത് വന്നു പതിക്കുക. അതിനുപകരം ഇസ്ലാം വസ്ത്രധാര ണത്തിലും സ്ത്രീപുരുഷന്മാരുടെ ഇട പെടലുകളിലും വെച്ച കർശനമായ നിഷ്ക്കർഷകൾ മനുഷ്യസമൂഹ ത്തിന്റെ തന്നെ ക്ഷേമത്തെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണെന്ന് കാല ഘട്ടം തിരിച്ചറിയുക തന്നെ ചെയ്യും. ●

---

*(17-ൽ നിന്ന് തുടർച്ച)*

ദ്രജലത്തെ മലിനീകരിക്കുകയും ജീർണ്ണനം മൂലം അവ ഫെർമേന്റേഷന് (പുളിപ്പിക്കൽ) വിധേയമായി കടൽ ഒരു പ്രാകൃതദ്രാവകകുഴമ്പ് (Primordial Soup) ആയി തീരുകയും ചെയ്തു.

**Reference**

1. LANE E.W (1984) Arabic English Lexicon Islamic Text Society, William & Norgate Cambridge.
2. Dickerson R.E. (Sept. 1978) Chemical Evolution and the origin of Life. Scientific America. P. 80.
3. WORSE C.R. (June 1981) Archaebacteria. Scientific American, P. 104.
4. The Hutchinson Dictionary of Science (1993)
5. Ibid
6. BROWN T.A. (1992) Genetics A molecular Approach P. 245.
7. The Hutchinson Dictionary of Science (1993)

●

ലേഖനം



# 'ബറാഹീനെ അഹ്മദിയ്യ' - ഒരു ദിവ്യഗ്രന്ഥം

ഏ. ക്യു മഹ്ദി

## മുസ്‌ലിം സമുദായത്തിന്റെ ചിന്താമണ്ഡലത്തെ ഇളക്കിമറിച്ച ഹദ്റത്ത് അഹ്മദി(അ)ന്റെ ദിവ്യഗ്രന്ഥമായിരുന്നു ബറാഹീനെ അഹ്മദിയ്യാ

'ബറാഹീനെ അഹ്മദിയ്യ' പ്രസിദ്ധം ചെയ്തപ്പോൾ മുസ്‌ലിം മത പണ്ഡിതന്മാർ അതിനെ സഹർഷം സ്വാഗതം ചെയ്യുകയാണുണ്ടായത്. ഹദ്റത്ത് അഹ്മദി(അ)ന്റെ ആത്മീയാനുഭൂതികളെ പരിഹസിക്കുന്ന ചിലരെല്ലാം അന്നും ഉണ്ടായിരുന്നുവെങ്കിലും അനേകം മുസ്‌ലിംകൾ ആ മഹാത്മാവിൽ ഒരു മാർഗ്ഗദർശകനെ കണ്ടെത്തി. ഇസ്‌ലാം മതത്തിനെതിരെ ആഞ്ഞടിച്ചുകൊണ്ടിരുന്ന ശക്തികളെ, താത്വികമായി പാടേ തോൽപ്പിച്ചുകൊണ്ടു മുന്നേറിയ ഈ ആത്മീയനേതാവിനെ സ്വീകരിക്കാനും അഭിവാദനം അർപ്പിക്കാനും വളരെയധികം പേർ മുന്നോട്ടു വന്നു. ഈ മഹൽഗ്രന്ഥം മുസ്‌ലിം ജനസാമാന്യത്തിന്റെ മനോവീര്യത്തെ ശക്തിപ്പെടുത്തിയപ്പോൾ, അവിശ്വാസികൾക്കിടയിൽ ഇത് ഞെട്ടലുളവാക്കി. വിഭാവനം ചെയ്ത ഗ്രന്ഥത്തിന്റെ തീരെ ചെറിയ, ഒരപൂർണ്ണ ഭാഗം മാത്രമേ പ്രസിദ്ധം ചെയ്തുള്ളൂവെങ്കിലും, ഒട്ടാകെ വെളിപ്പെടുത്താനുദ്ദേശിച്ച 300 തെളിവുകളിൽ കേവലം ഒന്നു മാത്രമേ പ്രതിപാദിക്കപ്പെട്ടിരുന്നുള്ളൂവെങ്കിലും, ഇന്ത്യയിലങ്ങോളമിങ്ങോളം അത് മഹത്തായ പ്രതികരണങ്ങളുളവാക്കുക തന്നെ ചെയ്തു. ആ പുസ്തകത്തെക്കുറിച്ചുണ്ടായ നിരൂപണങ്ങൾ ശ്രദ്ധിച്ചാൽ കാലം ആ ദിവ്യാത്മാവിൽ നിന്ന് എന്താണ് പ്രതീക്ഷിച്ചിരുന്നതെന്നത് വ്യക്തമാകും.

*"ജനങ്ങളുടെ അഭിപ്രായത്തിൽ, ഈ ഗ്രന്ഥം ഇക്കാലത്ത്, ഇന്നത്തെ പരിതഃസ്ഥിതികളുടെ വെളിച്ചത്തിൽ, ഇസ്‌ലാമിൽ ഇന്നോളം പ്രസിദ്ധം ചെയ്യപ്പെട്ടിട്ടില്ലാത്തവിധം അതുല്യമായ ഒരു ഗ്രന്ഥം തന്നെ. ധനം കൊണ്ടും ദേഹം കൊണ്ടും തൂലിക കൊണ്ടും വായു കൊണ്ടും പ്രവൃത്തികൊണ്ടും ഇസ്‌ലാമിനുവേണ്ടി ഈ ഗ്രന്ഥകർത്താവിനെപ്പോലെ സേവനമനുഷ്ഠിച്ചിട്ടുള്ളവർ പൂർവ്വിക മുസ്‌ലിംകളിൽ പോലും വളരെ വിരളമായേ കാണപ്പെടൂ"*

ഈ അഭിപ്രായം പറഞ്ഞത്, അഹ്‌ലെ ഹദീസ് കക്ഷിക്കാരുടെ പ്രശസ്ത നേതാവും, പിൽക്കാലത്ത് ഇമാം മഹ്ദി(അ)യുടെ ശത്രുവുമായിത്തീർന്ന മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ആണ്. തന്റെ 'ഇശാ അത്തുസ്സുന്ന' എന്ന പത്രത്തിലാണ് ഈ അഭിപ്രായപ്രകടനം അദ്ദേഹം നടത്തിയത്.

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി തുടർന്നു പറയുന്നു: "ഞങ്ങളുടെ ഈ വാക്കുകളെ ഏഷ്യക്കാരുടെ അതിശയോക്തിയായി ആരെങ്കിലും കരുതുന്നുവെങ്കിൽ, ഇസ്‌ലാമിന്റെ ശത്രുക്കളെ, പ്രത്യേകിച്ച് ആര്യസമാജത്തേയും ബ്രഹ്മസമാജത്തേയും, ഇത്രയും ശക്തിയുക്തം എതിർത്തു നേരിട്ടിട്ടുള്ള മറ്റേതെങ്കിലും ഗ്രന്ഥം അവർ കാണിച്ചുതരട്ടെ. ധനം കൊണ്ടും ദേഹം കൊണ്ടും, തൂലിക കൊണ്ടും നാവുകൊണ്ടും സർവ്വോപരി ജീവിതരീതികൊണ്ടും ഇസ്‌ലാമിന്റെ ശത്രുക്കളേയും 'ഇൽഹാ'മിന്റെ നിഷേധികളേയും എതിർക്കുകയും സംശയാലുക്കളെ തന്റെയടുക്കൽ വന്ന് അനുഭവസാക്ഷ്യം സ്വീകരിച്ചുകൊള്ളാൻ ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുള്ള മറ്റാരെയെങ്കിലും ചൂണ്ടിക്കാണിച്ചു തരാൻ കഴിയുമോ....?"

തെക്കെ ഇൻഡ്യയിലെ ബാംഗ്ലൂരിൽ നിന്ന് പുറപ്പെടുന്ന 'മൻശൂറെ മുഹമ്മദി' എന്ന പത്രത്തിലൂടെ മൗലാനാ മുഹമ്മദ് ശരീഫ് സാഹിബ് ഇപ്രകാരം എഴുതി:

"ഇസ്‌ലാമിലെ പണ്ഡിതന്മാരിൽ മതസേവകരായ ഭാഗ്യാത്മാക്കളിലാരെങ്കിലും ഈ കാലഘട്ടത്തിലെ പരിതഃസ്ഥിതികൾക്കു യോജിച്ചതും വിശുദ്ധ ഖുർആന്റെ ദിവ്യത്വത്തേയും തിരുനബിയുടെ സത്യത്തേയും തെളിയിക്കുന്ന, ബുദ്ധിപരമായ രേഖകളും ചരിത്രപരമായ സാക്ഷ്യങ്ങളും ഉൾക്കൊള്ളുന്ന, ഒരു ഗ്രന്ഥം രചിച്ച് പ്രസിദ്ധപ്പെടുത്തുമാറാകട്ടെ എന്ന് വളരെക്കാലമായി ഞങ്ങൾ ആഗ്രഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. അല്ലാഹുവിനു അപാരമായ നന്ദി. ഈ ആഗ്രഹം ഇതാ സാധിച്ചിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ ഉന്നയിച്ച സത്യസാക്ഷ്യങ്ങളേയും

ന്യായവാദങ്ങളേയും ഖണ്ഡിക്കുന്നവർക്ക് ഒരു വൻതുക സമ്മാനമായി നൽകുന്നതായി വിളംബരമുണ്ടായിട്ട് നാളേറെയായെങ്കിലും ആർക്കും ഇതുവരെ അതിനു കഴിഞ്ഞിട്ടില്ല...."

നിരവധി പത്രങ്ങൾ 'ബറാഹീനെ അഹ്മദിയ്യ'യെപ്പറ്റി ഇത്തരം അഭിപ്രായങ്ങൾ പുറപ്പെടുവിച്ചതിനു പുറമെ, പല സമുന്നത വ്യക്തികളും ഇതെപ്പറ്റി പ്രശംസിച്ച് എഴുതുകയുമുണ്ടായി. ഇവരിലൊരാളാണ് ലുധിയാന നിവാസിയും ഒരു വലിയ ഭക്തനും ജ്ഞാനിയുമായിരുന്ന ഹദ്റത്ത് സൂഫി അഹ്മദ്ജാൻ സാഹിബ് (റ). വളരെ വലിയ ശിഷ്യസമ്പത്തുള്ള ഒരു മതനേതാവു കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്:

"ഇത്, ഇസ്ലാം മതത്തിന്റേയും മുഹമ്മദ് നബി (സ)യുടെ പ്രവാചകത്വത്തിന്റേയും സത്യത്തെ, ശക്തിമത്തായ യുക്തിന്യായങ്ങളാൽ തെളിയിച്ചുകാട്ടുന്ന ഒരപൂർവ്വ ഗ്രന്ഥമാകുന്നു. ഈ നൂറ്റാണ്ടിൽ 'ബറാഹീനെ അഹ്മദിയ്യ' പോലൊരു ഗ്രന്ഥത്തിന്റെ തൽകർത്താവും തന്റെ ഗുരുവരേണ്യനുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബിനെപ്പോലുള്ള ഒരു മുജദ്ദിദിന്റെ ആവശ്യമുണ്ടെന്നതിൽ യാതൊരു തർക്കവുമില്ലതന്നെ."

'ബറാഹീൻ' മൂന്നാം ഭാഗം പ്രസിദ്ധപ്പെടുത്തുന്നതുവരെയും ഹദ്റത്ത് അഹ്മദിന് യാതൊരു ദിവ്യവാദവും ഉണ്ടായിരുന്നില്ലെന്നതു സ്മരണീയമാണ്. അക്കാലത്തു തന്നെ ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബിനെപ്പോലുള്ള ഭക്തജനങ്ങൾ ആ മഹാത്മാവിന്റെ പവിത്രജീവിതത്തിലേക്കും ത്യാഗപൂർണ്ണമായ സേവനങ്ങളിലേക്കും ആകൃഷ്ടരായിരുന്നു.

അഹ്ലെ ഹദീസ് കക്ഷിയിലെ പ്രഖ്യാതനായ ഒരു പണ്ഡിതനും ഒരു ഗ്രന്ഥകാരനുമായിരുന്നു, നവാബ് സിദ്ദീഖ് ഹസൻ ഖാൻ സാഹിബ്. ഭോപാൽ രാജകുടുംബത്തിൽ നിന്നായിരുന്നു അദ്ദേഹം വിവാഹം കഴിച്ചിരുന്നത്. അതിനാൽ നാട്ടിലും സമുദായത്തിലും അദ്ദേഹം അറിയപ്പെടുന്ന ഒരാളായിരുന്നു. അന്നത്തെ ബ്രിട്ടീഷ് ഗവൺമെന്റ് അദ്ദേഹത്തിന് പല ബഹുമതിപ്പട്ടങ്ങളും നൽകി ആദരിച്ചിരുന്നു. വലിയൊരു ജ്ഞാനിയും ഭക്തനുമായി അറിയപ്പെട്ടിരുന്ന ഇദ്ദേഹം പതിനാലാം നൂറ്റാണ്ടിലെ മുജദ്ദിദാണെന്നു വരെ ചില അഹ്ലെ ഹദീസ് കക്ഷിക്കാർ പ്രചരിപ്പിച്ചിരുന്നു.

ഹദ്റത്ത് അഹ്മദി (അ)ന്റെ ബറാഹീനെ അഹ്മദിയ്യയുടെ പത്തിരുപതു കോപ്പികൾ താൻ സ്വീകരിച്ചുകൊള്ളാമെന്നു അദ്ദേഹം ഹുസൂർ തിരുമനസ്സിനെഴുതിയിരുന്നു. എന്നാൽ, പൊടുന്നനെ ഈ വാഗ്ദാനത്തിൽ നിന്ന് അദ്ദേഹം ബോധപൂർവ്വം പിൻവാങ്ങിക്കളഞ്ഞു. ഇതിനകം, ഗ്രന്ഥത്തിന്റെ ആദ്യ മൂന്നു ഭാഗങ്ങൾ, ഹദ്റത്ത് അഹ്മദ് (അ) തപാലിൽ അദ്ദേഹത്തിന് അയച്ചുകൊടുത്തുവെങ്കിലും ആ മനുഷ്യൻ അവ തിരിച്ചയക്കുകയാണ് ചെയ്തത്. അന്ധമായ ബ്രിട്ടീഷ് ഭക്തിയാണ് അദ്ദേഹത്തെ അതിനു പ്രേരിപ്പിച്ചതെന്നു തെളിഞ്ഞു. ക്രിസ്തുമതത്തെക്കുറിച്ചുള്ള വിമർശനവും ക്രി സ്തീയവാദഖണ്ഡനവും ആ ഗ്രന്ഥത്തിൽ അടങ്ങിയിരുന്നതിനാൽ, മിത വാദപരമായ അത്തരമൊരു കൃതിക്ക് താൻ പ്രോത്സാഹനവും പ്രചാരവും നൽകുന്നത് ബ്രിട്ടീഷ്കാരായ തന്റെ മേലാളരുടെ അനിഷ്ടം സമ്പാദിക്കാനിടവരുമെന്നു കരുതിയാണ് അദ്ദേഹമാ പുസ്തകഭാഗങ്ങൾ തിരികെ അയച്ചത്. തപാലിൽ വന്ന പുസ്തകക്കെട്ട് അദ്ദേഹം പൊളിച്ചു വായിച്ചതിനുശേഷം പിന്നീട് വീണ്ടും പാക്ക് ചെയ്ത് തിരികെ അയക്കുകയായിരുന്നു. പുസ്തകം മുഷിഞ്ഞും, പേജുകൾ കീറിപ്പറിഞ്ഞുമാണ് ഹദ്റത്ത് അഹ്മദിനു തിരികെ കിട്ടിയത്. സിദ്ദീഖ് ഹസൻഖാനെക്കുറിച്ചു തുടക്കത്തിൽ നല്ലൊരു അഭിപ്രായമാണ് ഹദ്റത്ത് അഹ്മദിനുണ്ടായിരുന്നത്. എന്നാൽ, പ്രതീക്ഷക്കു വിരുദ്ധമായി നവാബ് സാഹിബ് വാക്കു മാറുകയും, ഈ അപമര്യാദ കാട്ടുകയും ചെയ്തപ്പോൾ ഹദ്റത്ത് അഹ്മദിന് വളരെയധികം മനോദുഃഖവും, വെറുപ്പും തോന്നി. മാത്രമല്ല, ഇത്തരം ഗ്രന്ഥങ്ങളുടെ പ്രചാരത്തിന് തന്നെ പ്രതീക്ഷിക്കണ്ട എന്നു ആ വ്യക്തി കത്തെഴുതുക പോലും ചെയ്തു. ഇസ്ലാമിന്റെ സത്യത സ്ഥാപിച്ചുകൊണ്ടും ഇസ്ലാമിന്റെ ശത്രുക്കളുടെ വാദങ്ങൾ ഖണ്ഡിച്ചുകൊണ്ടും താനെഴുതിയ ഗ്രന്ഥത്തിനു നേരെ, ഇസ്ലാമിക വിശ്വാസവും മതാഭിമാനവും ഉണ്ടെന്നു അവകാശപ്പെടുന്ന ഒരാൾ, സർക്കാരിനെ പ്രീതിപ്പെടുത്താൻ വേണ്ടി മാത്രം ഇങ്ങനെയൊരു അനാദരവ് കാണിച്ചപ്പോൾ ആ മഹാത്മാവിന് അതു സഹിക്കാൻ കഴിഞ്ഞില്ല.

"ശരി, നിങ്ങൾ സർക്കാരിനെ പ്രീതിപ്പെടുത്തിക്കൊള്ളുക...." ഹദ്റത്ത് അഹ്മദ് (അ) പറഞ്ഞു. എപ്രകാരം അല്ലാമാ സിദ്ദീഖ് ഹസ്സൻഖാൻ, ബറാഹീൻ കീറിപ്പറിഞ്ഞ നിലയിൽ തിരികെ അയച്ചുവോ, അപ്രകാരം തന്നെ അദ്ദേഹത്തിന്റെ സ്ഥാനമാനങ്ങളും പിച്ചിച്ചീന്തപ്പെടുമെന്ന് ഹദ്റത്ത് അഹ്മദ് പ്രവചിച്ചു. കൂടാതെ, ബറാഹീൻ നാലാംഭാഗം പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിന്റെ മുഖവുരയിൽ തന്നെ നവാബ് സാഹിബിന്റെ പെരുമാറ്റത്തേയും, പ്രവൃത്തിയേയും പറ്റി വികാരപൂർവ്വം ഹദ്റത്ത് അഹ്മദ് എഴുതുകയും ചെയ്തിരുന്നു.

എന്നാൽ, ദൈവത്തിന്റെ ഒരു ഭക്തദാസന്റെ അപ്രീതി ദൈവത്തിന്റെയും അപ്രീതിയാണല്ലോ. ഏതൊരു സർക്കാരിനെ പ്രീണിപ്പിക്കാനാണോ നവാബ് സാഹിബ് വാക്കുമാറുകയും ഈ അനാദരവു കാണിക്കയും ചെയ്തത്, അതേ സർക്കാർ - ബ്രിട്ടീഷ് സർക്കാർ - ഏതാനും മാസങ്ങൾക്കുള്ളിൽ അദ്ദേഹത്തിനെതിരായിത്തീർന്നുവെന്നത് ഒരു വിധിവൈപരിത്യമെന്നേ പറയേണ്ടൂ. സർക്കാർ അദ്ദേഹത്തിൽ രാജ്യദ്രോഹക്കുറ്റം ചുമത്തി. സുഡാനിലെ മഹ്ദിക്ക് സഹായങ്ങളെത്തിച്ചുവെന്നും തന്റെ ഗ്രന്ഥങ്ങൾ വഴി ഗവൺമെന്റിനെതിരായി വിപ്ലവത്തിനു പ്രേരണ ചെലുത്തിയെന്നും മറ്റുമുള്ള ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടു. ഒരു അന്വേഷണക്കമ്മീഷനെ വരെ ഇതിനായി നിയ

*(ശേഷം പേജ് 40 ൽ)*

# കമ്മീഷൻ - വിവരങ്ങൾ ശേഖരിച്ച ഉറവിടങ്ങൾ

ഡോ. ജോനതൻ എൻസർ, യു.കെ.

**പാകിസ്താനിലെ അഹ്മദികൾക്ക് നേരെയുള്ള മനുഷ്യാവകാശവിധ്വംസനങ്ങളെക്കുറിച്ച് അന്വേഷിച്ച യു.കെ. പാർലമെന്ററി ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ അംഗങ്ങൾ സമീപിച്ചവരെപ്പറ്റിയുള്ള വിവരങ്ങൾ**

1999ൽ 'റബ്‌വ' (ഉയർന്ന സമതലം എന്നർത്ഥം)യുടെ പേര് പഞ്ചാബ് ഗവൺമെന്റ് 'ചീനാബ് നഗർ' (ചീനാബ് നദിയുടെ സമീപമായതിനാൽ) എന്നാക്കി ഔദ്യോഗികമായി മാറ്റി. ഈ നീക്കം അഹ്മദിയ്യാ ജമാഅത്തിന്റെ അഭിലാഷങ്ങൾക്കെതിരായിരുന്നു. അഹ്മദികൾ ഇപ്പോഴും പട്ടണത്തെ 'റബ്‌വ' എന്നു തന്നെയാണ് വിളിക്കുന്നത്. ചില ഗവൺമെന്റ് റിപ്പോർട്ടുകളിൽ പുതിയ പേര് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിലും ഈ റിപ്പോർട്ടുകളിലുടനീളം 'റബ്‌വ' എന്നു തന്നെയാണ് ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. അഹ്മദികളുടെ ഇന്ത്യയിലുള്ള ആത്മീയഗേഹം എന്ന നിലയിൽ 'ഖാദിയാനു'മായി ബന്ധപ്പെടുത്തിക്കൊണ്ട് അഹ്മദികൾ 'ഖാദിയാനികൾ' എന്നാണ് ചിലരാൽ പരാമർശിക്കപ്പെടാറുള്ളത്. അഹ് മദികൾ ഈ അഭിസംബോധന വളരെ മോശമായിട്ടാണ് ഗണിക്കാറുള്ളത്. അതിനാൽ ഈ റിപ്പോർട്ടിൽ അഹ്മദിഎന്ന പദമാണ് ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. സർക്കാരിന്റെ ഔദ്യോഗിക കണക്കനുസരിച്ച് പാകിസ്താനിലെ അഹ്മദികളുടെ എണ്ണം ഏകദേശം 70000 ആണ്. 1974 മുതലുള്ള കാനേഷുമാരിയിൽ അഹ്മദികൾ തങ്ങളെ സ്വയം തരംതിരിച്ചിട്ടുള്ളത് 'മുസ്‌ലിം' എന്നായിട്ടാണ്. അല്ലെങ്കിൽ പിന്നെ തങ്ങളെ സ്വയം 'അമുസ്‌ലിം' എന്ന് തരംതിരിക്കേണ്ടി വരും. അതിനാൽ സർക്കാർ കണക്കുകൾ തീരെ കൃത്യതയില്ലാത്തതാണ്. മിഷ്യന് നൽകപ്പെട്ടിട്ടുള്ള കണക്കുപ്രകാരം പാകിസ്താനിലുള്ള അഹ്മദികളുടെ എണ്ണം 20 ലക്ഷത്തിനും 50 ലക്ഷത്തിനും ഇടയ്ക്കാണ്.

അഹ്മദിയ്യാ ജമാഅത്തിലെ ചില അംഗങ്ങൾക്ക് നേരിടേണ്ടി വന്നിട്ടുള്ള സാഹചര്യങ്ങൾ, പാകിസ്താനിൽ നിന്ന് പലായനം ചെയ്തു യു.കെ.യിൽ അഭയം തേടാൻ അവരെ പ്രേരിപ്പിച്ചിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ തീരുമാനമെടുക്കുമ്പോൾ ആവർത്തിച്ചാവർത്തിച്ച് പറയപ്പെട്ടിട്ടുള്ള കാര്യം, അവർക്ക് ആഭ്യന്തരമായി തന്നെ പലായനം ചെയ്യാൻ സാധിക്കും എന്നാണ്. റബ്‌വയിലേക്ക് നീങ്ങിക്കൊണ്ട് പീഡിതനായ ഒരഹ്മദിക്ക് പാകിസ്താൻ വിട്ടുപോവാതെത്തന്നെ സംരക്ഷണം നേടാൻ കഴിയും എന്നാണ് പറയപ്പെടാറുള്ളത്. പാകിസ്താനിലെ മറ്റിടങ്ങളിൽ പീഡനമനുഭവിക്കുന്ന അഹ്മദികൾക്ക് അഹ്മദികൾ ഭൂരിപക്ഷമുള്ള റബ്‌വയിൽ സംരക്ഷണം ലഭിക്കും എന്ന അനുമാനത്തിലാണ് ഈ വിലയിരുത്തൽ. പാർലിമെന്റിന്റെ മനുഷ്യാവകാശഗ്രൂപ്പ് ഈ അനുമാനത്തെ, അഭയം ചോദിച്ചുകൊണ്ടുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് നിദാനമാക്കുകയും അതിന്റെ സത്യസന്ധത പരിശോധിക്കുകയും ചെയ്തു. റബ്‌വ യെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പാകിസ്താനിലേക്കുള്ള ഒരു മിഷ്യനായിരുന്നു അതുകൊണ്ടുണ്ടായ ഫലം.

## റിപ്പോർട്ട് : പരിധിയും ഘടനയും

റബ്‌വയിലേക്കുള്ള ആഭ്യന്തര-പലായന സാധ്യതകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലാണ് മിഷൻ പൂർണ്ണമായി ശ്രദ്ധ കേന്ദ്രീകരിച്ചത്. അതിനാൽ ഈ പ്രശ്നവുമായി ബന്ധപ്പെട്ട തെളിവുകൾ ലഭ്യമാക്കാനാണ് ഈ റിപ്പോർട്ടുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എന്നിരിക്കലും, പാകിസ്താനിൽ അഹ്മദികൾ അതിജീവിച്ചുപോരുന്ന സാമൂഹ്യവും രാഷ്ട്രീയവുമായ വിശാലമായ സാഹചര്യത്തിൽ

നിന്നും റബ്‌വയേയും ആഭ്യന്തരപലായനത്തേയും നിർമ്മുക്തമാക്കാൻ സാധ്യമല്ല എന്ന് മിഷ്യന്റെ പ്രവർത്തനത്തിനിടയിൽ വളരെ വേഗത്തിൽ തന്നെ വ്യക്തമായി. അതിന്റെ ഫലമായി, പാകിസ്താനിലുടനീളം അഹ്മദികൾ ഇപ്പോൾ നേരിടുന്ന അവസ്ഥയും ഈ റിപ്പോർട്ടിലെ ചില വകുപ്പുകളിൽ പരിഗണിച്ചിട്ടുണ്ട്. വിപുലമായ വൃത്തങ്ങളിൽ നിന്നുള്ള പ്രതികരണങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നതിനാൽ റിപ്പോർട്ട് കൃത്യതയുള്ളതാണെങ്കിലും പാകിസ്താനിലെ അഹ്മദികളെക്കുറിച്ചുള്ള ഒരു സമഗ്രപഠനം എന്ന് ഈ റിപ്പോർട്ടിനെക്കുറിച്ചു കരുതാവുന്നതോ ആ നിലയിൽ റിപ്പോർട്ട് ഉപയോഗിക്കാവുന്നതോ അല്ല. പാകിസ്താനിൽ സാധ്യമായേടത്തോളം അഭിപ്രായമാരായാൻ എല്ലാ ശ്രമങ്ങളും നടത്തിയിട്ടുണ്ടെങ്കിലും ഈ വിഷയത്തിൽ പരിപൂർണ്ണമായ പ്രാതിനിധ്യം ലഭ്യമാക്കാമെന്ന് ഒരു മിഷ്യനും പ്രതീക്ഷിക്കാവതല്ലെന്ന് മിഷ്യൻ അംഗങ്ങൾ സമ്മതിക്കുകയും ഊന്നിപ്പറയുകയും ചെയ്യുന്നു.

ഈ റിപ്പോർട്ടിന്റെ ശിഷ്ടഭാഗം താഴെക്കൊടുത്ത വിധമാണ് സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്. മിഷ്യൻ കൈക്കൊണ്ട രീതിശ്ശാസ്ത്രത്തെ സംബന്ധിച്ച ഒരു പ്രസ്താവനയോടെ മുഖവുര സമാപിക്കുന്നു. മിഷ്യൻ അഭിപ്രായമാരാഞ്ഞ അല്ലെങ്കിൽ അഭിപ്രായമാരായാൻ ശ്രമിച്ച പാകിസ്താനിലെ വൃത്തങ്ങളുടെ ഒരു പട്ടികയും മുഖവുരയിലുണ്ട്. റിപ്പോർട്ടിന്റെ മുഖ്യഭാഗം ആരംഭിക്കുന്നത് പാകിസ്താനിലെ അഹ്മദികളുടെ അവസ്ഥയെക്കുറിച്ചുള്ള നിരൂപണത്തോടെയാണ്. മുകളിൽ സൂചിപ്പിച്ച പ്രകാരം അതില്ലാതെ ബാക്കി വകുപ്പുകൾ മനസ്സിലാക്കാൻ സാധ്യമല്ലാത്തതിനാൽ അതും ഉൾപ്പെടുത്തിയതാണ്. സർക്കാരിന്റേയോ പോലീസിന്റേയോ ഭാഗത്തുനിന്നുള്ള കുറ്റം ചാർത്തപ്പെടാതെ അഹ്മദികളുടെ മേൽ അക്രമം ചെയ്യാവുന്ന വിധത്തിൽ അഹ്മദികൾക്കെതിരെയുള്ള വിവേചനം എങ്ങനെ എത്തിച്ചേർന്നുവെന്ന് ഈ വകുപ്പ് നമ്മെ മനസ്സിലാക്കിത്തരുന്നു. അറസ്റ്റു ചെയ്യാൻ പ്രഥമ വിവരറിപ്പോർട്ടും 'ദൈവനിന്ദാനിയമ'ങ്ങളും പോലെ അഹ്മദിയ്യാ വിരുദ്ധ സംഘടനയായ 'ഖത്തമുന്നുബുവ്വത്ത്' വഹിച്ച പ്രത്യേക പങ്കും റിപ്പോർട്ടിൽ അവതരിപ്പിക്കപ്പെടുന്നു. റബ്‌വയിലെ അഹ്മദികൾ നേരിടുന്ന ശക്തമായ വിപൽസാധ്യതാഘടകങ്ങളെസ്സംബന്ധിച്ച് മിഷ്യൻ ശേഖരിച്ച തെളിവുകളാണ് സെക്ഷൻ 3 അവതരിപ്പിക്കുന്നത്. ഇവയിൽ ദൈവനിന്ദാനിയമങ്ങൾ, അഹ്മദിയ്യാ വിശ്വാസം ആചരിക്കൽ അഥവാ പ്രകടിപ്പിക്കൽ, അഹ്മദികൾ നടത്തുന്ന പ്രബോധനം, ഭീഷണികളും ശാരീരികാക്രമണവും, സ്വത്തിന്മേലുള്ള കയ്യേറ്റം, എന്നിവയടങ്ങുന്നു. അവസാനമായി, സെക്ഷൻ 4 റബ്‌വയിൽ അഹ്മദികൾക്ക് ലഭ്യമായ സംരക്ഷണം വിലയിരുത്തുന്നു. മൂന്നുവിധത്തിലുള്ള സംരക്ഷണമാണ് മനസ്സിലാക്കപ്പെടുന്നത്. സാമുദായികസംരക്ഷണം, അതായത് അഹ്മദികൾ ഭൂരിപക്ഷമുള്ള പട്ടണത്തിൽ ജീവിക്കുന്നതിന്റെ ഫലമായി അഹ്മദികൾക്ക് ലഭിക്കുന്ന സംരക്ഷണം. റബ്‌വ യിലെ അഹ്മദികളെ സംരക്ഷിക്കുന്നതിൽ നിയമവ്യവസ്ഥിതിയുടേയും പോലീസിന്റേയും പ്രയോഗക്ഷമതയടങ്ങുന്ന ഭരണകൂടത്തിന്റെ സംരക്ഷണം; റബ്‌വ നിവാസികളുടെ ദൈനംദിന ജീവിതത്തെ നിർവ്വചിക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ അവസ്ഥകൾ. ആഭ്യന്തര പലായനത്തിന്റെ സാധ്യതകൾ വിലയിരുത്തുന്നതിനേക്കാൾ, കിട്ടിയ തെളിവ് കൃത്യമായും ലഭ്യമാക്കുന്ന രീതിയിൽ പുനർലഭ്യമാക്കുക എന്ന ഉദ്ദേശ്യം മിഷ്യനുള്ളതിനാൽ ഈ റിപ്പോർട്ടിൽ നിഗമനങ്ങളൊന്നും നടത്തിയിട്ടില്ല. രണ്ടാമതു പറഞ്ഞ കാര്യം അഭയാഭ്യർത്ഥനയിൽ തീരുമാനമെടുക്കുന്നവർ പരിഗണിക്കേണ്ടതാണ്.

## കമ്മീഷൻ പ്രവർത്തനത്തിന്റെ രീതിശ്ശാസ്ത്രം

മിഷൻ 2006 ഒക്ടോബർ 8ന് പാകിസ്താനിൽ എത്തുകയും എട്ടുദിവസം അവിടെ തങ്ങുകയും ചെ യ്തു. ഈ ദിവസങ്ങൾ പലയിടങ്ങളിലായി ചെലവഴിക്കയാണ് ചെയ്തത്. റബ്‌വയിലേയും ഝംഗിലേയും വിവരങ്ങൾ ശേഖരിച്ച കേന്ദ്രങ്ങൾ കണ്ടെത്താൻ ഫൈസലാബാദിൽ മൂന്നു ദിവസം യാത്ര ചെയ്തു. രണ്ടു ദിവസം ലാഹോറിലും രണ്ടു ദിവസം ഇസ്‌ലാമാബാദിലും ചെലവഴിച്ചു. ആദ്യദിവസം ഫൈസലാബാദിൽ നിന്നും ഇസ്‌ലാമാബാദിലേക്കുള്ള യാത്രയ്ക്കായി ചെലവഴിച്ചു. മിക്കവാറും യോഗങ്ങൾ മിഷ്യന്റെ പ്രത്യേക നിർദ്ദേശപ്രകാരം യാത്രയ്ക്ക് മുമ്പുതന്നെ ഏർപ്പാടു ചെയ്തതായിരുന്നു. വിവരങ്ങൾ ശേഖരിച്ചവരോടൊപ്പമുള്ള യോഗങ്ങൾ അർദ്ധസ്വഭാവത്തിലുള്ള കൂടിക്കാഴ്ചകളായിരുന്നു. മിഷ്യൻ യാത്ര ചെയ്തിരുന്നത് ഒരുകൂട്ടം ചോദ്യാവലിയോടുകൂടിയായിരുന്നു. ചോദ്യങ്ങളുടെ തലവാചകങ്ങൾ ഇപ്രകാരമായിരുന്നു. അഹ്മദികളുടെ മതപരമായ പ്രവർത്തനങ്ങൾ, പ്രഥമ വിവര റിപ്പോർട്ടുകളും ദൈവനിന്ദയും, റബ്‌വയിലെ സംരക്ഷണം, റബ്‌വക്ക് പുനർസ്ഥാന നിർണ്ണയം. റബ്‌വയിലെ ജീവിതം എന്നിവയായിരുന്നു. ഈ ചോദ്യങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു കണ്ടുമുട്ടിയവരുമായുള്ള റിപ്പോർട്ട് ശേഖരണം. പ്രതികരണങ്ങളെല്ലാം മിഷ്യൻ അംഗങ്ങളെല്ലാം ലിഖിതരൂപത്തിൽ രേഖപ്പെടുത്തി. ഈ പ്രതികരണങ്ങളുടെ വെളിച്ചത്തിൽ ഒക്ടോബർ – ഡിസംബർ കാലത്ത് റിപ്പോർട്ട് തയ്യാറാക്കി. തർജ്ജമ ആവശ്യമുള്ളപ്പോഴെല്ലാം ചെയ്തിരുന്നത് യു.കെ. അഹ്മദിയ്യാ ജമാഅത്തിലെ സലിം മാലിക്ക് ആയിരുന്നു. പേര് വെളിപ്പെടുത്താതെതന്നെ പ്രതികരണങ്ങൾ രേഖപ്പെടുത്താനുള്ള അവസരം വിവരം നൽകിയവർക്ക് കൊടുത്തു.

മിഷൻ അംഗങ്ങൾ താഴെ പറയുന്നവരായിരുന്നു. ഫ്രാൻസിസ് അല്ലൻ (ബാരിസ്റ്റർ 12 ഓൾഡ് സ്ക്വയർ) മൈക്കൽ എൽമാൻ (സോളിസിറ്റർ, ചെയർ ഓഫ് സോളിസിറ്റേർസ് ഇന്റർ നാഷനർ ഹ്യൂമൻ റൈറ്റ്സ് ഗ്രൂപ്പ്, ഓഫീസർ ഓഫ് ദി ഇന്റർനാഷണൽ ബോർഡ് ഓഫ് ദി ഇന്റർനാഷനൽ ഫെഡറേഷൻ ഫോർ ഹ്യൂമൻ റൈറ്റ്സ് FIDH)

ഡോ. ജോനതൻ എൻസർ (സീനിയർ റിസർച്ച് ഓഫീസർ, ഇമ്മിഗ്രേഷൻ അഡ്വൈസറി സർവ്വീസ്)

## വിവരങ്ങൾ ശേഖരിച്ച ഉറവിടങ്ങൾ

താഴെ പറയുന്ന വ്യക്തികളേയും ഗ്രൂപ്പുകളേയും മിഷ്യൻ ഇന്റർവ്യൂ ചെയ്തു. കൂടുതലായുള്ള വിവരങ്ങൾ സന്ദർഭാനുസരണം അവർ നല്കി. അത് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അനുബന്ധം Bയിൽ ഈ വിവരങ്ങളുടെ കോപ്പി കാണാം. വിവരങ്ങൾ നൽകിയ വൃത്തങ്ങളിൽ നിന്ന് നേരിട്ടുള്ള ഉദ്ധരണികൾ ഉദ്ധരണി ചിഹ്നങ്ങളോടെ റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്.

## സീനിയർ ഗവൺമെൻറ് അഡ്വൈസർ

ഒരു തലമുതിർന്ന സർക്കാർ ഉപദേശകനെ മിഷൻ ഇന്റർവ്യൂ ചെയ്തു. അദ്ദേഹം അംഗീകരിക്കപ്പെട്ട ഒരു ഇസ്ലാം മതകാര്യവിദഗ്ദ്ധനാണ്. വളരെ സ്വതന്ത്രമായി സംസാരിക്കുന്നതിന് തന്റെ പേരും പദവിയും ഗോപ്യമാക്കി വെക്കണമെന്ന് ഇദ്ദേഹം അഭ്യർത്ഥിച്ചു. ഈ റിപ്പോർ ട്ടിന്റെ വക്താക്കൾക്ക് അദ്ദേഹത്തിന്റെ പേരും പദവിയും അറിയാം.

## ഖത്മെ നുബുവ്വത്ത് (ഇസ്ലാമാബാദ് ഘടകം)

ഖത്മെ നുബുവ്വത്ത് ഇസ്ലാമാബാദ് ഘടകത്തിന്റെ പ്രസിഡണ്ട് അബ്ദുറഊഫിനേയും ഓഫീസ് മാനേജർ മുഹമ്മദ് ത്വയ്യിബിനേയും മെമ്പർമാരായ മുഫ്തി അബ്ദുറശീദ്, ബാരി അബ്ദുറശീദ്, ഇബ്രാഹിം റശീദ് എന്നിവരേയും മിഷൻ ഇന്റർവ്യൂ ചെയ്തു.

## മുല്ലാ അല്ലാഹ്‌യാർ അർശാദ്, റബ്‌വയിലെ ഖത്മെ നുബുവ്വത്തിന്റെ പ്രസിഡണ്ട് (മുല്ലാ അർശാദ്)

മുല്ലാ അർശാദ് റബ്‌വയിൽ 30 വർഷം ജീവിച്ചിട്ടുണ്ട്. ഖത്മെ നുബുവ്വത്ത് സ്ഥാപിച്ചത് മുതൽ അദ്ദേഹം അതിൽ അംഗമാണ്. മുല്ലാ അർശാദിനെ മിഷ്യൻ ഇന്റർവ്യൂ ചെയ്യുമ്പോൾ റബ്നവാസ് എന്നൊരാൾ അത് തടസ്സപ്പെടുത്തുകയും ദീർഘമായ ചില കാര്യങ്ങൾ തിരുകിക്കയറ്റുകയുമുണ്ടായി. അയാൾ ചിനിയോട്ടിന് സമീപം പ്രാക്ടീസു ചെയ്യുന്ന ഒരു വക്കീലും ഖത്മെ നുബുവ്വത്തിന്റെ ചിനിയോട്ടിലെ പ്രാദേശികഫോറത്തിന്റെ പ്രസിഡണ്ടുമാണ്.

## പാകിസ്താനിലെ മനുഷ്യാവകാശ കമ്മീഷൻ

മിസ് അസ്മാ ജഹാംഗീർ (ചെയർ പേഴ്സൻ) മി. ഐ.എ. റഹ്മാൻ (ജോയിൻറ് ഡയറക്ടർ), കാമിലാ ഹയാത്ത് (ജോ. ഡയറക്ടർ), മി. മെഹ്ബൂബ് അഹ്മദ് ഖാൻ (ലീഗൽ ഓഫീസർ), എയർമാർഷൽ (റിട്ട.) സഫർ ചൗദരി (മുൻ കൗൺസിൽ അംഗം) എന്നിവരെ മിഷൻ കണ്ടു. കമ്മീഷനെ അവർ സ്വയം വിവരിക്കുന്നത് 'നിയമപ്രകാരം രജിസ്റ്റർ ചെയ്ത ഒരു സ്വതന്ത്ര സർക്കാരിതരസംഘടന' എന്നാണ്. അതിന്റെ മുഖ്യ ആഫീസ് ലാഹോറിലാണ്. 1987ൽ അത് പ്രവർത്തനമാരംഭിച്ചു. കമ്മീഷന്റെ ഏറ്റവും ഉന്നത ഘടകം എല്ലാ അംഗങ്ങളുമടങ്ങിയ ജനറൽ ബോഡിയാണ്. ചുരുങ്ങിയ പക്ഷം വർഷത്തിലൊരിക്കലെങ്കിലും ജനറൽ ബോഡി യോഗം ചേരുന്നു. സംഘടനയുടെ എക്സിക്യൂട്ടീവ് അധികാരം നിക്ഷിപ്തമായ കൗൺസിൽ മൂന്നുവർഷത്തിലൊരിക്കലാണ് തിരഞ്ഞെടുക്കപ്പെടുന്നത്. കൗൺസിലാണ് സംഘടനയുടെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്. ചെയർപേർസൺ, അഞ്ചിൽ കൂടാതെ വൈസ് ചെയർ പേർസൺസ്, ഒരു സെക്രട്ടറി ജനറൽ, ഒരു ഖജാഞ്ചി. സർക്കാരിലോ രാഷ്ട്രീയ പാർട്ടിയിലോ (ദേശീയ തലത്തിലും പ്രൊവിൻഷ്യൽ തലത്തിലും) ഭാരവാഹിയായ ഒരാൾക്ക് കമ്മീഷനിൽ ഭാരവാഹിയാകാൻ പറ്റില്ല. ചുരുങ്ങിയ പക്ഷം വർഷത്തിൽ രണ്ടു പ്രാവശ്യം കൗൺസിൽ യോഗം ചേരുന്നു. മനുഷ്യാവകാശ ധ്വംസനങ്ങളെക്കുറിച്ച് മുന്നറിയിപ്പു നൽകുക, പൊതുപ്രചാരണം വഴിയും കോടതികൾ മുഖേനയും അവയ്ക്ക് പരിഹാരം തേടുക എന്നിവയ്ക്കു പുറമെ സെമിനാറുകളും വർക്ക്ഷാപ്പും, ശില്പശാലകളും വസ്തുതകൾ കണ്ടെത്താനുള്ള മിഷനുകളും കമ്മീഷൻ സംഘടിപ്പിക്കുന്നു.

## ഫൈസുറഹ്മാൻ, പ്രസിഡണ്ട്, ആംനസ്റ്റി ഇന്റർനാഷനൽ, പാകിസ്താൻ

പാക്കിസ്താനിലെ മതപരമായ പ്രശ്നങ്ങൾക്ക് പിന്നിലുള്ള ഘടകങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും അവയ്ക്ക് ദേശീയവും അന്തർദേശീയവുമായ നിലയിൽ പരിഹാരം തേടുകയും ചെയ്യാനുള്ള ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട 'പ്രമുഖ വ്യക്തികളുടെ' താരതമ്യേന പുതിയ സംഘടനയായ 'യൂനൈറ്റഡ് സിറ്റിസൻസ് ഫോറ' ത്തിലും താൻ അംഗമാണെന്ന് മി. റഹ്മാൻ വിശദീകരിച്ചു. മനുഷ്യാവകാശധ്വംസനങ്ങളെ സംബന്ധിച്ചുള്ള ആംനസ്റ്റി ഇന്റർനേഷനലിനോടൊത്തും മതപരമായ കാര്യങ്ങളെ കേന്ദ്രീകരിച്ചുള്ള യുനൈറ്റഡ് സിററിസൺസ് ഫോറത്തോടൊപ്പവും പ്രവർത്തിച്ചതിന്റെ ഫലമായാണ് പാകിസ്താനിൽ അഹ്മദികൾ നേരിടുന്ന അവസ്ഥകളെക്കുറിച്ച് മി. റഹ്മാന് അറിവും പരിചയവും നേടാൻ കഴിഞ്ഞത്. 2006 ആഗസ്തിൽ ജലന്തോസാഹിയിൽ അഹ്മദികൾ ആക്രമിക്കപ്പെട്ടതിനെക്കുറിച്ച് രണ്ട് സംഘടനകളുടെ നേതാവെന്ന നിലയിലുള്ള നേരിട്ടറിവും, പാകിസ്താനിലെ അവസ്ഥകളെക്കുറിച്ചുള്ള പരിചയവും പശ്ചാത്തല സാഹിത്യവും റിപ്പോർട്ടും വായിച്ചതുമൂലവും ലഭിച്ച അറിവും എല്ലാം അടിസ്ഥാനമാക്കിയതാണ് തന്റെ വീക്ഷണമെന്നും മി. റഹ്മാൻ വിശദീകരിച്ചു. (2006ൽ ജന്തോസാഹിയിൽ നടന്ന ആക്രമണം കാരണം മുഴുവൻ അഹ്മദികളും അവിടെ നിന്ന് പലായനം ചെയ്യാൻ നിർബന്ധിതരായിരുന്നു). (തുടരും)

**(The Review of Religions, March 2007)**

**(വിവർത്തകൻ : കെ.വി. ഹസ്സൻകോയ, കോഴിക്കോട്)**

ലേഖനം

# മുഹമ്മദ് നബി(സ)യെ നിരാകരിച്ച് ഖുർആനെ സ്വീകരിക്കാമോ?

**കെ. അബ്ദുൾ ഹക്കീം, കസുവ**

**ഖുർആനും റസൂൽ തിരുമേനി (സ)യും യേശുവിനെ സത്യപ്പെടുത്തുമ്പോൾ റസൂൽ തിരുമേനി(സ)യെ തള്ളിക്കൊണ്ട് ഖുർആൻ വചനങ്ങൾ ഉദ്ധരിച്ച് ദുർവ്യാഖ്യാനം ചെയ്യുന്ന ക്രിസ്തീയ പ്രചാരവേല ശരിയല്ല.**

**ക്രൈ**സ്തവ ലോകം നിരന്തരം അനുവർത്തിച്ചുവരുന്ന ഒരു ഇരട്ടത്താപ്പാണ് മുഹമ്മദ് നബി(സ)യെ നിരാകരിച്ചും ഖുർആനെ സ്വീകരിച്ചുകൊണ്ടുമുള്ള പ്രചാരണം. ക്രിസ്തു എന്ന പ്രവാചകൻ നടത്തിയ ഏകദൈവ പ്രബോധന ദൗത്യം മുഹമ്മദ് നബി(സ)യാണ് സാർവ്വലൗകികമായി പൂർത്തിയാക്കിയത്. ക്രിസ്തുവിനേയും മാതാവിനേയും സത്യാത്മാക്കളും ആദരണീയരുമാണെന്നാണ് മുഹമ്മദ് നബിയും അദ്ദേഹത്തിന് അവതരിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആനും പഠിപ്പിക്കുന്നത്. ക്രിസ്ത്യാനികൾ പിൽക്കാലത്ത് ചമച്ചുണ്ടാക്കിയ ദൈവത്തിൽ പങ്കുചേർക്കുന്ന ത്രിത്വവാദത്തെ ഖുർആൻ നിശിതമായും യുക്തിസഹമായും വിമർശിക്കുന്നു. യേശുവിനെ സ്സംബന്ധിച്ച ഖുർആന്റെ സമഗ്രവീക്ഷണമിതാണ്

യേശുവിനെ സത്യപ്രവാചകനും മഹാനുമായി ലോകത്തിന് പരിചയപ്പെടുത്തിയ റസൂൽ തിരുമേനിയെ നഊദുബില്ലാഹ് (അല്ലാഹുവിൽ ശരണം) ഒരു പാപിയായിട്ടാണ് ക്രിസ്ത്യാനികൾ കരുതുന്നത്. മാത്രമല്ല, റസൂൽ തിരുമേനി സാക്ഷാത്കരിച്ച ഖുർആനിൽ നിന്നും സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് അവരുടെ അയുക്തികവും അന്തഃസ്സാരശൂന്യവുമായ ത്രിത്വസിദ്ധാന്തത്തിന്ന് ഉപോൽബലകമായി ഉദ്ധരിക്കുകയും ചെയ്യുന്നു. ഇതാണ് ഇസ്‌ലാമിനെതിരെ പ്രചാരവേല നടത്തുന്ന ക്രിസ്തീയ മിഷനറിമാരുടെ ഇരട്ടത്താപ്പ്.

മുഹമ്മദ് നബി(സ) സർവ്വലോക പ്രവാചകനും പരിശുദ്ധ ഖുർആൻ സർവ്വലോകർക്കുമുള്ള ന്യായപ്രമാണവുമാകുന്നു. എന്നാൽ ക്രിസ്തീയ സഹോദരന്മാർ, അവരുടെ വികല ദൈവികസങ്കല്പങ്ങളെ പിന്തുണക്കാൻ പരിശുദ്ധ ഖുർആന്റെ വചനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി കണ്ടുവരുന്നു. പരിശുദ്ധ ഖുർആൻ മുഹമ്മദ് നബി(സ)ക്ക് അവതരിച്ചതാണ്. മുഹമ്മദ് നബിയെ സത്യപ്പെടുത്താതെ അദ്ദേഹം പറഞ്ഞതിനെ സത്യപ്പെടുത്തുകയും സ്വീകരിക്കുകയും ചെയ്യുന്നത് അയുക്തികവും അനുചിതവുമാണ്. മുഹമ്മദ് നബി(സ) സത്യവാനാണെന്നു അംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ ക്രിസ്തുമതത്തിന് നിലനിൽക്കുവാൻ സാധിക്കുകയില്ലായെന്നത് ഒരു വസ്തുതയാണ്. പരിശുദ്ധ ഖുർആനെ ആവശ്യത്തിന് സ്വീകരിക്കുകയും, മുഹമ്മദ് നബിയെ തള്ളിക്കളയുകയും ചെയ്യുന്ന സുവിശേഷ വേല അശാസ്ത്രീയവും അയുക്തികവുമാണ്. യേശുവിന്ന് അവതീർണ്ണമായതെന്ന് ക്രിസ്ത്യാനികൾ പറയുന്ന ബൈബിളിന്റെ അദ്ധ്യാപനങ്ങളിലൂടെ യേശുവിന്റേയും, അദ്ദേഹത്തിന്റെ മാതാവിന്റേയും, പരിശുദ്ധിയേയും സത്യതയേയും തെളിയിച്ചു കാട്ടുക എന്നതാണ് ഏറ്റവും പ്രാമാണികമായ മാർഗ്ഗം. അതല്ലാതെ വേദപ്രമാണങ്ങൾ സന്ദർഭത്തിൽ നിന്നടർത്തി ദുർവ്യാഖ്യാനിച്ച് പിൻബലം സ്വീകരിക്കുന്നതും ഉചിതമല്ല. വചനത്തെ സ്വീകരിക്കുകയും വാചികനെ നിരാകരിക്കുകും ചെയ്യുന്ന നിലപാട് ന്യായയുക്തമാണോ? വാസ്തവത്തിൽ യേശുക്രിസ്തു അവർ വിശ്വസിക്കുന്നതുപോലെ ദൈവപുത്രനും ത്രിത്വത്തിലെ ഒരംശവുമാണെന്ന വാദം തന്നെ ബൈബിളിൽ നിന്നു തെളിയിക്കാൻ സാധ്യമല്ല. യേശുവെന്ന ഒരു സത്യാത്മാവിന്റെ പേരിൽ അദ്ദേഹം പറയാത്തതും പഠിപ്പിക്കാത്തതുമായ കാര്യങ്ങൾ പ്രചരിപ്പിക്കുകയും വിശ്വസിക്കുകയും, ആ മാർഗ്ഗത്തിലേക്ക് മറ്റുള്ളവരെക്കൂടി നയിക്കുകയും ചെയ്യുന്ന ക്രിസ്തീയ പ്രബോധകർ അവരുടെ സാങ്കല്പികവാദങ്ങൾക്കായി മുഹമ്മദ് നബി (സ)യെ തള്ളി ഖുർആൻ ഉദ്ധരിക്കുന്നത് വിചിത്രമാണ്.

## യേശുവിന്റെ അമാനുഷികത?

യേശുക്രിസ്തുവിന്റെ അത്ഭുതജനനവും അമാനുഷികതയും ബൈബിളിന്റേയും പരിശുദ്ധ ഖുർആന്റേയും അദ്ധ്യാപനങ്ങളിലൂടെ താരതമ്യം ചെയ്തുകൊണ്ട്, മുസ്ലിംകളെ പ്രത്യേകിച്ച് ക്രിസ്തുമാർഗ്ഗത്തിലേക്കു ക്ഷണിച്ചുകൊണ്ടിരിക്കുന്ന സുവിശേഷ വിദ്വാന്മാർ യേശുവിന്റെ യഥാർത്ഥ നിലയറിയുന്നില്ലായെന്നുള്ളതാണ് വാസ്തവം. യേശു പിതാവില്ലാതെ ജനിച്ചുവെന്നു വാദിക്കുമ്പോൾ, പിതാവില്ലാതെ ജനിക്കുന്നത് ഒരു മഹാശ്രേഷ്ഠതയായിട്ട് വേദഗ്രന്ഥങ്ങൾ പറയേണ്ടിയിരിക്കുന്നു. എന്നാൽ ഇതൊരു ശ്രേഷ്ഠതയായിട്ട് ബൈബിൾ എവിടേയും പ്രസ്താവിക്കുന്നില്ല. ദൈവം ആദമിനെ സൃഷ്ടിച്ചതു മാതാവും, പിതാവുമില്ലാതെയായിരുന്നു. ഇതിൽ യാതൊരു മേന്മയും നാം കാണുന്നില്ല. വേദഗ്രന്ഥം നൽകിയതുമില്ല. സ്നാപകയോഹന്നാന്റെ ജനനം ഒരു കണക്കിൽ അത്ഭുതജനനമായിരുന്നു. കാരണം സക്കര്യായും ഭാര്യയും വാർദ്ധകൃത്തിന്റെ പരമസീമയിൽ ആയിരുന്നു. അവർക്കും ദൈവം തന്റെ കല്പനയാൽ ഒരു പുത്രനെ നൽകി. അവന്റെ നാമം പോലും ദൈവം നേരത്തെ പറഞ്ഞു. യേശുവിന്റെ ജനനത്തിലും ഇതുതന്നെയാണ് സംഭവിച്ചത്! ഇതല്ലാതെ ദൈവം പുത്രന്മാരെ ജനിപ്പിക്കുവാനായിട്ട് ഒരു സ്ത്രീയെ വിവാഹം കഴിച്ചുവെന്നു ക്രിസ്തുമതലോകം വിശ്വസിക്കുന്നെങ്കിൽ, ധാർമ്മികമായിട്ട് ക്രൈസ്തവലോകം എവിടെ നിൽക്കുന്നുവെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. അതല്ലാ പിതാവില്ലാതെ ജനിക്കുന്നതു സമൂഹത്തിൽ ശ്രേഷ്ഠതയാണെങ്കിൽ അതും ക്രിസ്തീയലോകത്തിന് മാത്രമായിട്ടുള്ള നേട്ടവും മാന്യതയുമാണ്! വിശുദ്ധ ഖുർആൻ യേശുവിന്റെ ജനനത്തെ ക്കുറിച്ച് പ്രസ്താവിക്കുന്നത് "ആദമിനോട് ഉപമിച്ചിട്ടാണ്". മാത്രമല്ല, എല്ലാം 'കുൻ' (ഉണ്ടാവുക) എന്ന പ്രയോഗത്തിൽപ്പെടുന്നു. ദൈവത്തിന്റെ ഒരു വരിഷ്ടദാസൻ – പ്രവാചകൻ എന്നതിലുപരി ഒരു യഥാർത്ഥ മുസ്ലിമിന് മറ്റു വിലയിരുത്തലുകളോ വിശ്വാസമോ ഇല്ല തന്നെ!

യേശുവിനെ പരിശുദ്ധ ഖുർആൻ "ഖുലാമുൻ സക്കിയ്യാ" എന്നു വിളിച്ചിട്ടുണ്ടെന്നും (നിഷ്കളങ്കനായ കുഞ്ഞു) ക്രിസ്തീയ സുവിശേഷകർ സമർത്ഥിക്കാറുണ്ട്. അങ്ങനെ ലോകത്ത് യേശുവിനെ പരിശുദ്ധൻ എന്നു നാമകരണം ചെയ്തിട്ടുള്ളതു പരിശുദ്ധ ഖുർആൻ മാത്രമാണ്. അതല്ലാതെ ബൈബിളിൽ നിന്നും യേശു പരിശുദ്ധനാണന്ന ഒരു വചനവും ക്രിസ്തുമതലോകത്തിന് ഉദ്ധരിക്കാൻ സാദ്ധ്യമല്ല. ഇതു പറയുന്നത് മുഹമ്മദ് നബി(സ)യിലൂടെയാ ണെന്ന കാര്യം ക്രിസ്തീയ സഹോദരർ പ്രത്യേകം ഓർക്കേണ്ടതുണ്ട്. മറ്റൊന്ന് ലോകത്ത് അവതരിച്ചിട്ടുള്ള എല്ലാ പ്രവാചകന്മാരും പാപരഹിതർ തന്നെയാണെന്നാണ് ഖുർആൻ പ്രഖ്യാപിക്കുന്നത്. ആരിലും ഒരുവിധ വ്യത്യാസവും മനുഷ്യൻ കല്പിക്കാൻ പാടില്ലായെന്നും ആ പവിത്രഗ്രന്ഥം ഉൽബോധിപ്പിക്കുന്നു. ബൈബിളിൽ പാപരഹിതൻ എന്നു പറയാവുന്ന ഒറ്റ വ്യക്തി, യേശുവിനെ മാനസാന്തര പാപപരിഹാര സ്നാനം കഴിപ്പിച്ച "സ്നാപകയോഹന്നാൻ" മാത്രമേയുള്ളൂ! "സ്ത്രീയിൽ നിന്നും ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരും തന്നെ ഉണ്ടായിട്ടില്ലാ"യെന്ന വേദവാക്യം ഇവിടെ പൂർത്തിയാകുന്നു!!

## യേശുവിന്റെ അത്ഭുതപ്രവൃത്തികൾ?

യേശുവിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ച് വാതോരാതെ സുവിശേഷ ഘോഷണം നടത്തുന്ന സഹോദരന്മാരോട്, യേശു പറഞ്ഞ ഒരു വാക്ക്, "എന്നിൽ കടുകളവ് വിശ്വാസമുള്ള ഒരു വ്യക്തിക്ക് ഞാൻ ചെയ്തതുപോലെ ചെയ്യുവാനും മലയോട് മാറിപ്പോകൂ എന്നു പറഞ്ഞാൽ ചെയ്യുമെന്ന് വചനപ്രകാരം മാറിപ്പോകുകയും ചെയ്യുമെന്നു" വചനപ്രകാരം, യേശുവിന്റെ വചനത്തെ പൂർത്തീകരിക്കാമോ?

ഏതെങ്കിലുമൊരു ക്രിസ്ത്യാനിക്ക് യേശു പറഞ്ഞതു പൂർത്തീകരിച്ചു കാണിക്കാമെങ്കിൽ ആ നിമിഷം നിങ്ങൾ പറയുന്ന എന്തും അംഗീകരിക്കാൻ തയ്യാറാണ്. അതല്ലായെങ്കിൽ യേശുവിൽ നിങ്ങൾക്ക് 'കടുകളവ്' വിശ്വാസം ഇല്ലായെന്നും സമ്മതിക്കേണ്ടി വരും. യേശുക്രിസ്തു ഒരുപാട് അത്ഭുതങ്ങൾ കാഴ്ചവെച്ചുവെന്നു നിങ്ങൾ കൊട്ടിഘോഷിക്കുമ്പോഴും യേശുവിന്റെ ജീവിതകാലത്തു 12 ശിക്ഷ്യന്മാരല്ലാതെ 13-ാമതൊരു വ്യക്തിയെ ചൂണ്ടിക്കാണിക്കാൻ കഴിയുമോ? യേശുവിന്റെ പേരിൽ ഇന്നു ലോകത്ത് നടക്കുന്ന സുവിശേഷ(?) പ്രസംഗങ്ങളിലും മറ്റും രോഗശാന്തി ശുശ്രൂഷയും നടക്കുന്നുണ്ടല്ലോ. അവിടെ എവിടെയെങ്കിലും ഒരു രോഗിക്കെങ്കിലും സുഖം നൽകിയതായിട്ട് തെളിയിക്കാമോ? ബഹ്യമായ രോഗശാന്തി ശുശ്രൂഷയല്ലാ യേശു പറഞ്ഞതു. മറിച്ച് "ആത്മീയ രോഗശാന്തിക്കുള്ള" ശുശ്രൂഷയാണ് എന്നു അല്പമെങ്കിലും ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ബൈബിളിലും ഖുർആനിലും ഒരുപാട് അത്ഭുതങ്ങൾ പ്രവർത്തിച്ചതായിട്ട് പറയുന്നില്ലേയെന്ന സംശയം വായനക്കാർക്ക് ഉണ്ടായേക്കാം. പരിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്ന കാര്യങ്ങൾ മുഴുവനും ആത്മീയമായ മാർഗ്ഗത്തിലേക്കുള്ളതാണ്. അതിൽ ആലങ്കാരികാർത്ഥവും ബാഹ്യാർത്ഥവുമൊക്കെ ഉൾക്കൊള്ളുന്നു. ബൈബിളും അതുതന്നെയാണ് പറയുന്നത്. എന്നാൽ അന്ധമായ വിശ്വാസത്തിന്റെ ചുവടുപിടിച്ചുകൊണ്ട് യേശുവിന്റെ വചനങ്ങൾക്ക് ബാഹ്യാർത്ഥം കൊടുത്തുകൊണ്ടു സുവിശേഷകർ സ്വയം അപമാനിതരാവുകയാണ്! യേശുവിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ ഇനിയും ഇക്കൂട്ടർ തിരിച്ചറിഞ്ഞിട്ടില്ല. അത്ഭുതങ്ങളുടെ കണക്കിലാണ് യേശുവിന്റെ മാഹാത്മ്യവും സത്യതയും നിലകൊള്ളുന്നതെങ്കിൽ, ആധുനിക ക്രിസ്തുമതത്തിന് തെറ്റി. അങ്ങനെ നോക്കുമ്പോൾ, യേശുവിന് മുൻപേ മഹാത്ഭുതങ്ങൾ കാണിച്ചിട്ടുള്ള പലരും വേദഗ്രന്ഥത്തിന്റെ പരിധിയിൽ വരും. "മൽകിദമോസ് ദൈവവും ദൈവപുത്രനുമായിരുന്നുവെന്നു വേദഗ്രന്ഥം പറയുന്നു. കൂടാതെ "ഏലീശാ" പ്രവാചകൻ യേശു ചെയ്തതിനേക്കാളും അത്ഭുതങ്ങൾ ചെയ്തിട്ടുള്ളതായിട്ട്

രണ്ടാം രാജാക്കന്മാർ 4-ാം അദ്ധ്യായം മുതൽ പ്രസ്താവിക്കുന്നു. കുരുടന് കാഴ്ച കൊടുത്തു. കാഴ്ച എടുക്കുകയും ചെയ്തു. മരിച്ച കുട്ടിയെ ജീവിപ്പിച്ചു. എണ്ണ വർദ്ധിപ്പിച്ചു അപ്പം വർദ്ധിപ്പിച്ചു. കുഷ്ഠം എടുക്കുകയും, കൊടുക്കുകയും ചെയ്തു. മൽകിദമോസിന് ആദിയും അന്തവുമില്ലായെന്നും കൂടി പറയുന്നു. ഇങ്ങനെയെല്ലാം നോക്കുമ്പോൾ യേശുവിനെക്കാൾ എന്തുകൊണ്ടും ശ്രേഷ്ഠതയുള്ളവർ ബൈബിളിന്റെ ഭാഷ്യത്തിൽ അനേകർ ഉള്ളതായിട്ട് വരുന്നു. ബൈബിളിന്റെ അദ്ധ്യാപനങ്ങളിലൂടെ യേശുവിന്റെ ശ്രേഷ്ഠതയെക്കാൾ കൂടുതൽ വ്യക്തമാകുന്നതു യേശുവിന്റെ സത്യതയ്ക്കെതിരായിട്ടുള്ള കാര്യങ്ങളാണ്. ഒരു സാധാരണ മനുഷ്യനിൽ പോലും ഉണ്ടാകാത്ത കാര്യങ്ങൾ വേദഗ്രന്ഥം യേശുവിന്റെ മേൽ ആരോപിക്കുന്നുണ്ട്. ഇതിനെയെല്ലാം ഇല്ലാതാക്കി യേശുവിന്റേയും മാതാവിന്റേയും പരിശുദ്ധിയേയും സത്യതയേയും, ലോകത്തിന്റെ മുന്നിൽ തെളിയിച്ചുകാട്ടുന്ന ഒരൊറ്റ ഗ്രന്ഥമുണ്ടെങ്കിൽ അതു മുഹമ്മദ് നബി(സ)യിലൂടെ ദൈവം അവതരിപ്പിച്ച പരിശുദ്ധ ഖുർആൻ മാത്രമാണ്. ഖുർആനിലൂടെയല്ലാതെ യേശുവിന്റേയും മാതാവിന്റേയും, സത്യതയേയും, പരിശുദ്ധിയേയും, മറ്റേതെങ്കിലും രേഖകളിലൂടെ തെളിയിക്കാമെങ്കിൽ മുന്നോട്ടു വരേണ്ടതാണ്?

## പരിശുദ്ധ ഖുർആന്റെ ആവശ്യകത

പരിശുദ്ധ ഖുർആന്റെ അവതരണം മുഴുലോകത്തിന്റെയും പ്രശ്നപരിഹാരത്തിനും മനുഷ്യന്റെ ആത്മീയമായ ഉന്നമനത്തിനും വേണ്ടിയുള്ള ഒരു ബൃഹത്തായ പദ്ധതിയുടെ വചനരേഖയാണ്. ആ പവിത്രഗ്രന്ഥം അവതരിച്ചതു സർവ്വലോകപ്രവാചകനും ഒരു പരിപൂർണ്ണ മനുഷ്യനുമായ മുഹമ്മദ് നബി(സ)ക്കായിരുന്നു. അതുവരെയുള്ള എല്ലാ ന്യായപ്രമാണങ്ങളുടേയും പ്രവാചകന്മാരുടേയും ആകെ ചുരുക്കം പരിശുദ്ധ ഖുർആനിൽ പ്രതിപാദിക്കുന്നുമുണ്ട്. മാത്രമല്ല, മുൻകഴിഞ്ഞ വേദഗ്രന്ഥങ്ങളേയും പ്രവാചകന്മാരേയും ഖുർആൻ സത്യപ്പെടുത്തുന്നു. - അവയുടെ യാഥാർത്ഥ്യങ്ങളിൽ വിശ്വസിക്കാൻ ഉദ്ബോധനം ചെയ്യുകയും ചെയ്യുന്നു.

പരിശുദ്ധ ഖുർആന്റെ ആഹ്വാനം തന്നെ "ഇതു സർവ്വജ്ഞനായ ദൈവത്തിൽ നിന്നുള്ളതാണ്. ജീവിതത്തിൽ സൂക്ഷ്മത പാലിക്കുന്നവർക്ക് ഈ ഗ്രന്ഥം മാർഗ്ഗദർശനവുമാണ്" എന്നാകുന്നു. ഇതിൽ ജാതിമതവ്യത്യാസമില്ല. ഗോത്രീയമോ ദേശീയമോ ആയ പരിഗണനയില്ല. ജീവിതത്തിൽ ദൈവത്തെ സൂക്ഷിച്ചു ജീവിക്കുന്നവർക്കാണ് ഈ പവിത്ര ഗ്രന്ഥം വഴി കാട്ടുന്നത്. മുമ്പ് കടന്നുകഴിഞ്ഞതിന്റെ വിവരണങ്ങൾക്കൊപ്പം മനുഷ്യന് ദൈവവുമായിട്ട് അടുക്കുവാനുള്ള യഥാർത്ഥ ദൈവികമാർഗ്ഗം പരിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നു. സമൂഹത്തിന്റെ ആരോഗ്യപരമായ ഉന്നതിക്ക് വേണ്ടുന്ന ഉപദേശനിർദ്ദേശങ്ങളും കണ്ടെത്താം. മനുഷ്യന്റെ ധാർമ്മികവും അധാർമ്മികവുമായ പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും സവിസ്തരം പ്രതിപാദിക്കുന്നു. മതാദ്ധ്യാപനങ്ങളെ മനുഷ്യബുദ്ധിക്കും യുക്തിക്കും വിധേയമാക്കി പ്രമാണങ്ങളുടെ പിൻബലം തേടുവാനും ഉപദേശിച്ചിട്ടുണ്ട്. ഒരു വിശ്വാസിയുടെ ആയുധം ബുദ്ധി

*(ശേഷം 33-ൽ)*

# ചെറുപ്പകാലത്തെ ജ്ഞാനോപാസന

### ഹദ്റത്ത് അഹ്മദ് (അ)

എന്റെ ചെറുപ്പംനാൾമുതൽക്കേ ദീനിവിഷയങ്ങളിൽ ഞാൻ ഗവേഷണത്തിലേർപ്പെട്ടുകൊണ്ടിരുന്നു. സാമ്പ്രദായികമോ ബഹിർഭാഗസ്ഥമോ ആയ നിരീക്ഷണങ്ങളോട് ഞാനൊരിക്കുലം രാജിയായിരുന്നില്ല. അജ്ഞാനത്തിന്റേയും അസത്യത്തിന്റേയും തടവറയിൽ കഴിയുന്ന ബുദ്ധിശൂന്യരായ മനുഷ്യരുടെ സാധാരണ വഴക്കം പോലെ ഞാനൊരിക്കും ഉപരിപ്ലവമായ ആശയങ്ങളിൽ സംതൃപ്തനായിരുന്നില്ല. കാര്യങ്ങളുടെ ആന്തരാർത്ഥങ്ങൾ കൂടുതൽ പഠിക്കാൻ ആഗ്രഹമില്ലാത്ത സങ്കുചിത മനസ്കരായ ആളുകളെപ്പോലെ ഞാനൊരിക്കലും അടിസ്ഥാനരഹിതമായ ആശയങ്ങളിൽ കടിച്ചുതൂങ്ങി നിന്നിട്ടില്ല. തുളച്ചുകയറുന്ന ഗവേഷണ ബുദ്ധിയോടേയും, അഗാധമായ അന്തർദൃഷ്ടിയോടേയുമല്ലാതെ ഞാനൊന്നിനു നേരെയും സമീപിക്കുകയോ വ്യവസ്ഥാപിതമായ ഒരു വിശ്വാസം ഞാൻ പ്രബോധിക്കുകയോ ചെയ്തിട്ടില്ല. ഏറ്റവും നല്ല ഗുരുനാഥനായ ദൈവമല്ലാതെ എന്നെ യാതൊരാളും പഠിപ്പിച്ചിട്ടില്ല. നിരവധി സത്യങ്ങളുടെ നിഗൂഢതകൾ അവനെനിക്കു വെളിപ്പെടുത്തിത്തന്നു. ദിവ്യജ്ഞാനത്തിന്റെ അനുഗ്രഹവർഷവും അഗാധമായ അദ്ധ്യാത്മികജ്ഞാനങ്ങളും അവൻ എന്നിൽ ചൊരിഞ്ഞു തന്നു.

**(മിനനുറഹ്മാൻ)**

ലേഖനം

# ജ്ഞാനാമൃതത്തിന് മുന്നിൽ കൈക്കുമ്പിളുമായി

പ്രൊഫ. ബി. മഹ്മൂദ് അഹ്മദ്

**അന്തരിച്ച കവി എസ്.വി. സൈനുദ്ദീൻ സാഹിബിന്റെ 'ജ്ഞാനാമൃതം' എന്ന കവിതാസമാഹാരത്തിന്റെ അവതാരികയിൽ നിന്നെടുത്ത ഈ ലേഖനം സ്മരണാഞ്ജലിയായി ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു**

മൗലിക പ്രതിഭയുടെ താരസ്വരം തുളുമ്പുന്ന കവിയും കഥാകാരനുമാണ് ജനാബ് എസ്.വി. സൈനുദ്ദീൻ സാഹിബ്. എഴുപത്തഞ്ചു വർഷങ്ങൾക്കപ്പുറത്ത് പഴയങ്ങാടിയിൽ ജനിച്ച് സമർത്ഥമായി പഠിച്ച് ബിരുദം നേടി പിന്നീട് ഔദ്യോഗിക ജീവിതത്തിൽ പ്രശസ്തിയുടെ ഗിരിശൃംഗങ്ങൾ താണ്ടിയ സൈനുദ്ദീൻ സാഹിബ് സുകൃതം കൊണ്ടെന്ന് പറയട്ടെ നമ്മുടെ സാഹിത്യമേഖലയിലും ഒരപൂർവ്വവൈഭവമായിത്തീരുകയുണ്ടായി. താൻ ജനിച്ച പ്രദേശവും പരിസരവും അനുഭവസത്യങ്ങളാക്കി ഹൃദയത്തിലെ ഏതൊക്കെയോ കരിമ്പാറക്കെട്ടുകളെ മഞ്ഞുതുള്ളികളാക്കി ഉരുക്കിക്കളഞ്ഞ് തനിക്കു ചുററും ജീവിക്കാൻ വേഷം കെട്ടിയവരുടെ ജീവിതദൃശ്യങ്ങൾ കഥകളിലൂടെ നമുക്ക് നൽകിയ 'സൈന്തവൻ' എന്ന കഥാകാരൻ എന്റെ ഓർമ്മയിൽ നിറഞ്ഞുനില്ക്കുന്നു. വാക്കുകൾ ഇലയും പൂവും കായും ചിലപ്പോൾ മുള്ളുകളുമായി വാർന്നു വീഴുന്നതും കരയുകയും ചിരിക്കുകയും ചെയ്യുന്ന മനുഷ്യന്റെ ഭാവവിഹ്വലതകൾ നിറക്കൂട്ടുകളിൽ രേഖാചിത്രങ്ങളായി രൂപം പ്രാപിക്കുന്നതും 'സൈന്തവന്റെ' കഥകളിൽ കൗതുകത്തോടെ കണ്ടുനിന്നിട്ടുണ്ട്. കഥാകാരനായ ഈ മനുഷ്യൻ സർഗ്ഗാത്മകതയുടെ അജ്ഞേയ മുഹൂർത്തത്തിൽ കവിയായിത്തീരുന്നത് എന്നെ വിസ്മയപ്പെടുത്തിയ സത്യമാണ്.

മലയാളം എത്രയോ ഏറെ അറിയുകയും ആദരിക്കുകയും ചെയ്യേണ്ട ഒരു കവിപ്രതിഭയാണ് എസ്.വി. സൈനുദ്ദീൻ സാഹിബ്. പൗരാണികമായ ഒരു സഞ്ചിത സംസ്കാരത്തിൽ വേരുകളാഴ്ത്തി ആധുനികമായ ഒരു കാവ്യസംസ്കൃതിയുടെ വിഹായസ്സിലേക്കുയരാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കേരളത്തിന്റെ മതസാഹിത്യരംഗത്ത് മനസ്സിനെ തൊട്ടുണർത്തുന്ന ഗീതങ്ങൾ വളരെ അപൂർവ്വമായേ പ്രത്യക്ഷപ്പെടാറുള്ളൂ. പ്രത്യേകിച്ചും ഇസ്ലാമിക തത്വചിന്തയുടേയും ജീവിതസിദ്ധിയുടേയും അമൃതപ്രവാഹം മലയാളത്തിന്റെ കാവ്യസിരകൾക്ക് ഉണർവ്വേകിയ സന്ദർഭങ്ങൾ വിരളമാണ്. ഈ പോരായ്മയെയാണ് ജനാബ് എസ്.വി. സൈനുദ്ദീൻ സാഹിബ് തന്റെ പദ്യങ്ങൾ കൊണ്ട് നികത്തിയത്. ലൗകികവും അലൗകികവുമായ ആ അനുഭൂതി വിശേഷങ്ങൾ ഒരു പരിമിത വൃത്തത്തിൽ മാത്രമേ പ്രത്യക്ഷപ്പെടുകയുണ്ടായുള്ളൂ എന്നത് നേരാണ്. ഈ പദ്യങ്ങളിൽ അധികവും അച്ചടിച്ചുവന്നത് കേരളത്തിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ മുഖപത്രമായ 'സത്യദൂതനി'ലാണ്.

"കവിതയ്ക്ക് നിർവ്വചനം പറയാതെ പറ്റില്ലെന്ന് വന്നാൽ കർമ്മങ്ങളായിത്തീരുന്ന വചനങ്ങൾ എന്ന് പറയാൻ തയ്യാറായേക്കുമെന്ന്" റോബർട്ട് ഫ്രോസ്റ്റ് പറഞ്ഞത് ഒരിക്കൽ എം.ടി. വാസുദേവൻ നായർ ചൂണ്ടിക്കാട്ടുകയുണ്ടായി. സൈനുദ്ദീൻ സാഹിബിന്റെ പദ്യങ്ങളും 'കർമ്മങ്ങളായിത്തീരുന്ന വചനങ്ങളാ'ണെന്ന് കാണാം. ഈ പദ്യങ്ങളുടെ പ്രത്യേകതകളെന്താണ്? എനിക്ക് ഒന്നാമതായി തോന്നിയത് നിത്യനും നിരാമയനുമായ അല്ലാഹുവിനെക്കുറിച്ചോർക്കുമ്പോൾ കവിനുണഞ്ഞിറക്കുന്ന ദിവ്യരസാനുഭൂതി യഥാർത്ഥ ഭക്തന്മാരെ സാന്ദ്രാനന്ദാവ ബോധത്തിലെത്തിക്കുമെന്നാണ്.

'അവനീശാ, നിന്റെ കളസ്വരൂപം
ഇവനേതിടത്തെല്ലാം തേടിയില്ല'

എന്നു തുടങ്ങുന്ന 'അന്വേഷണം' എന്ന കവിതയിലെ വരികൾ അത്യന്തദീപ്തമായ ഒരു ഭാവാങ്കുരത്തിന്റെ ഉന്മീ

ലനമാണ് ആസ്വാദക മനസ്സിൽ ഉണർത്തുക. രണ്ടാമതായി കവിമനസ്സിൽ നിന്നും വാർന്നു വീഴുന്ന വരികൾ ഇസ്ലാമിക സംസ്കാരത്തിന്റെ ഈടുവെപ്പുകളിൽ നിന്നും എടുത്തിട്ടുള്ളവയാണ്.

'ഓതുവിനോതുവിൻ സോദരരേ ദിനം
മാദകമോഹന വേദവാക്യം'

എന്നാരംഭിക്കുന്ന 'മരന്ദപ്രവാഹം' ലോകത്തിനാകമാനം സന്മാർഗ്ഗദർശനം നൽകുന്ന ശാശ്വത സത്യസാരമായി വിശുദ്ധ ഖുർആനെ വിശേഷിപ്പിക്കുമ്പോൾ സത്യാന്വേഷണത്തിൽ നിർദ്ദേശിക്കപ്പെടുന്ന പാത ഈ വിശുദ്ധ ഗ്രന്ഥത്തിന്റേതുതന്നെയായിത്തീരുന്നു. ഇവിടെ കവിയുടെ ആലോചനാമൃതമായ അനന്താകാശം ഹൃദയാകാശം തന്നെയാണ്. വിശുദ്ധ ഖുർആനെക്കുറിച്ചുള്ള വിവരണം സംഗീതാത്മകത്വത്തിന്റെ മാധുര്യമുൾക്കൊള്ളുന്നതായിത്തീരുന്നു.

'ഹാ ഹാ! മധുരം മനോജ്ഞം മനോഹരം
മോഹനം മംഗളം മാനനീയം
സംഗീത സാഹിത്യ സാങ്കര്യ സംജ്ഞാത
സൗന്ദര്യ സായൂജ്യ സാരാമൃതം'

എന്നീ വരികൾ ആത്മാവിന്റെ പീലിവേല്മുനകൊണ്ടു മാത്രമേ എഴുതിത്തീർക്കാനാവൂ.

മൂന്നാമതായി നബിതിരുമേനി(സ)യോടുള്ള ആത്മാർത്ഥമായ സ്നേഹം കവിതയുടെ ചാലകശക്തിയായിത്തീരുന്നു. ഇസ് ലാം മതപ്രവാചകനോടുള്ള വികാരപരമായ അടുപ്പം സത്യത്തെ തിരിച്ചറിയാനുള്ള ശക്തി പകരുകയും തന്റെ കാലത്തിന്റെ ധൂസര പ്രതിസന്ധികളെ അതിജീവിക്കാനുള്ള ഇന്ധനം നൽകുകയും ചെയ്യുന്നു.

ലോകൈകാനുഗ്രഹമേ
    ശാന്തിതൻ കന്ദളമേ!
സ്നേഹത്തിൻ നിർഝരമേ
    സംതൃപ്തികേദാരമേ!
കാരുണ്യസാഗരമേ
    കാതുകൾക്കാനന്ദമേ
കൺകളിലഞ്ജനമേ
    കോൾമയിർക്കഞ്ചുകമേ

എന്നിങ്ങനെ നബിതിരുമേനി(സ)യെ വിവരിക്കുമ്പോൾ കനവിന്റെ, ശാന്തിയുടെ സ്നേഹത്തിന്റെ, വെളിച്ചത്തിന്റെ, ധർമ്മത്തിന്റെ, മനുഷ്യത്വത്തിന്റെ ഒരു വികസ്വരലോകം ആസ്വാദക മനസ്സിലും സ്ഥാനം പിടിക്കും.

'തങ്ങൾ നടന്ന വീഥി
    തങ്ങൾ നടന്നനിലം
തങ്ങളിരുന്ന സ്ഥലം
    തങ്ങൾ വസിച്ച ഗൃഹം
തങ്ങൾ കുടിച്ച ജലം
    തങ്ങൾ ഭജിച്ച ഗുഹ
എല്ലാമെ പുണ്യതീർത്ഥം
    എല്ലാമെ പുണ്യകേന്ദ്രം'

എന്ന് കരുതുന്ന ഒരു മനസ്സ് ആത്മസമർപ്പണത്തിന്റെ പരമവീചിയിലാണെന്നതിന് ഒരു സംശയവുമില്ല.

നാലാമതായി സ്നേഹം ജപിച്ച് ജീവിതം മധുരമാക്കാൻ വ്രതം ധരിച്ച ഒരു കവിയുടെ പരസ്പര സാഹോദര്യത്തിലധിഷ്ഠിതമായ ജീവിതവീക്ഷണം ഈ സമാഹാരത്തിന് പരഭാഗശോഭ നൽകുന്നു. ഇസ്ലാം മതത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതോടൊപ്പം മറ്റുമതങ്ങളുടെ ഗുണങ്ങൾ വാഴ്ത്താനും ഇവിടെ സാധിക്കുന്നു. അസാധാരണമായ ഈ മാനസിക ഔന്നത്യം നമുക്കൊരു സ്വപ്ന സാക്ഷാൽക്കാരമാണ്. മതകലഹത്തിന്റേയും ജാതിസ്പർദ്ധയുടേയും സംഗരഭൂമിയിൽ നിന്നുകൊണ്ട്.

"ഹിന്ദുക്കൾ മുസ്ലിംകൾ ക്രിസ്തുമതസ്ഥരും
ബന്ധുക്കൾ, ഒറ്റക്കുടുംബജാതർ
സിക്കുകൾ പാർസികൾ ജൂതരും ജൈനരും
അക്കുടുംബാംഗങ്ങൾ തന്നെ നൂനം"

എന്ന് പാടാൻ (മൈത്രി) കഴിയുന്നത് വിശ്വമാനവികതയുടെ ആത്മീയ ഉന്മേഷത്തെ സ്വന്തം ചേതനയിൽ പുണർന്നതുകൊണ്ടാണ്. 'പ്രവാചകന്മാർ പ്രത്യക്ഷപ്പടാത്ത ഒരു സമുദായവുമില്ല' എന്ന വിശുദ്ധ ഖുർആന്റെ സന്ദേശത്തെ സ്വന്തം ചോരയുടെ ഉൾപ്പുളകമാക്കിയ ഒരു മനുഷ്യസ്നേഹിയുടെ വികാരമാണ് 'മൈത്രി' എന്ന പദ്യം.

അഞ്ചാമതായി മനുഷ്യബന്ധങ്ങളുടെ പരിമിതിയിൽ മാത്രം ഒതുങ്ങാത്ത ചരാചരപ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു ധർമ്മവ്യവസ്ഥയുടെ ഉണർത്തുപാട്ടാണ് ഇവിടെ ഉയർന്നത്. പൂവുകളും കിളികളും മനോഹര സുപ്രഭാതവും മനോജ്ഞ സുഗന്ധവാതവുമൊക്കെ ഒത്തുചേരുന്ന ഈ പ്രപഞ്ച വിശാലതയിൽ പ്രവാചക കുടുംബത്തിന്റെ ചരിത്ര കഥകൂടി ഒത്തുവരുന്നു. അനന്തമായ കാരുണ്യത്തിന്റെ പ്രവാഹം പോലെ പ്രവാചക ശൃംഖല കോർത്തിണക്കപ്പെട്ടപ്പോൾ, വിസ്മയഭരിതമായ അവരുടെ സത്യപരീക്ഷണ ചിത്രം അവതരിപ്പിക്കപ്പെട്ടപ്പോൾ കവിത ലൗകീകാനന്ദത്തിൽ നിന്നും ആത്മാനുഭൂതിയിലേക്ക് നിറം മാറുന്നു. ദൈവത്തിന്റെ സംഗീതം പ്രപഞ്ചത്തിന്റെ ഓരോ തുടിപ്പിലും പരമഭക്തർ ജീവിതസ്പന്ദമായി ഏറ്റുവാങ്ങുന്നു.

ഈ സമാഹാരത്തിന് ജ്ഞാനാമൃതം എന്നാണ് പേര് നൽകിയിരിക്കുന്നത്. ഈ പേരിലുള്ള കവിത നബി തിരുമേനിയുടെ പുണ്യചരിതം ഉൾക്കൊള്ളുന്നതാണ്. വിദ്യയുടെ ആദ്യാക്ഷരങ്ങൾ ദിവ്യവെളിപാടിൽ നിന്നും വായിച്ചു തീർത്ത തിരുനബിയുടെ മൃദുസ്പർശം ആരുടെ ഉൾക്കണ്ണിനാണ് കുളിരായിത്തീരാത്തത്? ശാന്തിദൗത്യവുമായി വന്ന ആ മാനവസ്നേഹിയുടെ ഹൃദയവിശാലതക്ക് മുമ്പിൽ ആരുടെ ഹൃദയപ്പൂവാണ് വിടരാത്തത്? നവയുഗമനുഷ്യന്റെ ഇരുണ്ട ജന്മഗേഹങ്ങൾക്കു മുന്നിൽ ദൈവികമായ അറിവിന്റെ അഥവാ പരമമായ മോക്ഷത്തിന്റെ താളുകൾ തുറന്നുപിടിക്കുന്ന നബിയുടെ സന്ദേശങ്ങളാണ് അക്ഷരാർത്ഥത്തിൽ 'ജ്ഞാനാമൃതം'.

# മൈത്രി

**എസ്.വി. സൈനുദ്ദീൻ**

**ഹി**ന്ദുക്കൾ മുസ്ലിംകൾ ക്രിസ്തുമതസ്ഥരും
ബന്ധുക്കൾ, ഒറ്റക്കുടുംബ ജാതർ
സിക്കുകൾ പാർസികൾ ജൂതരും ജൈനരും
അക്കുടുംബാംഗങ്ങൾ തന്നെ നൂനം
ലോകങ്ങൾ സൃഷ്ടിച്ചു പാലിക്കുമീശ്വരൻ
ഏകനെന്നോതുന്നു വേദമെല്ലാം
നാനാമതസ്ഥരാം മാനവരൊക്കെയും
നൂനമാസ്രഷ്ടാവിൻ സന്തതികൾ
ഉഷ്ണവും ശൈത്യവും ചർമ്മത്തിൻമേലുള്ള
വർണ്ണത്തിൽ മാറ്റം വരുത്തിയാലും,
നാഡിയിലോടുന്ന രക്തമൊരേവർണ്ണം
പാടില്ല വ്യത്യാസം നമ്മൾ തമ്മിൽ
നാമങ്ങൾ നൽകുന്നു മാതാപിതാക്കന്മാർ
നാമെന്തു തെറ്റതിൽ ചെയ്തുപോലും
സത്യം ഗ്രഹിക്കുവാൻ ബുദ്ധി നമുക്കുണ്ട്
നിത്യം വഴക്കിടാനെന്തു ബന്ധം
യുക്തിവിശ്വാസവും ആദർശബോധവും
വ്യക്തികൾ തങ്ങടെ സ്വന്തം കാര്യം
നന്മയിൽ സ്നേഹത്തിൽ സൗമ്യസ്വഭാവത്തിൽ
മേന്മകൾ തേടണം നേടണം നാം
സ്രഷ്ടാവിൻ സൽഗുണ ശ്രേണിതൻ കീർത്തനം
സൃഷ്ടികൾ നിത്യമുയർത്തീടേണം
ശ്രീകൃഷ്ണൻ ശ്രീരാമൻ ശ്രീബുദ്ധൻ ശ്രീയേശു
ശ്രീവർദ്ധമാനൻ സൊരാസ്റ്റർ ദേവൻ
നോഹയും മോശയും ദാവീദും സോളമൻ
യോഹന്നാൻ സ്നാപകൻ കൺഫ്യൂഷസും
മുത്തുമുഹമ്മദു മുസ്തഫാ തങ്ങളും
വാഗ്ദത്ത ദൂതൻ മസീഹുതാനും
പാവനപാഠങ്ങൾ മാനവർക്കേകുവാൻ
ദൈവം നിയോഗിച്ച പുണ്യപാദർ
ആദരച്ചീടുവിൻ തുല്യമായ് തെല്ലുമേ
ഭേദം നിനയ്ക്കായ്‌വിൻ ദൂതർ തമ്മിൽ
ഹിന്ദുക്കൾ മുസ്ലിംകൾ ക്രിസ്തുമതസ്ഥരും
ബന്ധുക്കൾ ഒറ്റക്കുടുംബ ജാതർ ●

*(30-ൽ നിന്ന് തുടർച്ച)*

അഥവാ യുക്തിയാണെന്നു പ്രവാചക പ്രഭുവായ മുഹമ്മദ് നബി (സ)യും നിർദ്ദേശിച്ചിട്ടുണ്ട്. ഖുർആൻ നമ്മോട് ആജ്ഞാപിക്കുന്നത് "നിങ്ങൾ സത്യമാണ് പറയുന്നതെങ്കിൽ നിങ്ങളുടെ പക്കലുള്ള തെളിവുകൾ മുന്നോട്ട് വെക്കുകയെന്നാണ്". മനുഷ്യന്റെ ആത്മീയവും, ധാർമ്മികവും, സാമൂഹ്യവുമായ ആത്മാവ്, മരണാനന്തരജീവിതം, പരലോകം, എന്നീ വിഷയങ്ങളുടെ തൃപ്തികരമായ വിവരണവും പരിശുദ്ധ ഖുർആന്റെ സവിശേഷതയാണ്. മനുഷ്യന്റേയും മനുഷ്യസമൂഹത്തിന്റേയുംആത്മീയവും സാമൂഹികവുമായ സമ്പൂർണ്ണ വികാസം ലക്ഷ്യം വെക്കുകയും എല്ലാ സത്യങ്ങളേയും അംഗീകരിക്കുകയും ചെയ്യുന്നു. ഖുർആനേയും അതിന്റെ വിശുദ്ധ പ്രവാചകനേയും സത്യാന്വേഷികൾ തിരിച്ചറിയുക. ●

## ഞാൻ കള്ളവാദിയല്ല, ദൈവത്തിൽ നിന്നും വന്നവനാണ്

**ഹദ്റത്ത് അഹ്മദ് (അ)**

"നിങ്ങളെന്നെ കള്ളവാദിയെന്നു കരുതുന്നുവെങ്കിൽ നിങ്ങൾക്കിതും ചെയ്യാം. നിങ്ങൾ പള്ളികളിൽ ഒരുമിച്ചുകൂടിയിട്ടോ, ഒറ്റയൊറ്റയായിട്ടോ എന്റെ നാശത്തിനായിട്ടു പ്രാർത്ഥിച്ചുകൊള്ളുവിൻ. വാവിട്ടു നിലവിളിച്ചു കൊണ്ടു എന്നെ ഉന്മൂലനം ചെയ്യുന്നതിന്നായിട്ടു പ്രാർത്ഥിക്കുവിൻ. ഞാൻ കള്ളവാദിയാണെങ്കിൽ നിശ്ചയമായും ആ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടും. എന്നാൽ, ഓർത്തുകൊള്ളുവിൻ. നിങ്ങളുടെ നാവുകൾ മുറിപ്പെട്ടു പോകുമാറ് നിങ്ങൾ പ്രാർത്ഥിച്ചാലും നിങ്ങളുടെ നാസികകൾ തേഞ്ഞരഞ്ഞുപോകുമാറ് നിങ്ങൾ സുജൂദ് ചെയ്താലും. അശ്രുധാരകളാൽ കൺകുഴികൾ ചീഞ്ഞുപോകയും കൺപീലികൾ കൊഴിഞ്ഞുപോകുകയും കാഴ്ച നഷ്ടപ്പെട്ടുപോകുകയും ഒടുവിൽ ബുദ്ധി മന്ദിച്ചു അപസ്മാരമോ ഭ്രമതയോ ബാധിക്കുകയും ചെയ്യുമാറ് നിങ്ങൾ കരഞ്ഞും വിലപിച്ചും പ്രാർത്ഥിച്ചും കൊണ്ടിരിക്കുകയും ചെയ്താലും നിങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുകയില്ല. എന്തെന്നാൽ ഞാൻ ദൈവത്തിങ്കൽ നിന്നുള്ളവനാകുന്നു. ആർ എന്റെ നാശത്തിനായി പ്രാർത്ഥിക്കുന്നുവോ ആ പ്രാർത്ഥന അവന്റെ മേൽ തന്നെ തിരിഞ്ഞുചെല്ലും. എന്നെപ്പറ്റി, 'അവന്റെ മേൽ ശാപം' എന്നു ആർ പറയുന്നുവോ ആ 'ലഅനത്ത്' അവന്റെ ഹൃദയത്തിൽ തന്നെയാണ് പതിക്കുക!" *(അർബയീൻ)*

ലേഖനം

# സ്റ്റോക്ക് മാർക്കറ്റും ബിസിനസ്സ് കോർപറേഷനുകളും

**ഹാഷിം അഹ്മദ്**

**ഓഹരികളുടെ അതിവേഗത്തിലുള്ള വിറ്റഴിക്കലും സമാഹരണവും ഊഹക്കച്ചവടവും ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയിൽ അനുവദനീയമല്ല. എല്ലാ ഓഹരികളും ലാഭനഷ്ടപങ്കാളിത്തമുള്ള ഇക്വിറ്റിഷെയറുകളായിരിക്കും. (തുടർലേഖനത്തിന്റെ അവസാനഭാഗം)**

ഒരു സുസ്ഥിരമായ ഓഹരി ഉടമ എന്ന നിലക്ക് ഇസ്‌ലാമിക് ബാങ്കിന്റെ പങ്ക് എന്തായിരിക്കുമെന്നതിനെക്കുറിച്ച് നാം ചർച്ച ചെയ്തുവല്ലോ. ഇനി ഇസ്‌ലാമിക വ്യവസ്ഥയിൽ സ്റ്റോക്ക് മാർക്കറ്റിന്റെ സാധ്യത എന്താണെന്ന് നോക്കാം. സ്റ്റോക്ക് മാർക്കറ്റിന്റെ അസ്ഥിത്വമോ വികസനമോ ഒരിക്കലും തന്നെ ഇസ്‌ലാമിക വ്യവസ്ഥയിൽ ഇല്ലാതാവുന്നില്ല. ഇസ്‌ലാമിക ശരീഅത്ത് ലംഘിക്കപ്പെടുമ്പോഴല്ലാതെ ഒരു വിധത്തിലുള്ള ബിസിനസ്സിനേയും ഇസ്‌ലാം നിരോധിക്കുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇസ്‌ലാമിക ശരീഅത്തിന്റെ വീക്ഷണപ്രകാരം സ്റ്റോക്ക് മാർക്കറ്റിലെ ചില പ്രവണതകൾ തീർച്ചയായും നിരോധിക്കപ്പെടേണ്ടതാണ്. മൂലധനത്തിന്റെ നിക്ഷേപകനേയും ഉപയോക്താവിനേയും ഒരുമിച്ചുകൂട്ടുവാനുപയോഗിക്കുന്ന ഏതൊരു ഉപാധിയും (സ്റ്റോക്ക് മാർക്കറ്റ്, ബാങ്ക്, പരസ്പര പങ്കാളിത്തം മുതലായവ) ഇസ്‌ലാമിക കല്പനകൾ അനുസരിക്കുന്നത് വരെ മാത്രമേ അതിന് നിയമപരമായ അംഗീകാരമുണ്ടാവുകയുള്ളൂ എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.

ഒരു കാര്യം അംഗീകരിക്കേണ്ടതുണ്ട്. അതായത്, പാശ്ചാത്യ സ്റ്റോക്ക് മാർക്കറ്റിൽ കാണുന്നതുപോലെ അതിവേഗത്തിലുള്ള ഓഹരിയുടെ വിറ്റൊഴിക്കലും സമാഹരണവും ഇസ്‌ലാമിക സംവിധാനത്തിൽ സാധ്യമല്ല. ഇന്നത്തെ സ്റ്റോക്ക് മാർക്കറ്റിലുള്ള അതിവേഗത, ഊഹക്കച്ചവടത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമാണ്. പാശ്ചാത്യരാജ്യങ്ങളിൽ പുഷ്ടിപ്പെട്ടു വളരുന്ന ഒരു വിഭാഗം ഊഹക്കച്ചവടക്കാരാണ് ഷെയർ മാർക്കറ്റുകളിൽ ഊഹത്തിന്റെ അടിസ്ഥാനത്തിൽ സാഹസികമായ കളികൾക്ക് നേതൃത്വം കൊടുക്കുന്നത്. ഇസ്‌ലാമിൽ എല്ലാ വിധത്തിലുള്ള ഊഹങ്ങളും നിരോധിക്കപ്പെട്ടിരിക്കുകയാണ്. ഇസ്‌ലാമിക ബിസിനസ് ഒരിക്കലും ഊഹത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതല്ല. ഇസ്‌ലാമിന്റെ ഈ സമീപനം ഗൗരവപൂർവ്വം നിക്ഷേപിക്കുന്നവർക്കും പണം സ്വീകരിക്കുന്നവർക്കുമുള്ള ഒരിടമായി സ്റ്റോക്ക് മാർക്കറ്റിനെ മാറ്റുന്നു. ഏറെക്കുറേ നിക്ഷേപകനും സംരംഭകനും മുഖാഭിമുഖമായി ഇവിടെ നിൽക്കുന്നു. ഇസ്‌ലാമിക വ്യവസ്ഥ സ്ഥിരനിക്ഷേപകരായ ഓഹരിയുടമകളെയാണ് ഇഷ്ടപ്പെടുന്നത്. ഇത് ഓഹരി കൈമാറ്റത്തിന്റെ വേഗത കുറക്കുന്നു. ഇത് ഒരുപക്ഷേ മാർക്കറ്റ് ലിക്വിഡിറ്റി (എളുപ്പത്തിൽ കൈമാറ്റം) വാഗ്ദാനം ചെയ്യുന്നില്ല. പക്ഷേ, തീർച്ചയായും 1997ൽ ഉണ്ടായ ഓഹരി വിപണിയിലെ തകർച്ച പോലെയുള്ള സംഭവങ്ങളെ അത് തടയുന്നു. ഇത് സംബന്ധിച്ചുള്ള ഗവേഷണങ്ങളും പഠനങ്ങളും സൂചിപ്പിക്കുന്നത്, ഈ ഓഹരി തകർച്ചയുടെ കാരണം ഓഹരി വിപണിയുടെ പരിഷ്കരണങ്ങളും കൈമാറ്റങ്ങളുടെ അതിവേഗതയുമാണെന്നാണ്.

## സ്റ്റോക്ക് മാർക്കറ്റും കോർപറേറ്റ് ഭരണവും

ഇസ്‌ലാമിക സ്റ്റോക്ക് മാർക്കറ്റിലുള്ള മറ്റൊരു പ്രത്യേകത, ഓഹരികൾക്ക് യാതൊരുവിധ വ്യത്യാസങ്ങളും അനുവദിക്കപ്പെടുകയില്ല എന്നതാണ്. ഇസ്‌ലാമിക വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന സ്റ്റോക്ക് മാർക്കറ്റിൽ നിക്ഷേപകർക്കിടയിൽ പ്രത്യേകാവകാശങ്ങളുള്ള യാതൊരു ഓഹരികളുമു

ണ്ടാവില്ല. എല്ലാ ഓഹരിയുടമകളും ഒരു ഓഹരിക്ക് ഒരു വോട്ട് എന്ന അവകാശമുള്ളവരായിരിക്കും എല്ലാവർക്കും ഒരേ രീതിയിലുള്ള അവകാശമായിരിക്കും. ആർക്കും പ്രത്യേകാവകാശങ്ങൾ (പ്രിഫറൻസ്) ഉണ്ടാവില്ല. യാതൊരുവിധ വിവേചനങ്ങളുമുണ്ടാവുകയില്ല. 'എ' എന്നോ 'ബി' എന്നോ ഉള്ള ഓഹരികളിലുള്ള വ്യത്യാസങ്ങളില്ല. ഒരു ഏജന്റിന്റെ (മുദാറബയുടെ) വിശ്വസ്തതയും സത്യസന്ധതയുമായിരിക്കും. അയാൾക്ക് ഓഹരി വിപണിയിലുള്ള യോഗ്യത നിർണ്ണയിക്കുക.

അതുകൂടാതെ, സ്റ്റോക്ക് മാർക്കറ്റിലെ ഒരു ബിസിനസ് സ്ഥാപനത്തിന്റെ യോഗ്യത നിർണ്ണയിക്കുന്നത് ഒരു കമ്പോളത്തിലെ പരമ്പരാഗതമായ ഏതെങ്കിലും പ്രത്യേക ബിസിനസ് ഇടപാടുകളെ ആശ്രയിച്ചിട്ടായിരിക്കും. ഉദാഹരണത്തിന് ജർമ്മനിയിൽ മൊത്തം ബിസിനസ് വരുമാനത്തിന്റെ 20% 'കാട്ടർ' എന്ന ജോയിൻറ് സ്റ്റോക്ക് കമ്പനിയുടെതാണ്. അവരുടെ മൂലധനത്തിൽ അഞ്ചിലൊന്നാണ് സ്റ്റോക്ക് മാർക്കറ്റിൽ ലിസ്റ്റ് ചെയ്തിട്ടുള്ളത്. അമേരിക്ക ഇസ്‌ലാമിക നിയമങ്ങൾ അംഗീകരിക്കുകയാണെങ്കിൽ ഗ്ലാസ് സ്റ്റീഗൺ (Glass Stegan Act) നിയമം ശരീഅത്ത് നിയമത്തിൽ നിന്ന് പുറത്ത് പോകും. 'Business Week' (2/12/96) പറയുന്നു.

***1933-ലെ ഗ്ലാസ് സ്റ്റീഗൺ നിയമം ബാങ്കുകളെ ധനകാര്യ സ്ഥാപനങ്ങളല്ലാത്ത ബിസിനസ്സ് സ്ഥാപനങ്ങളിൽ നിന്നും ബ്രോക്കറേജ് (സാമ്പത്തികേതര സ്ഥാപനങ്ങളുടെ ഇക്വിറ്റിഷെയർ) വാങ്ങുന്നത് വിലക്കുന്നു. പക്ഷേ, ഈ വർഷത്തെ ക്രിസ്മസ് ആവുമ്പോഴേക്കും നിയമത്തിൽ ഒരു ഭേദഗതി കൊണ്ടുവരുമെന്ന് ഫെഡറൽ റിസർവ്വ് ബോർഡ് പ്രതീക്ഷിക്കുന്നു. അങ്ങനെയാണെങ്കിൽ വലിയ ബ്രോക്കറേജ് സ്ഥാപനങ്ങൾ വരെ വാങ്ങുവാൻ ആ നിയമം ബാങ്കുകളെ പ്രാപ്തമാക്കുമെന്ന് വിശ്വസിക്കാം. (6)***

ആ രംഗത്ത് അമേരിക്കയിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. കോർപറേറ്റ് ബിസിനസ് സ്ഥാപനങ്ങളുടെ ഭരണപരമായ പരിഷ്കാരത്തിൽ നിന്നും ബാങ്കുകളെ സ്ഥൈര്യമുള്ള ഒരു ഓഹരി പങ്കാളിയായി നിർത്തി പ്രവർത്തനം കാര്യക്ഷമമാക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമായി ജപ്പാനിലും ജർമ്മനിയിലുമുള്ളതുപോലെ ഓഹരി മേഖലയിൽ ബാങ്കുകളുടെ പങ്ക് വർദ്ധിപ്പിക്കാൻ അമേരിക്കയിൽ നിയമം മാറ്റണമെന്ന ആവശ്യം ഉയർന്നു വന്നിരിക്കുന്നു. ഇത് ഓഹരി വിപണിയിൽ 'ദീർഘകാല' പ്രതിഭാസം ശക്തിപ്പെടുത്തുകയും കഴുത്തറുപ്പൻ മത്സരത്തിന് ശമനമുണ്ടാക്കുകയും ചെയ്യും. എന്തായാലും ഇപ്പോഴത്തെ സാഹചര്യത്തിൽ അതെല്ലാം താൽക്കാലികമായ ഒരു പരിഹാരം മാത്രമാണ്. ഇസ്‌ലാമിക വ്യവസ്ഥിതിയിൽ മാത്രമേ ഇതിനെല്ലാം ശാശ്വതമായ പരിഹാരം നിർദ്ദേശിക്കാൻ സാധ്യമാവൂ.

## വായ്പകൾ

ബിസിനസ് കടങ്ങൾക്ക് 'ഹൈബർനേഷൻ *സമയം*' (ഗ്രീഷ്മനിദ്ര – മന്ദഗതിഘട്ടം) അനുവദിക്കാതിരിക്കുന്ന അവസ്ഥ ഇസ്‌ലാമിലില്ല. വൻതുകകൾ പലിശ വ്യവസ്ഥയിൽ വായ്പ വാങ്ങിയ കച്ചവട സംരംഭകർക്ക് തിരിച്ചടവിന് എന്തെങ്കിലും പ്രയാസം നേരിട്ടാൽ പിടിച്ചുനിൽക്കാൻ സാധ്യമല്ല. തിരിച്ചടവ് വൈകുന്തോറും പലിശകൊണ്ട് കച്ചവടം മുടിഞ്ഞുപോകും. ഇസ്‌ലാമിക വ്യവസ്ഥയിൽ മൂലധനം പലിശ ബാധ്യതയിൽ നിന്ന് മുക്തമായതിനാൽ കച്ചവടം മന്ദഗതിയിലാണെങ്കിലും അവർക്ക് പിടിച്ചുനിൽക്കാനും ശ്വാസം കഴിക്കാനും അവസരം ലഭിക്കും. എല്ലാ ദീർഘകാല വായ്പകളും ഇക്വിറ്റി ഷെയറുകളോ, പാർട്ട്ണർഷിപ്പ് വ്യവസ്ഥയിലോ ആയിരിക്കണം. ഇത് സ്വാഭാവികമായും വായ്പ വാങ്ങിയ ആളിന് അത് തിരികെ അടക്കാനുള്ള ബദ്ധപാടിനേക്കാൾ ബിസിനസ്സിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവസരമുണ്ടാക്കുന്നു. കടം കൊടുത്ത പണം തിരികെ ലഭിക്കുമെന്ന പ്രതീക്ഷയില്ലാത്തയാൾക്ക് കടം കൊടുക്കേണ്ടതില്ല. ഈ നിലക്ക് കടം നൽകുന്നയാൾക്ക് അത് വാങ്ങുന്നയാളിന്റെ തിരിച്ചടവിനെ സംബന്ധിച്ചുള്ള ശേഷിയെ പറ്റി ബോധമുണ്ടായിരിക്കണം. പക്ഷേ, തിരിച്ചടവിന്ന് കഴിവില്ലാത്തവർക്കും കടം ചോദിച്ചാൽ കൊടുക്കുവാൻ ധനികരെ പ്രോത്സാഹിപ്പിക്കുന്നു. (7)

പലിശയുടെ ഘടകമില്ലാത്തത് കൊണ്ട് പലിശയിലധിഷ്ഠിതമായ വായ്പാകാലവധി എന്നൊന്ന് ഇല്ലാതാകുന്നു. സാധനങ്ങളുടെ വിലനിർണ്ണയത്തിൽ പലിശയുടെ ഘടകം ബാധിക്കാത്തത് മൂലം വിലകൂടുകയില്ല. ബിസിനസ്സിലേക്ക് കടമെടുത്തിട്ടുണ്ടെങ്കിൽ അതിന്റെ തിരിച്ചടവ് അവിചാരിതമായ കാരണങ്ങളാൽ എഗ്രിമെന്റ് പിരീഡിനുള്ളിൽ തിരിച്ചടക്കാൻ സാധ്യമായില്ലെങ്കിലും യാതൊരുവിധ അധികപണവും ഇസ്‌ലാമിക വ്യവസ്ഥയിൽ നൽകേണ്ടതില്ല. ദീർഘകാല പണം വായ്പകൾ ഇക്വിറ്റി ഷെയറുകളായിട്ടാണ് ഇസ്‌ലാമിക വ്യവസ്ഥയിൽ എടുക്കേണ്ടത്. ഇനി കടമായി പണം വാങ്ങിയ ബിസിനസ്സോ കമ്പനിയോ പാപ്പരാവുകയാണെങ്കിൽ കടക്കാരന്ന് പാപ്പർ പ്രഖ്യാപനപ്രക്രിയയിൽ സ്ഥാപനത്തിന്റെ മുതലുകളിൽ നിന്നും ആദ്യമായി മുഴുവൻ കടവും കൊടുത്തു തീർക്കണം. അതിന് ശേഷം മാത്രമേ ഓഹരി ഉടമകളുടെ ബാദ്ധ്യതകൾ പരിഗണിക്കുകയുള്ളൂ. അവ യഥാക്രമം ആനുപാതികമായി ഓഹരിയുടമകളിൽ വിതരണം ചെയ്യും.

## ഇസ്‌ലാമിലെ കോർപറേറ്റ് ഭരണമാതൃക

ഒരു കാര്യം നാമോർക്കണം. ഇസ്‌ലാം സമൂഹത്തിന്റെ ക്ഷേമമാണ് കാംക്ഷിക്കുന്നത്. ഈയൊരു ലക്ഷ്യം നേടാൻ അത് നിക്ഷേപകനേയും മാനേജ്മെന്റിനേയും ഒരുപോലെ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുന്നു. ഇസ്‌ലാമിലെ ഒരു സാമ്പത്തിക യൂണിറ്റിന് ഇസ്‌ലാമിക വ്യവസ്ഥയിൽ നിന്നും

വേർപ്പെട്ടുകൊണ്ടുള്ള നിയമപരമായ ഒരു സ്വതന്ത്ര അസ്തിത്വമില്ല. കമ്പനി കടം കയറി അടച്ചുപൂട്ടുമ്പോൾ (ലിക്വിഡേറ്റ് ചെയ്യുമ്പോൾ) ഒരിക്കലും തന്നെ ഉടമസ്ഥന്റെ നിക്ഷേപിക്കപ്പെടാത്ത സ്വത്തിനെ അത് ബാധിക്കുന്നില്ല. അടച്ചുതീർക്കാത്ത പണത്തിന് കുമിഞ്ഞുകൂടുന്ന പലിശയും ഉണ്ടാവുന്നില്ല. ഇങ്ങനെ സംഭവിക്കാൻ കാരണം ഇസ്‌ലാം പണം മുടക്കുന്ന ആളിനെ ബിസിനസ്സിന്റെ ലാഭനഷ്ടങ്ങളിൽ പങ്കാളിയാക്കുന്നത് കൊണ്ടാണ്. വ്യക്തികൾക്ക് അവരുടെ വ്യക്തിപരമായ വിശ്വസ്തതയുടെ പേരിൽ കടം വാങ്ങാം. പക്ഷേ, കടമാണെങ്കിൽ അത് ബിസിനസ്സിന്റെ ലാഭനഷ്ടങ്ങൾക്ക് ബാധകമല്ലാത്ത രീതിയിൽ തിരിച്ചു നൽകണം.

ഇസ്‌ലാമിലെ ബിസിനസ് സ്ഥാപനങ്ങളെക്കുറിച്ചും, കോർപ്പറേറ്റ് സ്ഥാപനങ്ങളെക്കുറിച്ചും അതിന്റെ ഭരണത്തെക്കുറിച്ചും പ്രതിപാദിക്കുകയുണ്ടായി. അതെല്ലാം വിശുദ്ധ ഖുർആന്റെ മാർഗ്ഗദർശനമനുസരിച്ചുള്ളതാണ്. ബിസിനസ് നടത്തിപ്പിനോടനുബന്ധിച്ചുള്ള എക്സിക്യൂട്ടീവുകളുടെ ശമ്പളം, ഡയറക്ടർമാരുടെ പങ്ക്, കമ്പനി ഏറ്റെടുക്കൽ പ്രക്രിയകൾ മുതലായ താരതമ്യേന അപ്രധാനമായ കാര്യങ്ങളെല്ലാം തന്നെ ഇസ്‌ലാമികവ്യവസ്ഥയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ആരാഞ്ഞുകൊണ്ടും അതിന്റെ ചൈതന്യം സ്വാംശീകരിച്ചുകൊണ്ടുമായിരിക്കും നടപ്പിൽ വരുത്തുക. ഈ അടിസ്ഥാനത്തിൽ പാശ്ചാത്യ രീതികളിലുള്ള ചില പ്രവണതകളെ അത് നിരോധിക്കുകയും ചെയ്യും. മനുഷ്യസമൂഹത്തിന്റെ ക്ഷേമത്തിന് പൊതുവേ എതിരായതെല്ലാം ഇസ്‌ലാമിന്നുമെതിരായതാണെന്ന് നാമോർക്കണം.

ഇസ്‌ലാം മനുഷ്യസമൂഹത്തിന്റെ ഐക്യദാർഢ്യത്തിന്റെ പതാകവാഹക പ്രസ്ഥാനമാണ്. അത് മനുഷ്യന്റെ വംശം, ദേശീയത, ഗോത്രം, വർഗ്ഗം, കുടുംബം എന്നീ വ്യത്യസ്തകളൊന്നും പരിഗണിക്കാതെ മനുഷ്യസമുദായത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കുന്നു. ഒരു ചങ്ങലയിലെ കണ്ണികൾ പോലെ സമൂഹങ്ങളുടെ വ്യക്തിത്വ തനിമ നിലനിർത്തി കണ്ണി ചേർത്തു കാണാൻ ഇസ്‌ലാം ആഗ്രഹിക്കുന്നു. സംസ്കാരം, പാരമ്പര്യം, സ്വഭാവശീലങ്ങൾ, വേഷവിധാനങ്ങൾ, വർണ്ണങ്ങൾ മുതലായ വ്യതിരിക്തതകൾ സൂക്ഷിച്ചുകൊണ്ട് ഒരാത്മാവും ഒരു ചൈതന്യവുമായി സമൂഹത്തെ ഇസ്‌ലാം നോക്കിക്കാണുന്നു. അത് തന്നെയാണ് കോർപറേറ്റ് മാനേജ്മെന്റിനെസ്സംബന്ധിച്ചുള്ള ഇസ്‌ലാമിക സങ്കല്പം. ജപ്പാനിലെ കെയ്റസ്തു (Keirestsu) സൈബസ്തു (Zaibatsu) മുതലായ ബിസിനസ് വ്യവസ്ഥകൾ നിലനിക്കുന്നത് അത് ജപ്പാനികളെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്ഥാപനങ്ങളായിട്ടല്ല. അത് എല്ലാവർക്കുമായി അവർ തുറന്നിട്ടിരിക്കുന്നു. എല്ലാ രാജ്യക്കാർക്കും പരസ്പരം നന്മകൾ പങ്കുവെക്കാനായി അതിൽ ചേരാം. ജർമ്മൻകാർക്ക് അവരുടെ മേധാവിത്വമുള്ള സൂപ്പർ വൈസറി ബോർഡുകളുള്ള ബിസിനസ് കോർപറേഷനുകളുണ്ട്. തീർച്ചയായും ഒരു ന്യൂനപക്ഷം ഓഹരി ഉടമകളുടെ താല്പര്യം മാത്രം സംരക്ഷിക്കുന്നവരല്ല അവർ. ചൈനക്കാർക്ക് അവരുടെ കുടുംബബിസിനസ് സ്ഥാപനങ്ങളുണ്ട്. കുടുംബത്തിന് പുറത്തുള്ളവരും കുടുംബാംഗങ്ങളുമാണെന്ന വികാരം അത് ഉണ്ടാക്കുന്നു. അതുപോലെ ഫ്രഞ്ചുകാർക്ക് അവരുടെതായ ബിസിനസ് കോർപറേറ്റ് സ്ഥാപനങ്ങളുണ്ട്. അതാകട്ടെ, അവരുടെ ദേശീയതക്കതീതമാണ്. അതിൽ പങ്കെടുക്കുന്നവർക്കെല്ലാം അത് ക്ഷേമംവാഗ്ദാനം ചെയ്യുന്നു. ആംഗ്ലോ സാക്സൺ (ഇംഗ്ലീഷ്) കാർക്ക് അവരുടേതായ ബിസിനസ്സ് പ്രസ്ഥാനങ്ങളുണ്ട്. ഉറച്ച ഓഹരിയുടമകൾ അവരുടെ ബിസിനസ്സിലെ അസ്ഥിരമായ പ്രവണതകൾ ഒഴിവാക്കുന്നു. ഇറ്റാലിയൻ മുതലാളിമാർ അവരുടെ ശക്തിയും സമ്പത്തും ന്യൂനപക്ഷീയരായ ഓഹരിയുടമകൾക്ക് മാത്രമായി വെക്കാൻ ആഗ്രഹിക്കാത്തവരാണ്. താഴെക്കിടയിലുള്ള ഓഹരിയുടമകൾക്കും അവരത് ഒരുപോലെ പങ്കുവെക്കുന്നുണ്ട്. അതുപോലെ റഷ്യയിലെ 'പൊട്ടാനിം' അവരുടെ വംശാടിസ്ഥാനത്തിലുള്ള ആളുകൾക്ക് മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ബിസിനസ് പ്രസ്ഥാനമല്ല. വംശാതീതമായി എല്ലാവരേയും ഒരേ അവകാശത്തോടെ ബിസിനസ്സിൽ ഉൾപ്പെടുത്താൻ അവർ ആഗ്രഹിക്കുന്നു.

ബിസിനസ്സ് കോർപറേഷനുകളുടെ ആഗോള മാതൃക വരച്ചുകാട്ടുക എന്നത് ഈ ലേഖനത്തിന്റെ പരിധിയിൽപ്പെട്ട കാര്യമല്ല. ഇസ്‌ലാമിലെ മാർഗ്ഗനിർദ്ദേശതത്ത്വങ്ങൾ എല്ലാ മാതൃകകളിലേയും പ്രശ്നങ്ങൾക്കുമുള്ള അന്തിമപരിഹാരമായിരിക്കും. ഇസ്‌ലാമിക ചൈതന്യത്താൽ നയിക്കപ്പെടുന്ന ഇക്കാലത്തെ കോർപറേറ്റ് മാതൃകകൾ ഓരോ മേഖലയിലേയും സാംസ്കാരവും പാരമ്പര്യവുമനുസരിച്ച് വ്യത്യസ്തമായി കാണപ്പെടുന്നു. ഒരു മാലയിൽ കോർത്ത വൈവിധ്യമാർന്ന മുത്തുകളായി ഇസ്‌ലാം ഇത്തരം വാണിജ്യസ്ഥാപനങ്ങളെ കാണുന്നു.

**വിവ: എ.എം.**

**റഫറൻസ്**


1. Hadrath Mirza Tahir Ahmed, 'Investment, interest & Islam - Transcribed by Amtul Hadi Ahmed in Review of Religion. London Feb 1994.
2. R - Bpyes - Bitter German Diverse Formed to wait in the cold. The times - London 22-11-96
3. S.H. Homound, Islamic Banking - published by Arabian Information, London 1985.
4. A.L Udovith - partnership and profit in Medieval Islam Princeton University press - USA - 1990.
5. R. Wilson et al, Islamic Financial Market, published Routledge U.K. 1990)
6. A Rea LN Spiro and P Galnslea 'Bankers get set to go for Brokers' - Business week' - 2-12-96.
7. T. Gambing and R.A. Adld Karim - Business and Accounting Ethics in Islam - published by Mansell, London 1991.

**പുസ്തകപരിചയം**

# ഖാദിയാൻ : ഹൃദയ ചുംബനം ഏറ്റുവാങ്ങുന്ന പുണ്യദേശം

**ഏ.എം.**




*പ്രമുഖ വാഗ്മിയും പത്രപ്രവർത്തകനുമായ എം. അബ്ദുറഹ്മാൻ സാഹിബിന്റെ ഖാദിയാൻ എന്ന ഇംഗ്ലീഷിലും മലയാളത്തിലും വിവരണങ്ങളുള്ള സചിത്രപുസ്തകം അഹ്മദിയ്യാ സാഹിത്യത്തിന് വർണ്ണശബളിമയാർന്ന മുതൽകൂട്ടാണ്.*

**'അതങ്ങനെയാണ്. വല്ലവനും അല്ലാഹുവിന്റെ പാവനചിഹ്നങ്ങളെ ബഹുമാനിക്കുന്നതായാൽ തീർച്ചയായും അത് ഹൃദയങ്ങളുടെ ഭക്തിയിൽ പെട്ടതാണ്.' (വിശുദ്ധ ഖുർആൻ 22: 33)**

വിശുദ്ധ ഖുർആനിലെ മേൽവചനത്തിലെ പ്രഥമ സൂചന കഅ്ബയെക്കുറിച്ചാണെങ്കിലും ദൈവിക വെളിപാടുകളുടെ സ്വീകർത്താക്കളായ ദൈവദൂതന്മാരുടെ അനർഘജീവിതം പ്രകാശിതമായ എല്ലാ പുണ്യദേശങ്ങളെക്കുറിച്ചും ഈ വചനം സാർത്ഥകമാണ്. അവിടങ്ങളെല്ലാം ഹൃദയത്തിൽ ഭക്തി അങ്കുരിപ്പിക്കുന്ന അല്ലാഹുവിന്റെ പാവന ചിഹ്നങ്ങളാണ്. മറ്റെല്ലാ ദേശങ്ങളും പോലെ പുണ്യാത്മാക്കളുടെ ജന്മഭൂമിയും കർമ്മഭൂമിയും കല്ലും മണ്ണും കൊണ്ട് ദൈവം സൃഷ്ടിച്ചതാണെങ്കിലും ദിവ്യാത്മാക്കൾക്കുണ്ടായ സ്വർഗ്ഗീയാനുഭവങ്ങളുടെ അലൗകികതരംഗങ്ങളും അവരുടെ വചനസുധയും പാദവിന്യാസങ്ങളും കരസ്പർശനങ്ങളുമെല്ലാം ആ ദേശത്തെ അചേതന വസ്തുക്കളെപോലും വിശുദ്ധസ്മരണകളുയർത്തുന്ന ചിഹ്നങ്ങളാക്കി മാറ്റുന്നു. വാഗ്ദത്ത മസീഹിന്റെ ഖാദിയാനും ഭക്തഹൃദയങ്ങളിൽ ആത്മീയാനുഭൂതിയുണ്ടാക്കുന്ന പാവനചിഹ്നമാണ്. ലേഖകൻ പുസ്തകത്തിൽ രേഖപ്പെടുത്തിയ ഖാദിയാനെ സംബന്ധിച്ച വാക്കുകളും ചിത്രങ്ങളും ഈ അനുഭൂതി അനുവാചകന് നൽകുന്നു.

> **ഖാദിയാൻ**
> **എം. അബ്ദുറഹ്മാൻ**
> **വില : 200 ക.**
> **പ്രസാ : സമയം പബ്ലിക്കേഷൻ, സിറ്റി സെന്റർ, ഫോർട്ട് റോഡ്, കണ്ണൂർ**

ഇസ്രയേലി മസീഹിന്റെ ജറുസലേം പോലെ രക്തപങ്കിലമായ മനുഷ്യക്കുരുതികൾക്ക് വാഗ്ദത്ത മസീഹിന്റെ പുണ്യഖാദിയാനും സാക്ഷ്യം വഹിച്ചിട്ടുണ്ട്. വിഭജനത്തിന്റെ നാളുകളിൽ പഞ്ചാബിലെ ബിയാസ് നദിക്ക് സമാന്തരമായൊഴുകിയ ഹിന്ദു മുസ്‌ലിം മതസ്പർദ്ധയുടെ രക്തനദിയുടെ കരയിലായിരുന്നു ഖാദിയാൻ നിലകൊണ്ടത്. കലാപം ഗ്രസിച്ച ജനപഥങ്ങൾ ജനശൂന്യങ്ങളായിത്തീർന്നു. മുസ്‌ലിം മൊഹല്ലകളിൽ ബാങ്ക് വിളി ഉയരാത്ത മിനാരങ്ങളും കാലികൾ മേയുന്ന മസ്ജിദുകളും ബാക്കിയായി. ടൈറ്റസിന്റെ ജറുസലേം ആക്രമണത്തേക്കാൾ ഭയാനകമായിരുന്നു അത്. പക്ഷേ, ഖാദിയാന്റെ ഭാഗധേയം മറ്റൊന്നായിരുന്നു.

ഖാദിയാന്റെ വീണ്ടെടുപ്പ് ഒരു ദിവ്യാത്ഭുതമായി അവശേഷിക്കുന്നു. വാഗ്ദത്ത മസീഹിന്റെ പുണ്യദേശത്തിന്റെ സംരക്ഷണത്തിന് 313 ദർവേശുകളെ കാവൽ നിർത്തി അഹ്മദിയ്യാ സമൂഹം ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ നേതൃത്വത്തിൽ പരിതഃസ്ഥിതിയുടെ സമ്മർദ്ദത്തിൽ പാകിസ്താനിലേക്ക് പലായനം ചെയ്തു. പരസ്പരമുള്ള പോർവിളിയുടെ രണഭേരികൾ മുഴങ്ങിയ കലാപഭൂമിയിൽ ജീവൻ തൃണവൽഗണിച്ചുനിന്ന നിരായുധരായ ദർവേശുകൾ അല്ലാഹുവിന്റെ മുന്നിൽ പ്രണിപതിച്ചു നടത്തിയ കണ്ണുനീരിൽ കുതിർന്ന വിലാപങ്ങളായിരുന്നു ഖാദിയാനെ വീണ്ടെടുത്തത്. ഇതിഹാസങ്ങൾക്കു പോലും കഥാബീജം നൽകാൻ ശേഷിയുള്ളതായിരുന്നു ആ ദിവ്യാത്ഭുതത്തിലെ സംഭവപരമ്പരകൾ. വിണ്ണിനെപ്പോലെ വിശുദ്ധമായ മണ്ണിലെ ദേശമായ പുണ്യഖാദിയാൻ അഹ്മദികളുടെ ഹൃദയ ചുംബനങ്ങളേറ്റു വാങ്ങുന്ന ഒരു നിത്യ വിസ്മയമാണ്!

ഖാദിയാന്റെ സചിത്ര വിവരണമാണ് ഗ്രന്ഥകാരൻ നൽകുന്നത്. അതിവർണ്ണനകളോ അതിഭാവുകത്വമോ ഇല്ലാത്ത ചുരുക്കെഴുത്താണ് ആ വിവരണം. സംഗ്രഹീതമായ വിജ്ഞാനകോശഭാഷ ഈ പുസ്തകത്തിന് ഒരു ആധികാരിക ഭാവം നൽകുന്നു. മലയാളത്തോടൊപ്പം ഇംഗ്ലീഷിലുള്ള വിവരണങ്ങൾ പുസ്തകത്തിന് ദേശാതിർത്തികൾ ഭേദിച്ചുകൊണ്ടുള്ള വിപുലമായ ഒരു വായനാവൃത്തം സമ്മാനിക്കുമെന്നു പ്രതീക്ഷിക്കാം. ഉചിതമായ

*(ശേഷം പേജ് 42 ൽ)*

കുറിപ്പുകൾ

മുസാഫിർ

# ശാസ്ത്രവും ഇതിഹാസവും ഏറ്റുമുട്ടുമ്പോൾ

പല മതങ്ങളുടേയും മതപുരുഷന്മാർ ഇതിഹാസങ്ങളിലും, മിത്തുകളിലും, പുരാവൃത്തങ്ങളിലും മാത്രം പ്രതിപാദിക്കപ്പെട്ടവരാണ്. താരതമ്യേന സമീപകാലത്ത് ജീവിച്ച മുഹമ്മദ് നബി(സ) മാത്രമാണ് ഇതിഹാസ പരിവേഷങ്ങളിൽ നിന്നും പൂർണ്ണമായും ഒഴിഞ്ഞു നിൽക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകളും സംഭവങ്ങളും മാത്രമല്ല അത് നിവേദനം ചെയ്തവരുടെ ചരിത്രവും ഉള്ളടക്കത്തിലെ യുക്തിപരതയും പരിശോധിച്ചു സത്യസന്ധതയും ആധികാരികതയും ഉറപ്പ് വരുത്തിയതിന് ശേഷമേ അത് ഇസ്‌ലാമിൽ പ്രമാണമായി സ്വീകരിക്കപ്പെടുകയുള്ളൂ. എന്നിട്ടും റസൂൽ തിരുമേനി(സ)യെക്കുറിച്ച് ഇതിഹാസ രൂപത്തിലുള്ള കഥനങ്ങളും അമാനുഷികവും അയുക്തികവുമായ വർണ്ണനകളും ഇല്ലാതില്ല. റസൂൽ തിരുമേനി(സ) മതപുരുഷനും അതേസമയം ചരിത്രപുരുഷനുമാണ്. ഇത്തരത്തിലുള്ള രചനാരീതികളുടെ അഭാവമുള്ളതുകൊണ്ടു മറ്റുമതങ്ങളിലെ മതപുരുഷന്മാരുടെ ചരിത്രമോ അസ്തിത്വമോ നിഷധിക്കുന്നത് അയുക്തികവും അനുചിതവുമാണ്. ആദം, നോഹ, എബ്രഹാം, യേശു മുതലായ സെമിറ്റിക് മതങ്ങളിൽ പ്രതിപാദിക്കപ്പെട്ട മതപുരുഷന്മാരുടേയും ഭാരതത്തിലെ ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ മുതലായ പുണ്യാത്മാക്കളുടേയും ജീവിതസംഭവങ്ങൾ ഇത്തരത്തിലുള്ള ഒരു രചനാരീതിയിലല്ല ആവിഷ്കൃതമായത്. ജീവചരിത്ര സാഹിത്യകലയോ, ജീവചരിത്രകാരന്മാരോ അക്കാദമികളോ ഇല്ലാതിരുന്ന ആദിപുരാണകാലങ്ങളിൽ അശിക്ഷിതരായ ജനങ്ങൾ അവരുടെ രീതിയിലും സമ്പ്രദായത്തിലും, തങ്ങളുടെ ജീവിതത്തെ അഗാധമായി സ്വാധീനിച്ച ഈ പുണ്യാത്മാക്കളുടെ ചരിതങ്ങൾ വാമൊഴി പാരമ്പര്യത്തിൽ തലമുറതലമുറയായി കൈമാറുകയാണുണ്ടായത്. ഈ വാമൊഴി പാരമ്പര്യത്തിൽ സർഗ്ഗധനരും, ഭാവനാസമ്പന്നരുമായ പ്രതിഭാശാലികളും പങ്കുകൊണ്ടു. ഉരുളുമ്പോൾ പെരുകി വരുന്ന മഞ്ഞുഗോളം പോലെ പുണ്യാത്മാക്കളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഈ പുരാവൃത്തങ്ങളാണ് പിൽക്കാലത്ത് ഇതിഹാസകാവ്യങ്ങളായി രൂപംകൊള്ളുന്നത്. യാതൊരു എഡിറ്റിങ്ങിനൊ സംശോധനകൾക്കോ വിധേയമാകാതെ സ്വഛന്ദം വളർന്നു വികസിച്ച ഇതിഹാസങ്ങൾ മതപുരുഷന്മാരുടെ ചരിതങ്ങളാണ്. ചരിത്രമല്ല. ഭാരതത്തിൽ നമുക്ക് ലഭിച്ച അഭിമാനാർഹമായ അത്തരത്തിലുള്ള രണ്ട് ഇതിഹാസകാവ്യങ്ങളാണ് രാമായണവും മഹാഭാരതവും.


മതപുരുഷന്മാരുടെ അപദാനങ്ങളും, സ്തുതികളും, വീരകഥകളും, ദൈവത്തിന്റെ അവതാരം എന്ന നിലക്കുള്ള അമാനുഷിക പ്രവർത്തനങ്ങളും, അതിവർണ്ണനകളും, അത്യുക്തികളും അതിൽ കാണാം. ഉപമാകഥകൾ, ഗുണപാഠകഥകൾ, പ്രതീകങ്ങൾ, സൂചിതകഥകൾ, ഗൂഢാർത്ഥ പ്രതീകങ്ങൾ, നന്മയുടെ വിജയം മുതലായ സങ്കേതങ്ങൾ ഉപയോഗിച്ചാണ് ഇതിഹാസങ്ങളിലെ മിക്ക കഥകളും രചിച്ചിട്ടുള്ളത്. അതിൽ മതപുരുഷന്മാർ കഥാപാത്രങ്ങളായുണ്ടെങ്കിലും മതഗ്രന്ഥങ്ങൾ എന്നതിനേക്കാൾ സാഹിത്യകൃതികൾ എന്ന നിലക്കാണ് അതിന്റെ രൂപഘടനയും മൂല്യവും വിലയിരുത്തപ്പെടേണ്ടത്. അവ വിജ്ഞാനസാഹിത്യം പോലെ വസ്തുതാകഥനമോ ചരിത്രവിവരണമോ അല്ല. ജനകോടികളുടെ ജീവിതത്തേയും വിശ്വാസത്തേയും ഗണ്യമായി സ്വാധീനിക്കുകയും അവരുടെ ധാർമ്മികവും അദ്ധ്യാത്മികവുമായ ജീവിതത്തിന് പ്രചോദനമായി തീരുകയും ചെയ്തവരാണ് ഇതിഹാസരൂപികളായ ഇത്തരം മതപുരുഷന്മാർ. അവർ ചരിത്രത്തിൽ ജീവിച്ചിരുന്നവരാണ്. അവരെ ച്ചുറ്റിപ്പറ്റി പിന്നീടാണ് ഇതിഹാസങ്ങൾ രൂപംകൊണ്ടത്. സർഗ്ഗഭാവനയുടെ മാസ്മരപ്രപഞ്ചമായ ഇതിഹാസവർണനകളിലെ അശാസ്ത്രീയതും അയുക്തികതയും കാരണം അത്തരം മതപുരുഷന്മാർ ജീവിച്ചിരുന്നിട്ടില്ല, അവർ വെറും ഭാവനാസൃഷ്ടികളാണ് എന്ന് അക്കാദമിക് ചരിത്രം പറയുന്നുവെങ്കിൽ അത് മതമൗലികവാദം പോലെയുള്ള ശാസ്ത്ര മൗലികവാദമാണ്. ശ്രീരാമനേയും ശ്രീകൃഷ്ണ നേയും പോലെയുള്ള പുണ്യാത്മാക്കൾ യാഥാർത്ഥ്യത്തിന്റെ അംശമില്ലാത്ത കവികളുടെ വെറും ഭാവനാസൃഷ്ടിയാണെങ്കിൽ അത്തരം കഥാപാത്രങ്ങൾക്ക് മനുഷ്യജീവിതത്തെ ഇത്രമാത്രം ചലനം കൊള്ളിക്കാൻ സാധ്യമല്ല എന്നത് ഒരു അനുഭവയാഥാർത്ഥ്യമാണ്.

ഇതിഹാസങ്ങൾക്കകത്ത് ആയിരം തിരസ്കരണികൾക്കുള്ളിൽ നേരിയ രജതരേഖപോലെ കാണാൻ സാധിക്കുന്ന മതപുരുഷന്മാരുടെ യഥാർത്ഥചരിത്രം മറ്റൊരു രീതിയിൽ ചരിത്രപണ്ഡിതന്മാർ വായിച്ചെടുക്കുകയാണ് വേണ്ടത്. വൈക്കോൽ കൂന

യിൽ സൂചി തിരയുന്ന അവധാനതയോടെയും യുക്തിയിലധിഷ്ഠിതവുമായ ത്യാജ്യഗ്രാഹ്യബോധത്തോടെയുമായിരിക്കണം ചരിത്രകാരന്മാർ ഇതിഹാസങ്ങളെ സമീപിക്കേണ്ടത്. അത്യന്തം ശ്രമകരമാണ് ഈ ജോലി. അല്ലാതെ ഇതിഹാസങ്ങളിലെ സ്ഥൂല വർണ്ണനകൾ നോക്കി അത് ശാസ്ത്രത്തിനും യുക്തിക്കും നിരക്കുന്നതല്ല എന്നും അങ്ങനെയൊരാൾ ജീവിച്ചിരിക്കുന്നില്ല എന്നും യുക്തിവാദികളുടെ മട്ടിൽ ചരിത്രകാരന്മാർ സംസാരിക്കുന്നത് ശരിയല്ല. പൂർവ്വതലമുറ നമുക്ക് സമ്മാനിച്ച ഇതിഹാസകാവ്യങ്ങൾ ചരിത്രത്തിന്റെ അനർഘമായ നിധികുംഭങ്ങൾ സൂക്ഷിക്കപ്പെട്ട ഒരു ഖനനമേഖലയാണ്. നിധിവേട്ടക്കാരനെപോലെ ചരിത്രകാരൻ അത് കണ്ടെത്തി മിത്തുകളിലെ ചരിത്രാംശത്തെ പ്രകാശിപ്പിക്കുകയാണ് വേണ്ടത്.

കേന്ദ്രസർക്കാറിന്റെ സേതുസമുദ്രം പദ്ധതിയോടനുബന്ധിച്ചുണ്ടായ വിവാദമാണ് ഇത്രയും എഴുതാൻ കാരണം. തമിഴ്നാടിന്റെ തീരക്കടലിൽ കേന്ദ്രസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന കപ്പൽ ചാനൽ പ്രൊജക്ട് ആണ് സേതുസമുദ്രം. ചരിത്രവും ഇതിഹാസവും ഇവിടെ കൊമ്പുകോർക്കുകയാണ്. തമിഴ്നാട്ടിലെ രാമേശ്വരത്തിനടുത്ത് ശ്രീലങ്കയുമായി ബന്ധിപ്പിക്കുന്ന ധനുഷ്ക്കോടി മുനമ്പിനും ശ്രീലങ്കക്കും മദ്ധ്യേയുള്ള കടലിൽ ഒരു മണൽതിട്ടയുള്ളതിനാൽ പടിഞ്ഞാറ് അറബിക്കടലിൽ നിന്നും ബംഗാൾ ഉൾക്കടലിലേക്കും തിരിച്ചും പോകുന്ന കപ്പലുകൾ ശ്രീലങ്ക ചുറ്റിയാണ് സഞ്ചരിക്കുന്നത്. കടലിൽ 167 കിലോമീറ്റർ നീളമുള്ള കപ്പൽ ചാനൽ നിർമ്മി ക്കാൻ ഈ മണൽതിട്ട 300 മീറ്റർ പൊളിച്ച് മാറ്റേണ്ടതുണ്ട്. ഇത് യാഥാർത്ഥ്യമായാൽ 780 കിലോമീറ്റർ ദൂരവും 30 മണിക്കൂർ സമയവും കപ്പലുകൾക്ക് ലാഭിക്കാം. നൂറ് വർഷം മുമ്പ് ബ്രിട്ടീഷുകാർ രൂപം കൊടുത്ത ഈ പരിപാടി പല കാരണങ്ങളാലും നടപ്പാക്കാതെ പോകുകയാണുണ്ടായത്. 1998ൽ അന്നത്തെ പ്രധാനമന്ത്രി ശ്രീ അടൽ ബിഹാരി വാജ്പേയി തുടക്കം കുറിക്കുകയും 2005ൽ പ്രധാനമന്ത്രി ശ്രീ മൻമോഹൻ സിങ്ങ് ഉദ്ഘാടനം ചെയ്യുകയും ചെയ്ത കപ്പൽ ചാനലിന്റെ നിർമ്മാണപ്രവർത്തനം പുരോഗമിച്ചു വരികയാണ്.

സർക്കാരിന്റെ ഈ വികസനപദ്ധതിക്കെതിരെ ജനതാപാർട്ടി നേതാവ് ശ്രീ. സുബ്രഹ്മണ്യ സ്വാമി സുപ്രീംകോടതിയിൽ കൊടുത്ത റിട്ടിനെ തുടർന്നുള്ള നടപടികളാണ് ഇപ്പോൾ വിവാദമായി തീർന്നിട്ടുള്ളത്. ഗവൺമെന്റ് പൊളിച്ചുനീക്കുന്ന മണൽതിട്ട ഇതിഹാസപുരുഷനായ ശ്രീരാമന്റെ വാനരപ്പട ലങ്കയിലേക്ക് പണിത പാലത്തിന്റെ അവശിഷ്ടമാണെന്നും പുരാവസ്തു സംരക്ഷണനിയമപ്രകാരം അത് സംരക്ഷിക്കപ്പെടണമെന്നുമാണ് സ്വാമിയുടെ വാദം. ആദംസ് ബ്രിഡ്ജ് (ആദം നബി സിലോണിലാണ് ജീവിച്ചത് എന്ന വിശ്വാസത്തിൽ നിന്നും ജനിച്ചത്) എന്നും അറിയപ്പെടുന്ന ഈ മണൽതിട്ട മനുഷ്യനിർമ്മിതമാണോ എന്ന് പരിശോധിച്ച് ഒരു സത്യവാങ്മൂലം സമർപ്പിക്കാൻ കോടതി സർക്കാരിനോട് ആവശ്യപ്പെടുകയും സർക്കാർ ഇന്ത്യൻ പുരാവസ്തു വകുപ്പിനെ അക്കാര്യം ഏല്പിക്കുകയും ചെയ്തു. പുരാവസ്തു വകുപ്പു നൽകിയ അഫിഡവിറ്റിൽ 20-ാമത്തെ ഖണ്ഡികയാണ് വിവാദത്തിന്റെ കേന്ദ്രബിന്ദു.




*'പൗരാണിക ഇന്ത്യൻ സാഹിത്യത്തിന്റെ പ്രധാനപ്പെട്ട ഭാഗമായി കണക്കാക്കപ്പെടുന്ന വാത്മീകി രാമായണത്തിന്റേയും തുളസീദാസിന്റെ രാമചരിതമാനസിന്റേയും മറ്റു പുരാണകൃതികളുടേയും ഉള്ളടക്കത്തിൽ പ്രധാനമായും വിശ്വാസമർപ്പിച്ചുകൊണ്ടാണ് പരാതിക്കാർ പരിഹാരം ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ അതിലെ കഥാപാത്രങ്ങളുടെ അസ്തിത്വമോ ആ കഥയിൽ പറഞ്ഞിരിക്കുന്ന സംഭവങ്ങൾ നടന്നതോ ആയി അവിതർക്കിതമായി തെളിയിക്കാനാകുന്ന ചരിത്രപരമായ രേഖയായി അതിനെ കണക്കാക്കാനാവില്ല.'*

നാസ(NASA)യുടെ ഉപഗ്രഹ ഫോട്ടോയും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ പഠനത്തിന്റേയും മറ്റു ഭൂമിശാസ്ത്രപരമായ തെളിവുകളുടേയും അടിസ്ഥാനത്തിൽ കടലിന്നടിയിൽ രൂപംകൊണ്ട ഈ മണൽതിട്ട മനുഷ്യനിർമ്മിതമല്ല എന്ന ഖണ്ഡിതമായ തീരുമാനത്തിലാണ് ഇന്ത്യൻ പുരാവസ്തു വകുപ്പ് എത്തിച്ചേർന്നത്. രാമസേതു അഥവാ ആഡംസ് ബ്രിഡ്ജ് പൊളിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച സത്യവാങ്മൂലത്തിൽ ശ്രീരാമന്റെ അസ്തിത്വത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള പുരാവസ്തു വകുപ്പിന്റെ പരാമർശം സംഘ്പരിവാറിൽ നിന്നുള്ള വമ്പിച്ച പ്രതിഷേധത്തിന് കാരണമായി. ഇതോടെ യു.പി.എ. സർക്കാർ സത്യവാങ്മൂലം കോടതിയിൽ നിന്ന് പിൻവലിക്കുകയും പുരാവസ്തുശാസ്ത്രവകുപ്പ് ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിരിക്കയാണ്.

മതവികാരങ്ങൾ കുത്തിപ്പൊക്കി വർഗ്ഗീയ രാഷ്ട്രീയം കളിക്കാൻ തക്കം പാർത്തുകഴിയുന്ന സംഘ്പരിവാർ രാഷ്ട്രീയത്തിന് കോൺഗ്രസ്സിന്റെ ഈ നടപടി നല്ലൊരായുധമാണ് നൽകിയത്. അവർ സേതുസമുദ്രം പദ്ധതിക്കെതിരേയും ശ്രീരാമന്റെ അസ്തിത്വം നിഷേധിച്ചതിനെതിരേയും തിരഞ്ഞെടുപ്പ് മുമ്പിൽ കണ്ടുകൊണ്ട് വമ്പിച്ച പ്രക്ഷോഭണത്തിന്നൊരുങ്ങുകയാണ്.

വാജ്പേയി സർക്കാറാണ് ഇതിന് തുടക്കം കുറിച്ചതെന്ന കാര്യം പോലും അവർ മറച്ചുപിടിക്കുന്നു.

പുരാവസ്തു വകുപ്പിന് അവർക്ക് ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ വസ്തുതകൾ പറയാനൊക്കൂ. അതാണ് ശാസ്ത്രീയ പഠനത്തിന്റെ രീതി. പക്ഷേ, ഇതിഹാസങ്ങളെപ്പറ്റി പഠിച്ച് അന്തിമവിധി പ്രസ്താവം നടത്തുവാനുള്ള തങ്ങളുടെ പരിമിതികൾ പുരാവസ്തു വകുപ്പ് മനസ്സിലാക്കാതെ, തങ്ങൾ കണ്ടെത്തിയത് മാത്രമാണ് ശരി എന്ന നിലപാട് അംഗീകരിക്കാൻ സാധ്യമല്ല. അത്യ ന്തം വികാരനിർഭരമായ ഇത്തരം വിഷയങ്ങളിൽ വളരെ കരുതലോടെയുള്ള ഭാഷാ പ്രയോഗങ്ങളായിരിക്കണം ആധികാരിക സ്ഥാപനങ്ങൾ നടത്തേണ്ടത്. അക്കാദമിക് ചരിത്രവും മതവിശ്വാസവും തമ്മിലുള്ള ഈ സംഘർഷം മുതലെടുക്കാനുള്ള ബി.ജെ.പി. ശ്രമം അപലപനീയമാണ്. ഇതിലടങ്ങിയ മൗലികമായ പ്രശ്നം ശ്രീരാമനെ ഇതിഹാസമുക്തനാക്കിക്കൊണ്ടുള്ള സമഗ്രമായ ഒരു അക്കാദമിക്ക് ചരിത്രം ഉയർന്നു വരണമെന്നുള്ളതാണ്. അതിബൃഹത്തായ ഒരു ശാസ്ത്രീയ ഗവേഷണസപര്യക്ക് ഇത് യാഥാർത്ഥ്യമാക്കാൻ സാധിക്കും. മിത്തും ചരിത്രവും കൂടിക്കുഴഞ്ഞുള്ള രീതി മതവിശ്വാസത്തെ മലിനമാക്കുകയും നാട്ടിൽ സംഘർഷം വളർത്തുകയും ചെയ്യും.

രാമകഥ വാത്മീകി രാമായണത്തിൽ പറഞ്ഞത് മാത്രമാണ് ശരി എന്ന സംഘ്പരിവാർ നിലപാട് അംഗീകരിക്കാനാവില്ല. തുളസിദാസിന്റെ 'രാമചരിതമാനസ്' (തുളസി രാമായണം) തമിഴ് മഹാകവി കമ്പർ എഴുതിയ 'കമ്പരാമായണം' ബുദ്ധന്മാരുടെ 'ജാതകകഥ' എന്നീ സാഹ്യത്യകൃതികളിൽ പറഞ്ഞ രാമകഥകൾ തമ്മിൽ ഉള്ളടക്കത്തിലും വിശദാംശങ്ങളിലും വ്യത്യാസങ്ങളുണ്ട്. മലയാളത്തിലുണ്ടായ രാമകഥാകാവ്യങ്ങളായ രാമചരിതം, കണ്ണശ്ശരാമായണം, അദ്ധ്യാത്മ രാമായണം എന്നിവയിലും വ്യത്യാസങ്ങളുണ്ട്. ഇത് കൂടാതെ ഭാരതത്തിലെ മിക്ക ഭാഷകളിലുമുള്ള നാടോടി പാരമ്പര്യത്തിലും രാമകഥയുടെ പലവിധത്തിലുള്ള പാഠഭേദങ്ങളുമുണ്ടെന്ന് പണ്ഡിതന്മാർ പറയുന്നു. പൗരാണിക ഭാരതചരിത്രത്തിൽ പണ്ഡിതയായ റോമിലാ ഥാപ്പറിനെപ്പോലെയുള്ളവർ രാമായണത്തിലെ ശ്രീലങ്ക എവിടെയാണ് എന്നതിനെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ തർക്കങ്ങളുള്ളതായി പറയുന്നു. അത് വിന്ധ്യയിലോ, ചോട്ടാ നാഗ്പൂരിലോ, മഹാനദിയുടെ ഡൽറ്റയിലോ ആകാം. മാത്രമല്ല, ഇപ്പോഴത്തെ ശ്രീലങ്കയുടെ പഴയ പേർ സിലോൺ എന്നാണല്ലോ. മൗര്യ ഭരണകാലത്തും അതിനുശേഷവും ഭാരതീയ-ലാറ്റിൻ-ഗ്രീക്ക് സാഹിത്യങ്ങളിലെ പരാമർശങ്ങളിലും അശോകന്റെ (ബി.സി. മൂന്നാം നൂറ്റാണ്ട്) ശിലാശാസനങ്ങളിലും ഇന്ന ത്തെ ശ്രീലങ്ക 'താമ്രപർണി' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പിന്നീട് അത് 'സിൻഹള' എന്നും 'സിൻഹള ദ്വീപ്' എന്നുമായി മാറി. ഇതിൽ നിന്നാണ് 'സിലോൺ' എന്ന നാമം നിഷ്പന്നമായത്. സിലോൺ ഈയടുത്താണ് ശ്രീലങ്കയെന്ന് നാമകരണം ചെയ്യപ്പെട്ടത്. വാത്മീകി രാമായണമെഴുതുമ്പോൾ ഇപ്പോഴത്തെ ശ്രീലങ്കയുടെ നാമം അതല്ലായിരുന്നുവെന്ന് വ്യക്തം. (The Hindu Sept. 15).

ഏതായാലും നാടിന്റെ വികസന പ്രവർത്തനങ്ങൾക്കും സമാധാനജീവിതത്തിനും ഭംഗം വരുത്തുവാൻ ഭാരതീയരുടെ ഹൃദയം കവർന്ന ആദർശവാനും പുണ്യാത്മാവുമായ ശ്രീരാമന്റെ നാമം ദുരുപയോഗം ചെയ്യുന്നത് ശരിയല്ല. ഭരണകൂടത്തിന് സ്വസ്ഥത ലഭിക്കാൻ സിംഹാസനമുപേക്ഷിച്ച ജനക്ഷേമതല്പരനായ ശ്രീരാമന്റെ പേരിൽ രാജ്യത്തിന് വമ്പിച്ച വികസനം വാഗ്ദാനം ചെയ്യുന്ന സേതുസമുദ്രം പദ്ധതി തടയുന്നത് ഒരിക്കലും നീതികരിക്കാനാവില്ല. ●

---

*(24-ാം പേജിൽ നിന്ന് തുടർച്ച)*

മിക്കയും, ആ കമ്മീഷന്റെ വിധിയനുസരിച്ച് അദ്ദേഹത്തിനു ഗവൺ മെൻറ് നൽകിയിരുന്ന പദവികളെല്ലാം പിൻവലിക്കുകയും ചെയ്തു. രാജ്യദ്രോഹക്കുറ്റമാണ് അദ്ദേഹത്തിനെതിരേ ചുമത്തപ്പെട്ടത്. ഇതിനായി ശിക്ഷിക്കപ്പെടുക ഏറ്റവും അപമാനകരമെന്നു കരുതപ്പെട്ടിരുന്ന ഒരു കാലമായിരുന്നു അത്.


തനിക്കുണ്ടായ ഈ പതനം, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയെ വെറുപ്പിച്ചതുകൊണ്ടുണ്ടായതാണെന്ന് അദ്ദേഹത്തിനു വ്യക്തമായി. ഈ കുറ്റബോധം അദ്ദേഹത്തെ വേട്ടയാടിയപ്പോൾ, തന്നോടു ക്ഷമിക്കണമെന്നും, തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് അദ്ദേഹം ഹദ്റത്ത് അഹ്മദിനു കത്തയച്ചു. മൗലവി മുഹമ്മദ് ഹുസൈനൻ ബട്ടാലവി വരെ ഇതിനായി ഹദ്റത്ത് അഹ്മദിന്റെ അടുക്കലേയ്ക്ക് ശുപാർശയുമായി ആളയക്കുകയുണ്ടായി. അങ്ങനെ ചെന്ന ഒരാളോട് ഹദ്റത്ത് അഹ്മദ് ഇങ്ങനെ പറഞ്ഞു:

“നവാബ് സാഹിബ് അല്ലാഹുവിന്റെ തൃപ്തിക്കെതിരിൽ സർക്കാരിന്റെ തൃപ്തി നേടാനല്ലേ ആഗ്രഹിച്ചത്? അതുതന്നെ നടക്കട്ടെ, ഗവൺമെന്റിന്റെ പ്രീതി നേടിക്കൊള്ളട്ടെ.....” ആ ദൂതൻ പിന്മാറാൻ തയ്യാറായില്ല. അയാൾ വളരെ താണുകേണപേക്ഷിച്ചു. സദയം ക്ഷമിച്ചുമാപ്പാക്കണമെന്നും, നവാബ് സാഹിബിനനുകൂലമായ ഉത്തരം കിട്ടിയാലേ താൻ തിരികെ പോകുകയുള്ളൂവെന്നും, വീണ്ടും വീണ്ടും അപേക്ഷിച്ചു.

നീണ്ട അഞ്ചു വർഷക്കാലം ബ്രിട്ടീഷ് സർക്കാറുമായുള്ള കേസിന്റെ നൂലാമാലകളുമായി നവാബ് സാഹിബ് കെട്ടിമറിഞ്ഞു. ഒടുവിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ പ്രാർത്ഥനാഫലമായി നവാബ് സാഹിബിനു നഷ്ടപ്പെട്ട സ്ഥാനമാനങ്ങൾ തിരികെ കിട്ടി. എന്നാൽ, ആ വിധിയുടെ സൽഫലങ്ങൾ ആസ്വദിക്കാനിടവരാതെ, അദ്ദേഹം ഇഹലോകവാസം വെടിയുകയാണുണ്ടായത്. (തുടരും) ●

അനുസ്മരണം

# എസ്.വി സൈനുദ്ദീൻ സാഹിബ്



പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്തിന്റെ പോയകാല പ്രസിഡണ്ട്മാരിലൊരാളും മുൻ കേരള രജിസ്ട്രേഷൻ ഐ.ജിയുമായിരുന്ന ജനാബ് എസ്.വി. സൈനുദ്ദീൻ സാഹിബ് സപ്തംബർ 12ന് തില്ലേരിയിലെ ഭവനത്തിൽ വെച്ച് നിര്യാതനായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.

പഴയങ്ങാടി സ്വദേശിയായ സൈനുദ്ദീൻ സാഹിബ് അവിടുത്തെ ആദ്യകാല അഹ്മദികളിൽ പെട്ട മർഹൂം പി.വി മദാർ അബ്ദുല്ലാ സാഹിബിന്റേയും സീരെവളപ്പിൽ ഖദിയ ഉമ്മ സാഹിബയുടേയും മകനായി 1919ലാണ് ജനിച്ചത്. പ്രാഥമിക പഠനം പഴയങ്ങാടിയിലും ഹൈസ്കൂൾ വിദ്യാഭ്യാസം ചെറുകുന്നിലുമായിരുന്നു. തുടർന്ന് മംഗലാപുരം, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ഉപരിപഠനം നടത്തി. പഴയങ്ങാടി രജിസ്ട്രാറായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം പദവികളുടെ കൽപ്പടവുകൾ കയറി രജിസ്ട്രേഷൻ ഐ.ജിയായി തിരുവനന്തപുരത്തു വെച്ച് വിരമിച്ചു.

വിശുദ്ധ ഖുർആൻ ധാരാളമായി മനഃപാഠമാക്കിയ ഭാഗ്യശാലിയായിരുന്നു അദ്ദേഹം. ഖുർആന്റെ പദാനുപദം അർത്ഥം അദ്ദേഹത്തിനറിയാമായിരുന്നു. അതീവ ഹൃദ്യമായി ഖുർആൻ ഓതാനും അദ്ദേഹത്തിന് സാധിച്ചിരുന്നു. കേരളത്തിന്റെ മതസാഹിത്യ രംഗത്ത് മനസ്സിനെ തട്ടിയുണർത്തുന്ന ഗീതങ്ങൾ അദ്ദേഹം സംഭാവന ചെയ്തു. ജീവിതത്തിന്റെ ത്രിമാനങ്ങൾ അദ്ദേഹത്തിന് സൗരഭ്യമായി; ഔദ്യോഗിക രംഗത്തെ ഉന്നത പദവി, മതരംഗത്തെ നിസ്വാർത്ഥ സേവനം, സാഹിത്യരംഗത്തെ പ്രതിഭ: സർഗ്ഗഭാവനയുടെ വർണ്ണവാക്കുകൾ സൃഷ്ടിച്ച എഴുത്തുകാരനായിരുന്നു അദ്ദേഹം. മൗലിക പ്രതിഭയുടെ താരസ്വരം എന്നു വിശേഷിപ്പിക്കാവുന്ന 'ജ്ഞാനാമൃതം' അദ്ദേഹത്തിലൂടെ കവിതയായി ഒഴുകി. അദ്ദേഹത്തിന്റെ കഥകൾ വിസ്മയങ്ങളുടെ വിളനിലങ്ങളായിരുന്നു. സൈന്തവൻ എന്ന തൂലികനാമത്തിൽ നർമ്മഭാവനകൾ കേരളം പരിചയപ്പെട്ടു. ബി.എസ്സിന്റെ നായാട്ടുകഥകൾ, സമ്മാനക്കഥകൾ, മത്സരക്കഥകൾ എന്നിവയ്ക്കു പുറമെ ആദ്യരാവിൽ (കവിതാസമാഹാരം), തകർന്ന താരങ്ങൾ (നാടകം) തുടങ്ങിയവയും അദ്ദേഹം രചിച്ചു. പ്രസിദ്ധ മലയാള കഥാകൃത്തായ സന്തോഷ് എച്ചിക്കാനം സൈന്തവനെക്കുറിച്ച് എഴുതിയത് ഓർക്കുന്നു: "രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്ന് 1976ൽ ഐ.ജിയായി വിരമിച്ച ആ പഴയ സാഹിത്യകാരനെ തിരിച്ചറിയുമ്പോൾ നാം വിസ്മയ ഭരിതരാവുന്നു. ഭാഷാനൈപുണ്യംകൊണ്ടും സ്വാഭാവിക നർമ്മംകൊണ്ടും കേസരി നായനാർക്കും സഞ്ജയനും ഇതാ അറിയപ്പെടാത്ത പിൻഗാമി".

സത്യദൂതന്റെ ഉന്നമനത്തിനു വേണ്ടി ധനം കൊണ്ടും ദേഹം കൊണ്ടും അദ്ദേഹം സഹായങ്ങളർപ്പിച്ചു. കണ്ണൂർ ടൗണിൽ അഹ്മദികൾക്ക് കൂട്ടായ നമസ്കാരത്തിന് സൗകര്യം ഏർപ്പെടുത്തിയത് അദ്ദേഹമായിരുന്നു. പഴയങ്ങാടി ജമാഅത്തിന്റെ സാരഥിയായി തിളക്കമാർന്ന പ്രവർത്തനം കാഴ്ചവയ്ക്കാനും അദ്ദേഹത്തിന് സാധിച്ചു. യുവാക്കൾക്ക് അദ്ദേഹം നൽകിയ പ്രോത്സാഹനം ശ്രദ്ധേയമായിരുന്നു. പഴയങ്ങാടിയിലെ മദ്രസ്സാ ബിൽഡിംഗ് അദ്ദേഹത്തിന്റെ ശ്രമഫലമായി രൂപപ്പെട്ടതാണ്.

പ്രഗത്ഭനായ ഒരു പ്രഭാഷകൻ കൂടിയായിരുന്നു സൈനുദ്ദീൻ സാഹിബ്. ഇസ്ലാമിക ചരിത്രത്തിന്റെ വിശുദ്ധിയും സൗന്ദര്യവും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിൽ ഇതൾവിരിയുന്നു. നബിതിരുമേനിയുടെ ജീവിതത്തിലെ നിർണ്ണായക സന്ദർഭങ്ങളിലൂടെ അദ്ദേഹം നടത്തിയ യാത്ര പ്രഭാഷണ കലയുടെ നക്ഷത്ര തിളക്കങ്ങളായി ത്തീർന്നു. വളരെ വിശാലമായി ചിന്തിക്കുകയും എളിമയാർന്ന ജീവിതം നയിക്കുകയും ചെയ്ത അദ്ദേഹം അനേകരെ സ്വകാര്യമായി സഹായിക്കുകയും ആർക്കും ഉപദ്രവമില്ലാതെ ജീവിക്കാൻ ആഗ്രഹിക്കുകയും ചെയ്തു. ഒടുവിലൊടുവിൽ മൗനത്തിന്റെ വാത്മീകത്തിൽ സ്വന്തം ജീവിതത്തെ അർപ്പിക്കുമ്പോഴും എല്ലാ നന്മയോടെയും ലോകത്തോട് വിടവാങ്ങാൻ കഴിയണമെന്നദ്ദേഹം ആഗ്രഹിച്ചു. സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തിന് സ്വർഗ്ഗീയ ജീവിതം പ്രദാനം

ചെയ്യുമാറാവട്ടെ. ആമീൻ.

പഴയങ്ങാടി ജമാഅത്തിന്റെ മുൻ പ്രസിഡണ്ടായിരുന്ന എം. സൈനുദ്ദീൻ സാഹിബിന്റെ മകൾ ബി. സഫിയാബി സാഹിബയാണ് അദ്ദേഹത്തിന്റെ ഭാര്യ. ജനാബ്മാർ സിയാവുദ്ദീൻ, സിറാജുദ്ദീൻ, ശിഹാബുദ്ദീൻ, സൈനബാ ജാസ്മിൻ എന്നിവരാണ് മക്കൾ. കണ്ണൂർ സിറ്റിസെന്റർ ചെയർമാനും പ്രമുഖ വ്യവസായിയുമായ അബ്ദുല്ലാ സുബൈർ അദ്ദേഹത്തിന്റെ മരുമകനാണ്. ആരിഫ, ഹസീന, ആബിദ എന്നിവരാണ് മറ്റു മരുമക്കൾ.

**പ്രൊ: മഹ്മൂദ് അഹ്മദ്**

## ടി.കെ. അജീഷ്


കരുളായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ അംഗവും ടി.കെ. മുഹമ്മദ് റശീദിന്റെ മകനുമായ ടി.കെ. അജീഷ് ജൂലായ് 4-ന് വാഹനാപകടത്തിൽ മരിച്ചു. (ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ)

ഭാര്യ: ശീന മണ്ണാർക്കാട്, മകൾ അനീന 4 വയസ്സ്.

കൊടിയത്തൂർ ജമാഅത്തിലെ ആദ്യകാല അഹ് മദിയും പ്രസിഡണ്ടുമായിരുന്ന മർഹൂം ഉണ്ണിമോയിൻ അധികാരിയുടെ മകൾ സാജിതയാണ് മാതാവ്. കരുളായ് ജമാഅത്തിലെ സ്ഥാപക പ്രസിഡണ്ടായിരുന്ന മർഹൂം ജ. ടി.കെ. കുഞ്ഞാലൻ ഹാജി സാഹിബിന്റെ പൗത്രനുമാണ് പരേതൻ.


പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ. ആമീൻ

**ടി.കെ. മുഹമ്മദ് (കുഞ്ഞു)**
**കരുളായ്**




**12-8-2007ന് മജ്‌ലിസ് അൻസാറുല്ലാഹ് മലപ്പുറം മേഖലാ ഇജ്തിമ മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ചീഫ് മിഷനറി മൗലവി അയ്യൂബ് സാഹിബ്, സി.കെ. അബ്ദുൽ ഗഫൂർ സാഹിബ് എന്നിവരാണ് സമീപം.**

## എ.പി. അബ്ദുറഹീം സാഹിബ്



കണ്ണൂർ : മർഹൂം മൗലാനാ ബി അബ്ദുല്ലാസാഹിബ് എച്ച്. എ.യുടെ സീമന്ത പുത്രനും കണ്ണൂർ ടൗൺ ജമാഅത്ത് അംഗവുമായ ജനാബ് എ.പി. അബ്ദുറഹീം സാഹിബ് (80) ആഗസ്റ്റ് 10ന് ഉച്ചക്ക് 2 മണിക്ക് കണ്ണൂരിലെ സ്വഭവനത്തിൽവെച്ച് നിര്യാതനായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.

പഴയങ്ങാടിയിലെ മർഹൂമ എ. പി. സൈനബാസാഹിബയാണ് മാതാവ്.

മർഹൂം എ.പി.അബ്ദുറഹീം സാഹിബ് തന്റെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം രണ്ടുവർഷം ഖാദിയാനിലെ സ്കൂളിൽ പഠിച്ചു. ഉറുദു, ഇംഗ്ലീഷ് ഭാഷകൾ നന്നായി കൈകാര്യം ചെയ്യാൻ അറിയാമായിരുന്ന അദ്ദേഹം ദീർഘകാലം സൗദി അറേബ്യയിൽ ജോലി ചെയ്തു. മതവൈജ്ഞാനിക വിഷയങ്ങളിൽ പണ്ഡിതനായിരുന്നു. കണ്ണൂർ ടൗൺ ജമാഅത്തിന്റെ ആദ്യകാല വൈസ് പ്രസിഡന്റും സയീം അൻസാറുമായിരുന്നു. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

നയീമ, മർഹൂം ഫസൽ കരീം, നസീമ, നജ്മ, അബ്ദുല്ല (ദുബായ്) മക്കളാണ്. നൂറുദ്ദീൻ (കോഴിക്കോട്), പ്രൊഫ: ഹമീദ് കോയ (ലക്ഷദ്വീപ്), അബ്ദുൽ ഗഫൂർ (കണ്ണൂർ), റോസീന മരുമക്കളാണ്. മർഹൂമ സെക്കിയാബിയാണ് ഭാര്യ. ●

*(37-ാം പേജിൽ നിന്ന് തുടർച്ച)*

ആംഗിളുകളിൽ ഹൃദയത്തിന്റെ കണ്ണുകൾ കാണുന്നത് പോലെയുള്ള പുണ്യ ഖാദിയാനിലെ ദൃശ്യങ്ങൾ വായനക്ക് വർണ്ണവും വദനവും നൽകുന്നു. എല്ലാറ്റിനുമുപരിയായി ഖാദിയാനെപ്പറ്റി അറിയാനുള്ള ഒരു കൈപുസ്തകമായി ഇത് സൂക്ഷിച്ചുവെക്കാവുന്നതാണ്.

മനോഹരമായ ഹാർഡ് ബൈയിന്റിലുള്ള ഈ പുസ്തക ത്തിന്റെ വില 200 രൂപയാണ്. അതത്രയും ജീവകാരുണ്യപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതാണെന്ന് വിലയുടെ അടിഭാഗത്ത് തന്നെ പ്രസാദകർ രേഖപ്പെടുത്തിയിരിക്കുന്നു. ഖാദിയാന്റെ ഹൃദയദ്രവീകരണശേഷിക്കുദാഹരണമാണ് പ്രസാദകരുടെ ഈ ഔദാര്യം. എം. അബ്ദുറഹ്മാൻ സാഹിബും ഈ പുസ്തകം പ്രസിദ്ധീകരിച്ച സമയം പബ്ലിക്കേഷനും കൂടി മലയാളത്തിലും ഇംഗ്ലീഷിലുമുള്ള അഹ്മദിയ്യാ സാഹിത്യത്തിന് വലിയൊരു ഉപഹാരമാണ് സമ്മാനിച്ചിരിക്കുന്നത്. അല്ലാഹു തക്കതായ പ്രതിഫലം നൽകട്ടെ. ●